നം.കെ.എസ്.എ.പി.റ്റി.എ.പി 2-97/2017 തീയതി : 20-02-2017

പത്തനംതിട്ട ജില്ലയിലെ അടൂർ നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരള മുൻസിപ്പൽ ആക്ട് 56, 295, 565(1), (2) വകുപ്പുകൾ, എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

പത്തനംതിട്ട ജില്ലയിലെ അടൂർ നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 01.04.16 മുതൽ 31.12.16 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് എൻക്വയറികൾക്ക് ലഭിച്ച മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ. പി.പി. സുരേഷ് കുമാർ,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.01.2017 മുതൽ 31.01.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം | ശ്രീമതി പി.കെ.വിജയലക്ഷ്മി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീ. പ്രദീപ് കുമാർ. എൻ, ഓഡിറ്റ് ഓഫീസർ<br>ശ്രീ അരുൺ.പി.ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ ഹരികുമാർ.ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി രാജശ്രീ.സി.ആർ, ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| ചെയർമാൻ | ശ്രീ. ഉമ്മൻ തോമസ് | 01.04.2015മുതൽ 31.10.2015 വരെ |
| | ഭരണ നിർവ്വഹണ സമിതി | 01.11.2015 മുതൽ 17.11.2015 വരെ |
| | ഷൈനി ജോസ് | 18.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീമതി ഷെർളാ ബീഗം എസ്. | 01.04.2015 മുതൽ 31.03.2016 വരെ |

<u>റിപ്പോർട്ടിന്റെ ഉള്ളടക്കം</u>

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും നഗരസഭയുടെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

നഗരസഭയുടെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

<u>അനുബന്ധം</u>

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ് - 2015-16
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2015-16
4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2015-16

<u>ഉള്ളടക്കം</u>


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1 – പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |

| | | |
|---|---|---|
| 9 | ദുരിതാശ്വാസ നിധി | 1-9 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 12 | ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പാളിച്ചകൾ | 1-12 |
| | ഭാഗം 2 – വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 17 | ഷോപ്പിംഗ് കോംപ്ലക്സ് വാടക-കുടിശ്ശികത്തുക ഈടാക്കിയിട്ടില്ല | 2-1 |
| 18 | കടമുറികളുടെ ഡെപ്പോസിറ്റ് തുകയും വാടകയും ഒടുക്കുന്നില്ല | 2-2 |
| 19 | മാട്ടിറച്ചി ലേലം-ലേലത്തുകയിൽ വൻ കുറവ് | 2-3 |
| 20 | ലേലത്തുക കടിശ്ശിക ഈടാക്കിയിട്ടില്ല- | 2-4 |
| 21 | വസ്തുനികുതി പരിഷ്കരണം പൂർത്തീകരിച്ചിട്ടില്ല | |
| 22 | വിമുക്തഭടന്മാരെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കൽ-നടപടി സ്വീകരിച്ചിട്ടില്ല | 2-6 |
| 23 | ബി.എസ്.എൻ.എൽ കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കി | 2-7 |
| 24 | ബി.എസ്.എൻ.എൽ മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല | 2-8 |
| 25 | സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കി | 2-9 |
| 26 | കെ.എച്ച്.ആർ.ഡബ്ല്യു.എസ് പേ വാർഡുകളിൽ നിന്ന് വസ്തുനികുതി ഈടാക്കുന്നില്ല | 2-10 |
| 27 | വസ്തുനികുതി കടിശ്ശിക പെരുകുന്നു-പിരിച്ചെടുക്കുവാൻ നടപടിയില്ല | 2-11 |
| 28 | സേവന ഉപനികുതി ഈടാക്കുന്നില്ല | 2-12 |
| 29 | അനധികൃത നിർമ്മാണങ്ങളിൽ നിന്ന് വസ്തുനികുതി ഈടാക്കുന്നതിൽ അപാകത | 2-13 |
| 30 | അനധികൃത കെട്ടിടനിർമ്മാണം-രജിസ്റ്റർ പരിപാലിക്കുന്നതിൽ അപാകത | 2-14 |

| | | |
|---|---|---|
| 31 | ബിൽഡിംഗ് പെർമിറ്റ്-തുടർനടപടികൾ സ്വീകരിക്കുന്നില്ല | 2-15 |
| 32 | അംഗീകൃത ബൈലാ ഇല്ലാതെ പരസ്യനികുതി പിരിക്കുന്നു | 2-16 |
| 33 | വിനോദ നികുതിയോടൊപ്പമുള്ള സെസ്സ് ഈടാക്കി ഒടുക്ക് വരുത്തുന്നതിൽ വീഴ്ച | 2-17 |
| 34 | ഗ്രീൻ വാലി അമ്യൂസ്മെന്റ് പാർക്കിൽ നിന്നും വിനോദനികുതി ഈടാക്കുന്നില്ല. | 2-18 |
| 35 | അടൂർ ഫെസ്റ്റ് -വിനോദ നികുതി ഇനത്തിൽ ലഭിക്കേണ്ട യഥാർത്ഥ വരുമാനം ലഭിച്ചിട്ടില്ല | 2-19 |
| 36 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | 2-20 |
| 37 | സ്ഥാപന തൊഴിൽനികുതി ഈടാക്കുന്നില്ല | 2-21 |
| 38 | അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നതിൽ വൻ വീഴ്ച | 2-22 |
| | ഭാഗം 3 – ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 42 | കരാറുകാരിൽ നിന്നും വാറ്റ് ഈടാക്കിയതിൽ കുറവ് | 3-1 |
| 43 | റോഡിതര സംരക്ഷണ ഗ്രാന്റ് വിനിയോഗത്തിൽ വീഴ്ച | 3-2 |
| 44 | ടാറിന്റെ അധിക നിരക്ക് കണക്കാക്കിയതിൽ കുറവ് - കൺവീനർക്ക് തുക അധികം നൽകി | 3-3 |
| 45 | കരാർ പ്രവൃത്തികളിൽനിന്നും കാലി വീപ്പയുടെ വില കുറച്ചില്ല | 3-4 |
| 46 | നിരീക്ഷിത നിരക്കിന്റെയടിസ്ഥാനത്തിൽ പോട്ട്ഹോൾ ഫില്ലിംഗിന് അധിക പ്രതിഫലം നൽകിയത് അംഗീകരിക്കുന്നില്ല | 3-5 |
| 47 | അനുപൂരക പോഷകാഹാര പദ്ധതി-ചെലവ് രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു | 3-6 |
| 48 | പട്ടികജാതി വികസന ഓഫീസറിൽ നിന്നും ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങാതെ ഡെപ്പോസിറ്റ് പ്രവൃത്തിയ്ക്കായി പ്രത്യേക ഘടക പദ്ധതി ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു | 3-7 |

| | | |
|---|---|---|
| 59 | മീഡിയാശ്രീ -ഡി.ഡി എടുത്തശേഷം നൽകാതെ കൈവശം സൂക്ഷിക്കുന്നു | 3-8 |
| 50 | ഫർണിച്ചറും ഉപകരണങ്ങളും വാങ്ങൽ - നടപടിക്രമങ്ങളിൽ സുതാര്യത ഇല്ല | 3-9 |
| 51 | സാമൂഹ്യസുരക്ഷാ മിഷനിലേക്ക് വിഹിതം നൽകിയത് - ചെലവ് രേഖകൾ ലഭ്യമാക്കിയില്ല | 3-10 |
| 52 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-11 |
| 53 | ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-12 |
| 54 | സ്മാർട്ട് ക്ലാസ്സ് റൂം പ്രോജക്ട്-നിർവ്വഹണത്തിലെ അപാകതകൾ | 3-13 |
| 55 | പ്രൈവറ്റ് ബസ് സ്റ്റാന്റ് - കോൺക്രീറ്റ് ചെയ്ത തറയുടെ ഒരു ഭാഗം പൊളിഞ്ഞ നിലയിൽ | 3-14 |
| 56 | ഭവന നിർമ്മാണം അധികം പിൻവലിച്ച തുക തിരിച്ചടയ്ക്കണം | 3-15 |
| 57 | ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീസായ 36750 രൂപ നാളിതുവരെ തിരികെ വാങ്ങിയിട്ടില്ല | 3-16 |
| 58 | കരാർ മുഖേന നടപ്പാക്കുന്ന പ്രവർത്തികൾക്ക് വിൽക്കുന്ന ടെണ്ടർ ഫോമുകൾക്ക് ആനുപാതികമായി ടെണ്ടർ സമർപ്പിക്കപ്പെട്ടില്ല | 3-17 |
| 59 | റോഡ് കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകിയ ഇനത്തിൽ 133471 രൂപ നഷ്ടം | 3-18 |
| 60 | അഗതികൾക്ക് പാലിയേറ്റിവ് പരിചരണത്തിനും മെഡിക്കൽ ക്യാമ്പിനുമായി സമാന്തര പദ്ധതി - ക്രമ വിരുദ്ധം | 3-19 |
| 61 | പ്രവൃത്തികളുടെ ബില്ലുകളിൽനിന്നും ഈടാക്കിയ നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതം ഒടുക്കു വരുത്തിയതിന് രേഖയില്ല | 3-20 |
| 62 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലെ അപാകതകൾ | 3-21 |
| 63 | കൺവീനർ നടപ്പാക്കുന്ന പ്രവർത്തികളിൽ സുതാര്യത ഉറപ്പാക്കുന്നില്ല | 3-22 |

| | | |
|---|---|---|
| | ഭാഗം 4 – ഓഡിറ്റ് പ്രത്യവലോകനം | |
| 73 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-1 |
| 74 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-2 |
| 75 | വായ്പ/വായ്പാ തിരിച്ചടവ് | 4-3 |
| 76 | സ്ഥിര നിക്ഷേപങ്ങൾ | 4-4 |
| 77 | ഓഡിറ്റ് റിക്കവറി | 4-5 |
| 78 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-6 |
| 79 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 80 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-8 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് അംഗീകരിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ബജറ്റ് അംഗീകരിച്ച തീയതി |
|---|---|
| 2015-16 | 26.03.2015 |

വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതികൂടി ഉൾപ്പെടുത്തി ബജറ്റ് പുതുക്കി ഭരണ സമിതിയുടെ അംഗീകാരം തേടേണ്ടതുണ്ട്. അപ്രകാരം 2015-16 സാമ്പത്തിക വർഷം ബജറ്റ് പുതുക്കി അംഗീകാരം വാങ്ങിയിട്ടില്ല.പുതുക്കിയ ചെലവിന് അംഗീകാരം വാങ്ങാത്ത സ്ഥിതിക്ക് ചെലവിന് യാതൊരു നിയമ സാധുതയും ഇല്ല.

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകൾക്ക് യഥാർത്ഥ വരവ് ചെലവുകളുമായി യാതൊരു പൊരുത്തവുമില്ല. പെരുപ്പിച്ച മതിപ്പ് വരവ് ചെലവുകൾ, ഉചിതമായ രീതിയില്ലുള്ള ധനകാര്യ ആസൂത്രണത്തിന്റെ അഭാവത്തെയാണ് സൂചിപ്പിക്കുന്നത്.

| | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 41543944 | 57906859 | 16362915 |
| വരവ് | 247240600 | 95154018 | (-)152086582 |
| ആകെ | 288784544 | 153060877 | (-)135723667 |
| ചെലവ് | 270693120 | 119550403 | (-)151142717 |
| നീക്കിയിരിപ്പ് | 18091424 | 33510474 | 15419050 |

കേരള മുനിസിപ്പാലിറ്റി നിയമത്തിൽ നിഷ്കർഷിച്ചിരുന്ന നടപടിക്രമങ്ങൾ പാലിച്ച് യാഥാർത്ഥ്യ ബോധത്തോടെയുള്ള ബജറ്റല്ല തയ്യാറാക്കിയിട്ടുള്ളത് എന്നതിനാൽ സാമ്പത്തിക നിയന്ത്രണം എന്ന ഉദ്ദിഷ്ട ലക്ഷ്യം കൈവരിച്ചിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|

| | |
|---|---|
| 31.05.2015 | 27.07.2016 |

## 1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പെയ്മെന്റ് കണക്കുകളെ ആധാരമാക്കിയാണ് ചുവടെ കൊടുത്തിരിക്കുന്ന വിവരങ്ങൾ തയ്യാറാക്കിയിട്ടുള്ളത്.

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 57906859 |
| വരവ് | 95154018 |
| ആകെ | 153060877 |
| ചെലവ് | 119550403 |
| നീക്കിയിരിപ്പ് | 33510474 |

## 1-4 പ്ലാൻ ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 9478487 | 13251198 | 22729685 | 22729685 | 0 |
| വികസനഫണ്ട് എസ്.സി.പി. | 5733683 | 7068694 | 12802377 | 12802377 | 0 |
| വികസനഫണ്ട് ടി.എസ്.പി. | xx | xx | xx | xx | |
| ധനകാര്യ കമ്മീഷൻ അവാർഡ് | 10974511 | 17234138 | 28208649 | 28208649 | 0 |
| ലോക ബാങ്ക് സഹായം | 378017 | xx | 378017 | 378017 | 0 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 1068715 | 10087795 | 11156510 | 11156510 | 0 |
| സംരക്ഷണ ഗ്രാന്റ് - റോഡിതരം | 1936487 | 4121815 | 6058302 | 6058302 | 0 |

മറ്റ് ഫണ്ടുകളിൽ നിന്ന് വകമാറ്റി കിട്ടിയ തുകയും മുന്നിരിപ്പായി ലഭ്യമായ തുകയും മാത്രമാണ് പൊതു വിഭാഗം വികസനഫണ്ടിൽ നിന്നും തൻവർഷം പദ്ധതികൾക്കായി ചെലവഴിച്ചിട്ടുള്ളത്. തൻവർഷത്തെ അലോട്ട്മെന്റ് ചെലവഴിക്കാതെ ലാപ്സാക്കി. പദ്ധതി നിർവ്വഹണത്തിലുണ്ടായ ഗുരുതരമായ അപാകത ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 234 | 91888125 | 202 | 67883015 | 19 | 13 | 86% |

പദ്ധതി നിർവ്വഹണ വിവരങ്ങൾ

| വികസന മേഖല | അംഗീകരിച്ച പ്രോജക്ടുകൾ | | നടപ്പാക്കിയ പ്രോജക്ടുകൾ | | |
|---|---|---|---|---|---|
| | എണ്ണം | അടങ്കൽ തുക | എണ്ണം | ചെലവ് തുക | ചെലവ് ശതമാനം |
| ഉല്പാദനം | 10 | 3638994 | 9 | 1319800 | 36.26% |
| സേവനം | 71 | 35876759 | 52 | 21491591 | 59.9% |

| | | | | | |
|---|---|---|---|---|---|
| പശ്ചാത്തലം | 153 | 52372372 | 141 | 45071624 | 86.59% |
| ആകെ | 234 | 91888125 | 202 | 67883015 | 73.87% |

നിർബന്ധിത വകയിരുത്തലുകളും ചെലവും

| പദ്ധതി | പ്രോജക്ടുകളുടെ എണ്ണം | വകയിരുത്തൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| വനിതാ ഘടക പദ്ധതി | 4 | 7780000 | 5229000 | 67.2% |
| വൃദ്ധർ, ഭിന്നശേഷിയുള്ളവർ, കുട്ടികൾ | 4 | 2485000 | 1626835 | 65.4% |
| പാലിയേറ്റിവ് കെയർ | 1 | 700000 | 700000 | 100% |
| ഖരമാലിന്യ നിർമ്മാർജ്ജനം | 4 | 1728994 | xx | 0% |
| യുവജന വികസന പദ്ധതി | 3 | 1562000 | 830000 | 53.1% |

## 1-6 തനത് വരുമാനം

| ഇനം | മുൻവർഷം (2014-15) | തൻവർഷം (2015-16) | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 20399215 | 21637271 | 1238056 | (+)6.07% |
| നികുതിയേതര വരവുകൾ | 11150774 | 16759209 | 5608435 | (+)50.3% |
| മറ്റു വരവുകൾ | 12395863 | 18801604 | 6405741 | (+)51.67% |
| ആകെ | 43945852 | 57198084 | 13252232 | (+)30.15% |

## 1-7 ക്ഷേമപദ്ധതികൾ

നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| കർഷക തൊഴിലാളി പെൻഷൻ | 150 |
| വിധവാ പെൻഷൻ | 748 |
| വാർദ്ധക്യകാല പെൻഷൻ | 1007 |
| വികലാംഗ പെൻഷൻ | 74 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ (<50) | 28 |

## 1-8 ദുരിതാശ്വാസ നിധി

2003 -ലെ കേരള മുനിസിപ്പാലിറ്റി (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ, ചട്ടം 3 പ്രകാരം നഗരസഭാ പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. ആയത് പ്രകാരം 1996-ൽ (കൃത്യമായ തീയതി ലഭ്യമല്ല) നഗരസഭയിൽ ദുരിതാശ്വാസ നിധി രൂപീകരിച്ച് 2005 വർഷം വരെ ധനസഹായം വിതരണം ചെയ്തിരുന്നതായി ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ തുടർന്ന് നിധിയിൽനിന്നും ആർക്കും ധനസഹായം വിതരണം ചെയ്തിട്ടില്ല. ഈ ആവശ്യത്തിലേക്കുള്ള ബാങ്ക് അക്കൗണ്ട് നിലവില്ല. അക്കൗണ്ടിൽ ബാക്കി ഉണ്ടായിരുന്ന 1230 രൂപ അക്കൗണ്ട് നിഷ്ക്രിയമായതിനാൽ ആർ.ബി.ഐ. ചട്ട പ്രകാരം കണ്ടുകെട്ടപ്പെടുകയും അക്കൗണ്ട് ഇല്ലാതാകുകയും ചെയ്തിട്ടുണ്ട്.

നഗരസഭാ പ്രദേശത്തെ ദുരിത ബാധിതർക്ക് അടിയന്തിര സഹായം നൽകുന്നതിനായി രൂപീകരിക്കപ്പെട്ട നിധി ഇല്ലാതായത് നഗരസഭാ അധികൃതരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. മുൻ റിപ്പോർട്ടിൽ ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പരാമർശിച്ചിരുന്നെങ്കിലും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിൽ നഗരസഭാ കൗൺസിൽ അടിയന്തിരമായി ഇടപെടേണ്ടതാണ്.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.01.17 03.30 P.M-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 116301 രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 വാർഡ് സഭ

2015-16 വർഷം വാർഡ് സഭകൾ 1 തവണ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത് (തീയതി:27.06.15). ഈ വാർഡ് സഭയാകട്ടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് വേണ്ടി മാത്രമുള്ളതാണ്. ഓഡിറ്റ് വർഷം ഗുണഭോക്തൃ തെരഞ്ഞെടുപ്പിനായി 7 വാർഡുകളിൽ ചേർന്ന വാർഡ് സഭകളിലും നിശ്ചിത ക്വാറം (10%) ഇല്ലാതെയാണ് കൂടിയിട്ടുള്ളത്(വാർഡ്-13,23,03,28,19,09,10). ക്വാറം വാർഡു സഭകളിൽ എടുത്തിട്ടുള്ള തീരുമാനങ്ങൾക്ക് നിയമ സാധുതയില്ല. പ്രത്യേക കാര്യങ്ങൾക്കുള്ള സ്പെഷ്യൽ വാർഡ് സഭകൾ കൂടിയിട്ടില്ല. വാർഡ് സഭകളുടെ ഹാജർ രജിസ്റ്റർ ഗ്രൂപ്പ് ചർച്ചകളുടെ നിർദ്ദേശങ്ങൾ, ലഭിച്ച ചോദ്യങ്ങൾ, ഫോട്ടോഗ്രാഫ് എന്നിവയും, മിനിട്സും, തീരുമാനങ്ങളും ശേഖരിച്ച് സൂക്ഷിക്കുകയോ പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല. ടി വിഷയത്തിന്മേൽ വകുപ്പുതല അന്വേഷണം നടത്തേണ്ടതാണ്.

## 1-11 വാർഷിക കണക്കിലെ അപാകതകൾ

തൻവർഷത്തെ വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ലോക ബാങ്ക് ധന സഹായം എന്നീ ഇനങ്ങളിലെ ട്രഷറി റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ നാളിതുവരെ ട്രഷറിയിൽ നിന്നും വാങ്ങിയിട്ടില്ല. ഇക്കാരണത്താൽ പ്രസ്തുത ഫണ്ടുകളുടെ നീക്കിയിരുപ്പ് ട്രഷറി കണക്കുകളുമായി പൊരുത്തപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല.

**2.** ബി-ഫണ്ടിനത്തിൽ ഇലക്ട്രോണിക് ഫണ്ട് ട്രാൻസ്ഫർ മുഖേനയുള്ള വരവിന്റേയും ചെലവിന്റേയും വിവരം വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

**3.** മുണ്ടക്കൽപ്പടി-മംഗലത്ത് പടി റോഡ് കോൺക്രീറ്റിംഗ് (SO 230/16) എന്ന പദ്ധതിക്കായി ധനകാര്യക്കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ 199378 രൂപ ചെലവഴിച്ചിരുന്നു. ഈയിനത്തിലുള്ള ചെലവ് 'സാംഖ്യ' യിൽ അക്കൗണ്ട് ചെയ്തിട്ടുണ്ട്. എന്നാൽ ട്രഷറിയിൽ പ്രസ്തുത ചെലവ് തെറ്റായി പൊതുവിഭാഗം വികസനഫണ്ടിൽ നിന്നാണ് നടത്തിയത്. 31-10-2015 ൽ ധനകാര്യക്കമ്മീഷൻ ഗ്രാന്റ് ഫണ്ടിൽ നിന്നും പൊതുവിഭാഗം വികസനഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ആയി 11201930 രൂപ എന്നതിന് പകരം 11401308 രൂപ ആയി കാണിച്ചത് തെറ്റാണ്. ട്രഷറിയുടെ കണക്കുകളുമായി പൊരുത്തപ്പെടുത്തുന്നതിന് പൊതുവിഭാഗം വികസനഫണ്ടിൽ നിന്നും വീണ്ടും 199378 രൂപ ചെലവായി കാണിച്ചതും തെറ്റാണ്.

**4.** മെയിന്റനൻസ് ഫണ്ട് റോഡ് ഇനത്തിൽ 1-4-2015- ൽ 2065556 രൂപയുള്ളതായി 'സാംഖ്യ' ലെഡ്ജറിൽ രേഖപ്പെടുത്തിയത് തെറ്റാണ്. വ്യത്യാസം ഉള്ള 996841 രൂപ യഥാർത്ഥത്തിൽ റോഡിതര മെയിന്റനൻസ് ഫണ്ടിനത്തിൽ ഉള്ള മുന്നിരിപ്പ് ആണ്. ഇക്കാരണത്താൽ റോഡ്, റോഡിതര മെയിന്റനൻസ് ഫണ്ടുകളുടെ മുന്നിരിപ്പ് വാർഷിക കണക്കുകളിൽ കാണിച്ചത് തെറ്റാണ്.

**5.** ചിറ്റയത്ത് കളീക്കൽപ്പടി-മുണ്ടക്കൽപ്പടി റോഡ് കോൺക്രീറ്റിംഗ് ഇനത്തിൽ 119211 രൂപയുടെ ചെലവ് 'സാംഖ്യ' ലെഡ്ജറിൽ തെറ്റായി രണ്ട് പ്രാവശ്യം ആവർത്തിച്ച് ഉൾപ്പെടുത്തിയിട്ടുണ്ട്.

**6.** റോഡിതര മെയിന്റനൻസ് ഫണ്ടിനത്തിൽ 2015-16 ൽ സഞ്ചിത നിധിയിൽ നിന്നുള്ള ആകെ പിൻവലിക്കൽ 4121815 രൂപ ആണ്. എന്നാൽ 'സാംഖ്യ' ലെഡ്ജർ പ്രകാരം ആയത് 4100273 രൂപ ആണ്. വ്യത്യാസം - 21542 രൂപ.

**7.** റോഡിതര മെയിന്റനൻസ് ഫണ്ടിനത്തിൽ 996841 രൂപ റോഡ് പ്രവൃത്തികൾക്കായാണ് വിനിയോഗിച്ചത്.

**8.** വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തൻവർഷത്തെ ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് എന്നിവക്ക് കണക്കുകൾ സൂക്ഷിക്കുന്നില്ല.

**9.** ജീവനക്കാരുടെ തൊഴിൽ നികുതി സംബന്ധിച്ച ഡിമാന്റ് രജിസ്റ്റർ അപൂർണ്ണമാണ്. സ്ഥാപനങ്ങൾ സമർപ്പിച്ച അർദ്ധവാർഷിക വരുമാന പത്രികകൾ പ്രകാരമുള്ള നികുതിയുടെ വിശദാംശങ്ങൾ 50 % ൽ താഴെ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈയിനത്തിൽ തൻവർഷം പിരിച്ചെടുക്കാൻ ബാക്കിയുള്ള തുക 2016-17 ലെ കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. തൻവർഷം വ്യാപാരികളുടെ തൊഴിൽനികുതി ഇനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും പിരിവിന്റെ വിവരം ഉൾപ്പെടുത്തിയിട്ടില്ല.

**10.** ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തൽ പൂർണ്ണമല്ല. തറവിസ്തീർണ്ണാനുപാതം, പെർമിറ്റ് നൽകിയ തീയതി, പെർമിറ്റിന്റെ കാലയളവ്, പണി പൂർത്തീകരിച്ച തീയതി, തുടങ്ങിയ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

**11.** വരവിനങ്ങളുടെ വാർഷിക ഡി.സി.ബി കണക്കാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

**12**. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തിരികെ നൽകാൻ അവശേഷിക്കുന്ന ഡെപ്പോസിറ്റുകളുടെ കണക്കുകൾ സൂക്ഷിക്കുന്നില്ല.

**13.** ഓരോ വർഷവും ഓഫീസിലേക്ക് വാങ്ങുന്ന ഫർണിച്ചറിന്റെ വിതരണ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

**14.** കംപ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

**15.** വിവിധ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും നിർമ്മാണ തൊഴിലാളി ക്ഷേമനിധിവിഹിതം ഇനത്തിൽ ഈടാക്കിയതും ക്ഷേമനിധി ബോർഡിലേക്ക് ഒടുക്കിയതുമായ തുകകളുടെ കണക്കുകൾ സൂക്ഷിക്കുന്നില്ല.

വാർഷിക കണക്കുകളിലെ മേൽസൂചിപ്പിച്ച അപാകതകളിന്മേൽ വിശദീകരണം നൽകേണ്ടതാണ്.

## 1-12 ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പാളിച്ചകൾ

1) ഓഡിറ്റ് എൻക്വയറികൾക്ക് യഥാസമയം മറുപടി നൽകിയിട്ടില്ല. 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചത്. നഗരസഭാ ജീവനക്കാരുടെ ഭാഗത്തുനിന്നും ഓഡിറ്റിനോടുള്ള അവഗണനയാണ് ഇത് വ്യക്തമാക്കുന്നത്.

2) ഓഡിറ്റ് വർഷത്തെ വൗച്ചറുകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല. കൈപ്പറ്റ് രസീതുകൾ വൗച്ചറുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. അലക്ഷ്യമായും ക്രമരഹിതവുമായി സൂക്ഷിച്ചിരുന്നതിനാൽ പരിശോധന വളരെ ആയാസകരമായിരുന്നു.

3) ഓഡിറ്റ് നടത്തുന്നത് സംബന്ധിച്ച് മുൻകൂട്ടി നഗരസഭാധികൃതർക്ക് കത്ത് നൽകിയിരുന്നുവെങ്കിലും ജീവനക്കാരെ യഥാസമയം രേഖാമൂലം അറിയിച്ചിരുന്നില്ല.

4) നഗരസഭാ ജീവനക്കാരുടെ പേരിൽ വിവിധ പരിപാടികൾക്ക് അഡ്വാൻസായി തുക അനുവദിക്കുന്നുണ്ട്. വിവിധ ഉദ്ഘാടന പരിപാടികൾക്കായി വൻതുകകളാണ് പിൻവലിച്ചിരിക്കുന്നത്.( ഉദ: ലൈബ്രറി കെട്ടിടം ഉദ്ഘാടനം, വനിതാ ഹോസ്റ്റൽ ഉദ്ഘാടനം മുതലായവ ) എന്നാൽ പ്രസ്തുത ചെലവിൽ മാത്രം ഒതുങ്ങുന്നതല്ലാതെ തുടർ പ്രവർത്തനങ്ങളൊന്നും നടക്കുന്നില്ലായെന്നാണ് യാഥാർത്ഥ്യം.

5) സിഡ്കോ, കാഡ്കോ മുതലായ സർക്കാർ ഏജൻസികളിൽ നിന്നും അവരുടെ ഉൽപ്പന്നങ്ങൾ അല്ലാത്ത സാധനങ്ങൾ ടെണ്ടർ കൂടാതെ വാങ്ങിയിരിക്കുന്നത് സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമാണ്.(ഖ കാണുക)

6) പദ്ധതികൾ മോണിറ്ററിംഗ് ചെയ്യപ്പെടുന്നില്ല. പ്രോജക്ട് ഫയലുകളിലൊന്നും തന്നെ മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല.

<u>രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല</u>.

അനിവാര്യമായി എഴുതി സൂക്ഷിക്കേണ്ട താഴെപ്പറയുന്ന രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല.

1) മാസ്റ്റർ ഇൻക്യൂമ്പൻസി രജിസ്റ്റർ.

2) ഓഫീസ് ഓർഡർ രജിസ്റ്റർ

3) പേഴ്സണൽ രജിസ്റ്റർ.

4) സർവ്വീസ് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ

5) ശമ്പള റിക്കവറി രജിസ്റ്റർ

6)ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ

7)ഓഡിറ്റ് റിക്കവറി രജിസ്റ്റർ

8)തെരുവ് വിളക്കുകളുടെയും(പോസ്റ്റ് നമ്പർ ഉൾപ്പെടുത്തിയത്), പൊതു ടാപ്പുകളുടെയും വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ

9)കൗണ്ടർ ഫാറം സ്റ്റോക്ക് & ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ

10)പരാതി രജിസ്റ്റർ

11)ടെലിഫോൺ മെസ്സേജ് രജിസ്റ്റർ

12)സ്യൂട്ട് രജിസ്റ്റർ

<u>രസീതുകളിലെ അപാകതകൾ</u>

സാംഖ്യാ രസീതുകൾ അടുക്കി ചിട്ടയായി സൂക്ഷിക്കുന്നില്ല. ക്യാൻസൽ ചെയ്ത രസീതുകൾ , ചെയ്യുവാനുള്ള കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

<u>വിവിധ രേഖകളും രജിസ്റ്ററുകളും അപൂർണ്ണമാണ്</u>

അപൂർണ്ണമായി സൂക്ഷിച്ചിട്ടുള്ള രേഖകളും രജിസ്റ്ററുകളും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) വസ്തു നികുതി ഡിമാന്റ്, അരിയർ ഡിമാന്റ് രജിസ്റ്റർ കൃത്യമായി എഴുതിസൂക്ഷിക്കുകയോ ഡി.സി.ബി. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല്ല.

2) ഡി&ഒ ലൈസൻസിനുള്ള അപേക്ഷകളോടൊപ്പം ആവശ്യായ നിരാക്ഷേപ സർട്ടിഫിക്കറ്റുകളും മറ്റ് രേഖവളും സൂക്ഷിക്കുന്നില്ല

3) ദിവസേനയുള്ള കാഷ് ബുക്ക് സമ്മറി, ബാങ്ക് ബുക്ക്, ഡേബുക്ക് എന്നിവ പ്രിന്റ് ഔട്ട് എടുത്ത് അക്കൗണ്ടന്റും, സെക്രട്ടറിയും ഒപ്പിട്ട് സൂക്ഷിക്കുന്നില്ല.

4) ജി.ഒ.(പി.)177/06/ധന., തീ. 12.04.06 നമ്പർ ധനവിനിയോഗ മാർഗ്ഗരേഖ പ്രകാരമുള്ള പ്രോജക്ട് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

5) നിശ്ചിത മാതൃകയിൽ ഫ്രണ്ട് ഓഫീസ് ഡയറി എഴുതി സൂക്ഷിക്കാത്തതുമൂലം നഗരസഭയിൽ ലഭിക്കുന്ന അപേക്ഷകളിന്മേലുള്ള തുടർ നടപടികളുടെ വിവരം പരിശോധിക്കുന്നതിന് കഴിയുന്നില്ല.

6) ഡെപ്പോസിറ്റ് രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം എഴുതി വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തുകയോ, സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ നഗരസഭാ ഫണ്ടിൽ മുതൽക്കൂട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

7) മുൻകൂർ രജിസ്റ്ററിൽ തുകകൾ ക്രമീകരിക്കുന്നതിന്റെ വിവരം എഴുതി സൂക്ഷിക്കുന്നില്ല. വാർഷിക ക്ലോസിംഗ് നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

8) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഷോപ്പിംഗ് കോംപ്ലക്സ് വാടക-കുടിശ്ശികത്തുക ഈടാക്കിയിട്ടില്ല

നഗരസഭയിലെ വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളിലെ മുറികൾ പ്രതിമാസ വാടകയ്ക്ക് ലേലത്തിന് എടുത്തിട്ടുള്ള ചുവടെ ചേർക്കുന്നവർ, ഓഡിറ്റ് വർഷം വാടകയിനത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ട്. എന്നാൽ കുടിശ്ശികത്തുക നാളിതുവരെ ഈടാക്കിയിട്ടില്ല. കൂടാതെ ഇവർ നഗരസഭയുമായി കരാറിൽ ഏർപ്പെട്ടതിന്റെ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | വാടകക്കാരന്റെ പേര് | റൂം നമ്പർ | പ്രതിമാസ വാടക | കുടിശ്ശിക കാലയളവ് | ആകെ തുക |
|---|---|---|---|---|---|
| ശ്രീമൂലം മാർക്കറ്റ് ഓപ്പൺ സ്റ്റാൾ | | | | | |
| 1 | അലാവുദ്ദീൻ, അനസ് മൻസിൽ, മുള്ളൂർ നിരപ്പ് | 14 | 650 | 04/15-03/16 | 7800 |
| 2 | ഫിറോസ് റഹിം, ആക്കനാട്ട് പുത്തൻവീട് | 22 | 1930 | 08/15-03/16 | 15440 |
| 3 | സുരേഷ്, കളപ്പുറത്ത്, പറക്കോട് | 08 | 970 | 04/15-03/16 | 11640 |
| 4 | സുരേഷ്, കളപ്പുറത്ത്, പറക്കോട് | 09 | 970 | 04/15-03/16 | 11640 |
| 5 | സുരേഷ്, കളപ്പുറത്ത്, പറക്കോട് | 10 | 970 | 04/15-03/16 | 11640 |
| 6 | താജുദ്ദീൻ, തൻസിൽ മൻസിൽ, കണ്ണംകോട് | 11 | 636 | 11/15-03/16 | 3180 |
| 7 | താജുദ്ദീൻ, തൻസിൽ മൻസിൽ, കണ്ണംകോട് | 12 | 636 | 11/15-03/16 | 3180 |
| സെൻട്രൽ ടോൾ ഓപ്പൺ സ്റ്റാൾ(പടിഞ്ഞാറ് ഭാഗം) | | | | | |
| 1 | രാജൻ, കൊച്ചുകാഞ്ഞിരവിള ഷീബാ മൻസിൽ | 03 | 293 | 04/15-03/16 | 3516 |
| അനന്തരാമപുരം മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് | | | | | |
| 1 | സിസിലി കുഞ്ഞുമോൻ, പറങ്കിമാംവിളയിൽ | 25 | 579 | 04/15-03/16 | 6948 |
| 2 | ബിന്ദുകുമാരി, കളപ്പുറത്ത് താഴേതിൽ | 30 | 1500 | 11/15-03/16 | 7500 |
| 3 | സലിം കുട്ടി, അജാസ് മൻസിൽ, പറക്കോട് | 41 | 6000 | 07/15-03/16 | 54000 |
| 4 | ഷാജഹാൻ, പാലവിളയിൽ, ഏഴംകുളം | 47 | 2461 | 02/16-03/16 | 4922 |

| | | | | | |
|---|---|---|---|---|---|
| 5 | സുനിൽകുമാർ, നിലമേൽ തെക്കേക്കര, ഇളമണ്ണൂർ | 9 | 1994 | 10/15-03/16 | 11964 |
| പറക്കോട് എക്സൈസ് ഓഫീസിന് സമീപം | | | | | |
| 1 | ഫിറോസ് റഹിം, ആക്കനാട്ട് പുത്തൻവീട് | 07 | 1930 | 09/15-03/16 | 13510 |
| ആകെ | | | | | **166880** |

കുടിശ്ശിക ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 20.01.2017ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.11ന് നൽകിയ മറുപടിയിൽ, കുടിശ്ശികത്തുക ഈടാക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചു. വാടകക്കുടിശ്ശിക വരുത്തിയവർക്കുതന്നെ കുടിശ്ശിക ഈടാക്കാതെ തുടർന്നും കെട്ടിടങ്ങൾ വാടകയ്ക്ക് നൽകിയിരിക്കുകയാണ്. നഗരസഭയിൽ കാലങ്ങളായി ഈ രീതി തുടർന്ന് പോരുകയാണ് ചെയ്യുന്നത്. കുടിശ്ശികത്തുക ഒടുക്കുവരുത്താത്ത പക്ഷം വാടകക്കാരൻ നഗരസഭയിൽ ഒടുക്കിയിട്ടുള്ള സെക്യൂരിറ്റി ഡിപ്പോസിറ്റിൽ നിന്ന് തുക ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതും വാടക വ്യവസ്ഥകൾ ലംഘിച്ച വ്യക്തിയെ ഒഴിവാക്കി കടമുറികൾ ലേലത്തിന് വയ്ക്കുവാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 2-2 കടമുറികളുടെ ഡെപ്പോസിറ്റ് തുകയും വാടകയും ഒടുക്കുന്നില്ല

**I.** പറക്കോട് കെ.പി.റോഡിന് സമീപമുള്ള പുതിയ ഷോപ്പിംഗ് കോംപ്ലക്സിലെ 7 കടമുറികളുടെ ലേലം 09.09.2015- ന് നടക്കുകയും 14.09.2015-ലെ V-ാം നമ്പർ കമ്മിറ്റി തീരുമാനം അനുസരിച്ച് ലേല നടപടികൾ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കടമുറികൾ പ്രതിമാസം 4830 രൂപവീതം വാടകയ്ക്ക് എടുത്തിട്ടുള്ളവർ 2015-16 സാമ്പത്തിക വർഷം വാടക ഒടുക്കുവരുത്തുകയോ വാടക ഡിപ്പോസിറ്റ് പൂർണ്ണമായി ഒടുക്കുകയോ ചെയ്തിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രം നം | വാടകക്കാരന്റെ പേര് | വാടക ഡിപ്പോസിറ്റ് | ഒടുക്കിയ തുക | ബാക്കി തുക | വാടക (14.9.15 to 31.3.16) | ഒടുക്കിയ തുക | ബാക്കി തുക |
|---|---|---|---|---|---|---|---|
| I | പ്രസന്നൻ, ചരുവിളയിൽ പുത്തൻവീട് | 1225000 | 1190000 | 35000 | 31717 | - | 31717 |
| II | രാജേന്ദ്രബാബു ശ്രീശൈലം | 1210000 | 400000 | 810000 | 31717 | - | 31717 |
| III | ഷാജഹാൻ കൊല്ലംപറമ്പിൽ വടക്കേൽ | 1150000 | 385000 | 765000 | 31717 | - | 31717 |
| IV | ഷൗക്കത്തുള്ള കുളപ്പുറത്ത് | 1210000 | 395000 | 815000 | 31717 | - | 31717 |
| V | ഷാനവാസ്, ചെറുകോണത്തിൽ | 1125000 | 380000 | 745000 | 31717 | - | 31717 |
| VI | അബ്ദുൾ അസീസ് ഷാഹിം മൻസിൽ | 1225000 | 267500 | 957500 | 31717 | - | 31717 |
| VII | അബ്ദുൾ അസീസ് ഷാഹിം മൻസിൽ | 1370000 | 267500 | 1102500 | 31717 | - | 31717 |
| ആകെ കുടിശ്ശിക | | | | **5230000** | | | **222019** |

31.3.2015-ൽ നിർമ്മാണം പൂർത്തീകരിച്ച ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിന്റെ എസ്റ്റിമേറ്റിൽ ഇലക്ട്രിഫിക്കേഷനുള്ള പ്രൊവിഷൻ ഉൾപ്പെടുത്തിയിരുന്നില്ല. ഇലക്ട്രിഫിക്കേഷൻ വർക്കുകൾ പൂർത്തിയാക്കാതെയാണ് ഷോപ്പിംഗ് കോംപ്ലക്സ് കടമുറികൾ ലേലം ചെയ്തത്. ഇതുകാരണം വാടകക്കാർ എഗ്രിമെന്റ് വെച്ച് കടമുറികൾ ഏറ്റെടുക്കാൻ വിസമ്മതിച്ചിരുന്നു. ഇലക്ട്രിഫിക്കേഷൻ പൂർത്തിയാക്കുന്നതിൽ നഗരസഭയുടെ ഭാഗത്തുനിന്നുണ്ടായ കാലതാമസം കണക്കിലെടുത്ത്, വാടകക്കാരൻ എഗ്രിമെന്റ് വെച്ച് താക്കോൽ കൈപ്പറ്റുന്ന മാസം മുതൽ വാടക ഈടാക്കിയാൽ മതിയെന്ന് 06.09.2016-ലെ VII-ാം നമ്പർ കൗൺസിൽ തീരുമാനം എടുത്തിട്ടുണ്ട്. ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തോടൊപ്പം തന്നെ ഇലക്ട്രിഫിക്കഷൻ പണികൾ കൂടി നടപ്പിലാക്കാതിരുന്നത് കാരണം ഡെപ്പോസിറ്റ് ഇനത്തിലും വാടകയിനത്തിലും നഗരസഭയ്ക്ക് ലഭ്യമാക്കാമായിരുന്ന തുക, യഥാസമയം ലഭിക്കാതിരിക്കുകയും ആയതുമൂലം നഗരസഭയ്ക്ക് വലിയ നഷ്ടത്തിന് കാരണമായി.

**II.** പറക്കോട് അനന്തരാമപുരം മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിലെ റൂം നമ്പർ 81,82 എന്നിവ വാടകയ്ക്ക് എടുത്തിട്ടുള്ള സുഭാഷ്, കളപ്പുറത്ത്, പറക്കോട് എന്ന വ്യക്തി വാടക ഡിപ്പോസിറ്റ് ഇനത്തിൽ റൂം ഒന്നിന് 150000 രൂപ വീതം ആകെ 300000 രൂപ നഗരസഭയിൽ ഒടുക്കേണ്ടതായിരുന്നു. എന്നാൽ നാളിതുവരെ 200000 രൂപ മാത്രമാണ് ടിയാൻ ഒടുക്കിയിട്ടുള്ളത്. ഡിപ്പോസിറ്റ് തുക ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 20.01.17ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.11 ന് നൽകിയ മറുപടിയിൽ, തുക ഈടാക്കുവാൻ നടപടി സ്വീകരിച്ച് വരുന്നതായി അറിയിച്ചു. വാടകക്കാരിൽ നിന്ന് കുടിശ്ശിക ഡിപ്പോസിറ്റ് തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**III.** പറക്കോട് എക്സൈസ് ഓഫീസിന് പടിഞ്ഞാറ് വശമുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ സ്റ്റാൾ നമ്പർ VII വാടകയ്ക്ക് എടുത്തിട്ടുള്ള ഫിറോസ് റഹിം, ആനക്കാട്ട് പുത്തൻവീട് എന്ന വ്യക്തി വാടക ഡിപ്പോസിറ്റ് ഇനത്തിൽ 62000 രൂപ നഗരസഭയിൽ ഒടുക്കേണ്ടതായിരുന്നു. എന്നാൽ നാളിതുവരെ 20000 രൂപ മാത്രമാണ് ടിയാൻ ഒടുക്കിയിട്ടുള്ളത്. ഡിപ്പോസിറ്റ് തുക ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 20.01.17ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.11 ന് നൽകിയ മറുപടിയിൽ, തുക ഈടാക്കുവാൻ നടപടി സ്വീകരിച്ച് വരുന്നതായി അറിയിച്ചു. വാടകക്കാരിൽ നിന്ന് കുടിശ്ശിക ഡിപ്പോസിറ്റ് തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3 മാട്ടിറച്ചി ലേലം-ലേലത്തുകയിൽ വൻ കുറവ്

പറക്കോട് അനന്തരാമപുരം മാർക്കറ്റ്, അടൂർ ശ്രീമൂലം മാർക്കറ്റ് എന്നിവിടങ്ങളിൽ മാട്ടിറച്ചി വ്യാപാരം നടത്തുന്നതിനുള്ള അവകാശം ലേലം ചെയ്യതിൽ, മുൻവർഷത്തെ അപേക്ഷിച്ച് വൻതുക കുറവ് വന്നിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ലേല ഇനം | ലേലത്തുക 2014-15 | ലേലത്തുക 2015-16 | കുറവ് |
|---|---|---|---|
| മാട്ടിറച്ചി വ്യാപാരം അനന്തരാമപുരം മാർക്കറ്റ് | 1303000 | 771532 | 531468 |
| മാട്ടിറച്ചി വ്യാപാരം ശ്രീമൂലം മാർക്കറ്റ് | 1912000 | 958968 | 953032 |
| ആകെ കുറവ് | | | **1484500** |

05.05.2015-ൽ നടന്ന ക്വട്ടേഷൻ നടപടികളിൽ ഏറ്റവും ഉയർന്ന നിരക്ക് ക്വോട്ട് ചെയ്യവരുടെ പേരിൽ മാട്ടിറച്ചി വ്യാപാരം നടത്തുന്നതിനുള്ള അവകാശം 11.05.15-ലെ I,II നമ്പർ തീരുമാനങ്ങൾ പ്രകാരം കൗൺസിൽ അംഗീകരിക്കുകയായിരുന്നു. നഗരസഭയ്ക്ക് ആധുനിക അറവുശാലയില്ല, വൃത്തിഹീനമായ സാഹചര്യത്തിൽ മൃഗങ്ങളെ കശാപ്പുചെയ്ത് വിൽപ്പന നടത്തുന്നു എന്നീ കാര്യങ്ങൾ ഉന്നയിച്ച് പൊതുജനങ്ങൾ, രാഷ്ട്രീയ പാർട്ടിക്കാർ എന്നിവർ നടത്തിയ പ്രതിഷേധത്തെ തുടർന്ന് മാട്ടിറച്ചി ലേലം 4 തവണ മാറ്റിവയ്ക്കേണ്ടിവന്നതായി കൗൺസിൽ മിനിട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ മുൻവർഷത്തെ ലേലത്തുകയേക്കാൾ കുറഞ്ഞ തുകയ്ക്ക് ലേലനടപടികൾ ആരംഭിക്കുന്നതിന് കൗൺസിൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് കുറഞ്ഞ തുകയ്ക്ക് ലേലം ഉറപ്പിച്ചത്.

നഗരസഭയിൽ ആധുനിക അറവുശാല നിർമ്മിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിരുന്നെങ്കിലും ഈ വിഷയത്തിൽ നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ആധുനിക അറവുശാലയുടെ അഭാവത്തിൽ, വൃത്തിഹീനമായ സാഹചര്യത്തിൽ മൃഗങ്ങളെ കശാപ്പുചെയ്ത് വിൽപ്പന നടത്തുന്നു എന്ന വിഷയത്തിലാണ് മാട്ടിറച്ചി ലേലം 4 തവണ തടസ്സപ്പെട്ടുകയും മുൻവർഷത്തേക്കാൾ 1484500 രൂപ കുറവിൽ തൻവർഷം മാട്ടിറച്ചി ലേലം ഉറപ്പിക്കേണ്ടിവരികയും ചെയ്യത്. ആധുനിക അറവുശാല നിർമ്മിച്ച് ഈ വിഷയത്തിൽ ശാശ്വത പരിഹാരം കണ്ടെത്തുന്നതിന് നഗരസഭാ കൗൺസിലിന്റെ ഭാഗത്തുനിന്ന് അടിയന്തിര നടപടി ഉണ്ടാകേണ്ടതാണ്.

## 2-4 ലേലത്തുക കുടിശ്ശിക ഈടാക്കിയിട്ടില്ല

അടൂർ ഗവ. ആശുപത്രിക്ക് സമീപമുള്ള കംഫർട്ട് സ്റ്റേഷനിൽ നിന്ന് 2 വർഷക്കാലത്തേക്ക് ഫീസ് പിരിക്കുന്നതിനുള്ള അവകാശം 23.04.2015- ന് നടന്ന പുനർലേലത്തിൽ ബിജുകുമാർ, മുകുടിയിൽ തെക്കേതിൽ, മങ്ങാരം എന്ന വ്യക്തി 151000 രൂപയ്ക്ക് ലേലം പിടിച്ചിട്ടുണ്ട്. 23.02.2015- ലെ R3.656/15 നമ്പർ ലേല നോട്ടീസ് പ്രകാരം, സോൾവൻസിയായി 25000 രൂപ ഒടുക്കേണ്ടതും ലേലത്തുക രണ്ട് തുല്യ ഗഡുക്കളായി അടയ്ക്കേണ്ടതുമാണ്. കൂടാതെ ലേലത്തുകയുടെ ആദ്യ ഗഡു ലേലം കൗൺസിൽ അംഗീകരിച്ചതിന്റെ അറിയിപ്പ് ലഭിച്ച് രണ്ട് ദിവസത്തിനകവും രണ്ടാംഗഡു 30.06.2015 ന് മുൻപും ഒടുക്ക് വരുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ലേലം സംബന്ധിച്ച ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ, ടിയാൻ സോൾവൻസി തുക ഒടുക്കുവരുത്തിയിട്ടില്ലായെന്ന് വ്യക്തമായി. മാത്രമല്ല ലേലത്തുകയിൽ 77000 രൂപ മാത്രമാണ് നാളിതുവരെ ഒടുക്കുവരുത്തിയിട്ടുള്ളത്. കുടിശ്ശികത്തുക 74000 രൂപ ടിയാളിൽ നിന്ന് നാളിതുവരെ ഈടാക്കാതിരുന്നതിനും ടിയാനിൽ നിന്ന് സോൾവൻസി തുക വാങ്ങാതിരുന്നതിനും വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 20.01.17ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.11 ന് നൽകിയ മറുപടിയിൽ ലേലകുടിശ്ശിക ഈടാക്കാതിരുന്നതിനും സോൾവൻസി തുക ഒടുക്കുവരുത്താതിരുന്നതിനും വ്യക്തമായ വിശദീകരണം നൽകിയില്ല. നഗരസഭയുമായി ലേലക്കാരൻ നിയമാനുസൃതം കരാറിൽ ഏർപ്പെട്ടതിന്റെ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ലേലത്തുക ലേലക്കാരനിൽ നിന്ന് ഈടാക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിൽ സംജാതമായിട്ടുള്ളത്. ആയതിനാൽ തുക ഈടാക്കാൻ കഴിയാത്തപക്ഷം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-5 വസ്തുനികുതി പരിഷ്കരണം പൂർത്തീകരിച്ചിട്ടില്ല

2011- ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 15.03.2013 ലെ സ.ഉ.(അ) നമ്പർ 100/2013/തസ്വഭവ സർക്കാർ ഉത്തരവു പ്രകാരമുളള കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ഭേദഗതി ചട്ടങ്ങൾ എന്നിവ അനുസരിച്ച് മുനിസിപ്പാലിറ്റികൾ വസ്തു നികുതി പുനർ നിർണയം നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. 02.12.2013-ലെ സ.ഉ(എം.എസ്) നം.371/13/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം, പുതിയ നികുതിദായകർക്ക് 14.01.2011-മുതലും നിലവിലുള്ള നികുതിദായകർക്ക് 01.04.2013-മുതലും പുതിയ നികുതി നിർണ്ണയം ബാധകമാണ്.

06.05.2011-ലെ IV-ാം നമ്പർ കമ്മിറ്റി തീരുമാനപ്രകാരം 17.06.2012-ൽ വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച കരട് വിജ്ഞാപനം നഗരസഭ പുറപ്പെടുവിക്കുകയും ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിഗണിച്ചും 31.07.2012-ലെ I-ാം നമ്പർ കമ്മിറ്റി തീരുമാനം അനുസരിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചു. 01.04.2011 മുതൽ അഞ്ച് വർഷത്തേക്ക് പ്രാബല്യത്തിൽ വരുന്ന രീതിയിലാണ് വിജ്ഞാപനം പുറപ്പെടുവിച്ചത്. 31.10.2012-നകം നടപടികൾ പൂർത്തീകരിക്കണമെന്ന നിർദ്ദേശത്തോടെ നിലവിലുള്ള 28 വാർഡുകളിലേയും കെട്ടിടങ്ങൾക്ക് നമ്പർ പ്ലേറ്റ് പതിക്കൽ, വിവരശേഖരണം നടത്തൽ എന്നീ പ്രവർത്തികൾ ചെയ്യുന്നതിന് ജീവനക്കാരെ നിയോഗിച്ച് 12.10.2012-ലെ $R_1$/2417/11 നമ്പർ പ്രകാരം സെക്രട്ടറി ഉത്തരവാക്കിയിട്ടുണ്ട്. എന്നാൽ എല്ലാ വാർഡുകളിലേയും കെട്ടിടങ്ങൾക്ക് നമ്പർ പ്ലേറ്റ് പതിച്ച് വിവരശേഖരണ നടപടികൾ പൂർത്തീകരിച്ചത് 2015 ജൂൺ മാസത്തിൽ മാത്രമാണ്.

വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച സഞ്ചയ സോഫ്റ്റ് വെയറിൽ കെട്ടിടങ്ങളുടെ അടിസ്ഥാന വിവരങ്ങൾ, വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച വിവരങ്ങൾ എന്നിവ രേഖപ്പെടുത്തുന്നതിന് കുടുംബശ്രീ പ്രവർത്തകരെ ചുമതലപ്പെടുത്താവുന്നതാണെന്ന സർക്കാർ നിർദ്ദേശത്തെ തുടർന്ന് ടി പ്രവർത്തികൾ ചെയ്യുന്നതിന് നഗരസഭയിലെ കുടുംബശ്രീ യൂണിറ്റിനെ ചുമതലപ്പെടുത്തി 29.01.2014-ന് സെക്രട്ടറി ഉത്തരവിട്ടു. റവന്യൂ ഇൻസ്പെക്ടറുടെ മേൽനോട്ടത്തിൽ വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച ഡേറ്റാ എൻട്രി പ്രവർത്തികൾ 31.03.2014-ന് പൂർത്തീകരിക്കണമെന്ന വ്യവസ്ഥയിലാണ് കുടുംബശ്രീയുമായി നഗരസഭ കരാറിൽ ഏർപ്പെട്ടതെങ്കിലും നാളിതുവരെയും ടി പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടില്ല.

വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് സഞ്ചയ സോഫ്റ്റ് വെയറിൽ വിവരങ്ങൾ രേഖപ്പെടുത്തിയതിന്റെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ വാർഡുകൾ | 28 |
| ആകെ കെട്ടിടങ്ങൾ | 15671 |
| അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തിയത് | 15671 |
| ഫോം 6 രേഖപ്പെടുത്തിയത് | 6691 |
| ഫോം 6 അംഗീകരിച്ചത് | 202 |

2011- ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിന് ശേഷം നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് മാത്രമാണ് പുതുക്കിയ നിരക്കിലുള്ള വസ്തുനികുതി ഈടാക്കുന്നത്. വസ്തുനികുതി പരിഷ്കരണം പ്രാബല്യത്തിൽ വരുന്നതിന് മുൻപ് നിലവിലുണ്ടായിരുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരിച്ച് ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് നാളിതുവരെ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല. പരിഷ്കരണത്തിന് മുൻപ് നിലവിലുണ്ടായിരുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി പഴയ നിരക്കിലാണ് ഡിമാന്റ് ചെയ്ത് ഈടാക്കുന്നത്. വസ്തുനികുതി പരിഷ്കരണ നടപടികളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ യഥാസമയം പൂർത്തീകരിക്കുന്നതിൽ ജീവനക്കാരുടെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ചയുണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു. പരിഷ്കരണ നടപടികൾ ഏകോപിപ്പിക്കുന്നതിലും യഥാസമയം പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പുതുക്കിയ നിരക്കിലുള്ള വസ്തുനികുതി ഈടാക്കി നഗരസഭയുടെ തനത് ഫണ്ട് വർദ്ധിപ്പിക്കുന്നതിനാവശ്യമായ സാഹചര്യം സൃഷ്ടിക്കുന്നതിൽ കൗൺസിലിന്റെയും സെക്രട്ടറിയുടേയും ഭാഗത്തുനിന്നും വീഴ്ചയുണ്ടായി. വസ്തുനികുതി പരിഷ്കരണ ഉത്തരവ് നിലവിൽ വരുന്നതിന് മുൻപ് ഉണ്ടായിരുന്ന കെട്ടിടങ്ങളിൽ നിന്ന് പഴയ നിരക്കിൽത്തന്നെയാണ് നിലവിൽ വസ്തുനികുതി ഈടാക്കിവരുന്നത്. വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട്, 01.04.2011 മുതൽ അഞ്ച് വർഷത്തേക്ക് പ്രാബല്യത്തിൽ വരുന്ന രീതിയിലാണ് നഗരസഭ വിജ്ഞാപനം പുറപ്പെടുവിച്ചത്. വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന കാലാവധി കഴിഞ്ഞിട്ടുപോലും പരിഷ്കരിച്ച വസ്തുനികുതി ഈടാക്കുവാൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ലായെന്നത് ഖേദകരമായ വസ്തുതയാണ്. വസ്തുനികുതി പരിഷ്കരണ നടപടികൾ അടിയന്തിരമായി പൂർത്തീകരിച്ച്, മുഴുവൻ കെട്ടിടങ്ങൾക്കും തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഈടാക്കേണ്ടതാണ്.

## 2-6 വിമുക്തഭടന്മാരെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കൽ–നടപടി സ്വീകരിച്ചിട്ടില്ല

വിമുക്തഭടന്മാർ/അവരുടെ വിധവകൾ/അംഗവൈകല്യം സംഭവിച്ച ജവാന്മാർ/ജവാന്മാരുടെ വിധവകൾ എന്നിവരുടെ യഥാർത്ഥ താമസാവശ്യത്തിനായി ഉപയോഗിക്കുന്ന സ്വന്തം പേരിലുള്ളതോ അവരുടെ ഭാര്യമാരുടെ പേരിലുള്ളതോ ആയ ഏതെങ്കിലും ഒരു ഭവനത്തെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ജി.ഒ (എം.എസ്സ്) 242 / 2013/ത.സ്വ.ഭ.വ തീയതി 02/07/2013-നമ്പർ ഉത്തരവ് പ്രകാരം മേൽ ഇളവിന് സർക്കാർ ചില നിബന്ധനകൾ നിഷ്കർഷിക്കുകയും ഇളവ് അനുവദിക്കാവുന്ന കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിന്റെ പരിധി 2000 ചതുരശ്ര അടിയായി (185.8 ച.മീ) നിജപ്പെടുത്തുകയും ചെയ്തിരുന്നു. പരിശോധനയ്ക്ക് ഹാജരാക്കിയ രേഖകൾ പ്രകാരം നഗരസഭയിൽ ഓഡിറ്റ് വർഷം 153 വിമുക്തഭടന്മാരാണ് നികുതി ഇളവിനുവേണ്ടി അപേക്ഷിച്ചിട്ടുള്ളത്. വിമുക്തഭടന്മാർക്ക് നികുതി ഇളവ് നൽകുന്നത് സംബന്ധിച്ച രജിസ്റ്ററിൽ, അപേക്ഷകന്റെ പേരും വീട്ടുനമ്പരും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കെട്ടിടത്തിന്റെ വിസ്തീർണ്ണം, നിലവിൽ ഒടുക്കുവരുത്തേണ്ട വസ്തുനികുതി, അപേക്ഷയിന്മേൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എടുത്ത തീരുമാനം എന്നിവയുടെ വിവരം രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിച്ച് അർഹരായ അപേക്ഷകർക്ക് വസ്തുനികുതി ഇളവ് നൽകുന്നതിനും അനർഹരായവരെ ഒഴിവാക്കുന്നതിനും തീരുമാനം എടുത്തിട്ടില്ല എന്ന് പരിശോധനയിൽ വ്യക്തമായി. ഇത് ബന്ധപ്പെട്ട ജീവനക്കാരുടെ ഭാഗത്തുനിന്ന് ഉണ്ടായ ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഈ വിഷയത്തിൽ കൗൺസിൽ അടിയന്തിരമായി ഇടപെടേണ്ടതും വസ്തുനികുതി ഇളവിന് അർഹരായ വിമുക്തഭടന്മാർക്ക് ഇളവ് അനുവദിക്കുന്നതിനും അനർഹരായവരെ ഒഴിവാക്കി അവരിൽ നിന്ന് വസ്തുനികുതി ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 2-7 ബി.എസ്.എൻ.എൽ കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കി

ഇൻഡ്യൻ ഭരണഘടനയുടെ അനുഛേദം 285(1) പ്രകാരം ഭാരത സർക്കാർ കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ 2000 ഒക്ടോബർ മാസം കമ്പിനിയായി പ്രവർത്തനം ആരംഭിച്ച ബി.എസ്.എൻ.എൽ കെട്ടിടങ്ങൾക്ക് ഈ ഇളവ് ബാധകമല്ലെന്ന് 09.12.2004-ലെ 43657/B4/04/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നഗരസഭാ പരിധിക്കുള്ളിൽ സ്ഥിതിചെയ്യുന്ന ബി.എസ്.എൻ.എൽ കെട്ടിടങ്ങളിൽ നിന്ന് വസ്തുനികുതി ഈടാക്കുന്നില്ല. കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | കെട്ടിടത്തിന്റെ വിസ്തീർണ്ണം |
|---|---|---|
| 17/983 | ജൂനിയർ ടെലകോം ഓഫീസർ | നിർണ്ണയിച്ചിട്ടില്ല |
| 17/984 | ജൂനിയർ ടെലകോം ഓഫീസർ | നിർണ്ണയിച്ചിട്ടില്ല |
| 17/985 | ജൂനിയർ ടെലകോം ഓഫീസർ | നിർണ്ണയിച്ചിട്ടില്ല |
| 17/1001 | ഡിവിഷണൽ എഞ്ചിനീയർ, ടെലഫോൺ | നിർണ്ണയിച്ചിട്ടില്ല |
| 17/1002 | ഡിവിഷണൽ എഞ്ചിനീയർ, ടെലഫോൺ | നിർണ്ണയിച്ചിട്ടില്ല |

ബി.എസ്.എൻ.എൽ കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടില്ലാത്തതിനാൽ ടി കെട്ടിടങ്ങളുടെ വിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തി വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-8 ബി.എസ്.എൻ.എൽ മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല

മുനിസിപ്പൽ പരിധിയിൽ പ്രവർത്തിക്കുന്ന രണ്ട് ബി.എസ്.എൻ.എൽ മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നില്ല. സർക്കുലർ നമ്പർ 11414/ആർ.ഡി.2/2010/ത.സ്വ.ഭ.വ., തീയതി 30.10.2010 പ്രകാരം ബി.എസ്.എൻ.എൽ. ടവറുകളെ പെർമിറ്റ് ഫീസിൽനിന്ന് ഒഴിവാക്കിയിട്ടുണ്ടെങ്കിലും ഇവയ്ക്ക് വസ്തുനികുതി ബാധകമാണ്. പ്രസ്തുത ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ലാത്തതിനാൽ മുനിസിപ്പാലിറ്റിക്ക് ഗണ്യമായ വരുമാനനഷ്ടം ഉണ്ടാകുന്നു. കേരള മുനിസിപ്പാലിറ്റി വസ്തുനികുതി ചട്ടങ്ങൾ 01.04.2011 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ജി.ഒ.(ആർ.റ്റി)നം.19/2011/ത.സ്വ.ഭ.വ., തീയതി 14.01.2011 പ്രകാരം മൊബൈൽ ടവറുകൾക്ക് ബാധകമായ പരമാവധി വസ്തുനികുതി ച.മീറ്ററിന് 500 രൂപയാണ്. ഈ നിരക്കിൽ ബി.എസ്.എൻ.എൽ ടവറുകൾക്ക് വസ്തുനികുതി നിർണ്ണയിച്ച് കുടിശ്ശികയടക്കം ഈടാക്കേണ്ടതാണ്.

## 2-9 സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കി

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം 235-ാം വകുപ്പിന് 2009-ലെ 30 , 2014-ലെ 8 എന്നീ ആക്ടുകളിൽ വരുത്തിയ ഭേദഗതികൾ പ്രകാരം സർക്കാർ വക, എയ്ഡഡ്, സർക്കാരിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്നതോ സർക്കാരിന്റെ അംഗീകാരമുള്ളതോ ആയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് അല്ലെങ്കിൽ അനുബന്ധ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളും പ്രസ്തുത സ്ഥാപനത്തിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങളും വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ആകയാൽ ഈ വിഭാഗത്തിൽ ഉൾപ്പെടാത്ത മറ്റെല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും വസ്തുനികുതിയുടെ പരിധിയിൽ ഉൾപ്പെടുന്നതാണ്. എന്നാൽ നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്നതും മേൽപ്പറഞ്ഞ വിഭാഗത്തിൽ ഉൾപ്പെടാത്തതുമായ താഴെപ്പറയുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | സെന്റ് ജൂഡ് ഇംഗ്ലീഷ് മീഡിയം സ്കൂൾ |
| 2 | മാർത്തോമ ഇംഗ്ലീഷ് മീഡിയം സ്കൂൾ |
| 3 | വിശ്വഭാരതി പ്രീപ്രൈമറി സ്കൂൾ |
| 4 | ആൾ സെയിന്റ്സ് ഇംഗ്ലീഷ് മീഡിയം സ്കൂൾ |
| 5 | ഹോളി ഏഞ്ചൽസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ |
| 6 | അപ്ലൈഡ് സയൻസ് കോളേജ്, അടൂർ |

മുകളിൽ വ്യക്തമാക്കിയിട്ടുള്ള നിയമങ്ങളുടേയും നിയമ ഭേദഗതികളുടേയും അടിസ്ഥാനത്തിൽ ടി വിദ്യാഭ്യാസ സ്ഥാപനങ്ങൾ വസ്തുനികുതി ഒടുക്കുവാൻ ബാധ്യസ്ഥരാണ്. 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങൾ പ്രകാരം ടി സ്ഥാപനങ്ങളുടെ വസ്തുനികുതി തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിച്ച് 14.01.2011 മുതലുള്ള കുടിശ്ശികയടക്കം ഈടാക്കി

വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-10 കെ.എച്ച്.ആർ.ഡബ്ല്യു.എസ് പേ വാർഡുകളിൽ നിന്ന് വസ്തുനികുതി ഈടാക്കുന്നില്ല

1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ ശാസ്ത്ര ധർമ്മസ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ നിയമത്തിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു സൊസൈറ്റിയാണ് കേരള ഹെൽത്ത് റിസർച്ച് ആന്റ് വെൽഫെയർ സൊസൈറ്റി. കെ.എച്ച്.ആർ.ഡബ്ല്യു.എസ്-ന്റെ കീഴിലുള്ള പേ വാർഡുകളിലെ താമസക്കാരിൽനിന്ന് സൊസൈറ്റി വാടക ഈടാക്കുന്ന സാഹചര്യത്തിൽ , പ്രസ്തുത പേ വാർഡുകളെ വസ്തുനികുതിയിൽനിന്ന് ഒഴിവാക്കേണ്ടതില്ലെന്ന് ഗവ.ലെറ്റർ നമ്പർ 11493/B2/97 ത.സ്വ.ഭ.വ., തീയതി 20.05.97 പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുമുണ്ട്. അടൂർ ജനറൽ ഹോസ്പിറ്റലിൽ കെ.എച്ച്.ആർ.ഡബ്ല്യു.എസിന്റെ 25 പേ വാർഡുകൾ പ്രവർത്തിക്കുന്നുണ്ട്[അസസ്മെന്റ് രജിസ്റ്റർ പ്രകാരം ടി മുറികൾക്ക് XVII/1110,1111,1111(1) എന്നീ നമ്പരുകളാണ് നൽകിയിട്ടുള്ളത്] എന്നാൽ മേൽ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ ഇവയുടെ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല. മുൻവർഷത്തെ റിപ്പോർട്ടിലും ഈ വിഷയം ചൂണ്ടിക്കാണിച്ചിരുന്നെങ്കിലും നികുതി നിർണ്ണയം നടത്തുന്നതിന് യാതൊരു നടപടിയും നഗരസഭാധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. കെ.എച്ച്.ആർ.ഡബ്ല്യു.എസിന്റെ കീഴിലുള്ള പേ വാർഡുകളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടില്ലെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ ഇവയുടെ വസ്തുനികുതി നിർണ്ണയിച്ച് കുടിശ്ശികയടക്കം ഈടാക്കേണ്ടതാണ്.

## 2-11 വസ്തുനികുതി കുടിശ്ശിക പെരുകുന്നു-പിരിച്ചെടുക്കുവാൻ നടപടിയില്ല

2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം, വസ്തുനികുതി നിർണ്ണയ രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ തുടങ്ങിയ അടിസ്ഥാന രേഖകൾ സൂക്ഷിക്കേണ്ട ചുമതല നഗരസഭാ സെക്രട്ടറിയ്ക്കാണ്. എന്നാൽ നഗരസഭയിൽ ഈ അടിസ്ഥാന രേഖകളൊന്നും ശരിയായ രീതിയിൽ പരിപാലിക്കുന്നില്ല. വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഒന്നും വരുത്തുന്നില്ല. വസ്തുനികുതി പിരിവിനെ സംബന്ധിച്ച ആകെയുള്ള രേഖ ബിൽ കളക്ടർമാർ ഉപയോഗിക്കുന്ന ഹാൻഡ് ബുക്കാണ്. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ കുടിശ്ശികയുടെ വാർഷികാടിസ്ഥാനത്തിലുള്ള വിവരങ്ങളോ വ്യക്തിഗത നികുതിദായകരുടെ കുടിശ്ശിക വിവരങ്ങളോ ലഭ്യമല്ല. വാർഷിക ധനകാര്യപത്രിക പ്രകാരം 2015-16 സാമ്പത്തികവർഷം അവസാനിക്കുമ്പോൾ 1.61 കോടി രൂപ വസ്തുനികുതിയിനത്തിൽ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു. 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 539(1) പ്രകാരം നികുതി ഈടാക്കുന്നതിനായി ജപ്തി, വ്യവഹാരം, പ്രോസിക്യൂഷൻ നടപടി ആദ്യമായി ആരംഭിക്കാൻ നിയമാനുസൃതം യോഗ്യമായ തീയതിമുതൽ മൂന്നു വർഷക്കാലയളവിൽ ജപ്തിയോ വ്യവഹാരമോ പ്രോസിക്യൂഷനോ ആരംഭിക്കാത്ത പക്ഷം ആയത് കാലഹരണപ്പെട്ട് പോകുന്നതാണ്. ഇപ്രകാരം നഗരസഭയ്ക്ക് കിട്ടേണ്ട ഏതെങ്കിലും നികുതിയോ മറ്റ് സംഖ്യയോ കാലഹരണം മൂലം പിരിച്ചെടുക്കാൻ കഴിയാതെ വന്നാൽ, ആയത് ഏതെങ്കിലും ഉദ്യോഗസ്ഥന്റെ വീഴ്ചമൂലമാണെങ്കിൽ നഗരസഭയ്ക്കുണ്ടായ നഷ്ടം 12% പലിശ സഹിതം ആയതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണെന്ന് സെക്ഷൻ 539(2)-ൽ വ്യക്തമാക്കിയിട്ടുണ്ട്. നികുതി കുടിശ്ശികയുടെ പിരിവ് ഊർജിതമാക്കുന്നതിന് സ്പെഷ്യൽ ഡ്രൈവുകൾ (ക്യാമ്പ് കളക്ഷൻ പോലുള്ളവ) സംഘടിപ്പിക്കേണ്ടതും അടിയന്തിര നടപടികൾ സ്വീകരിച്ച് കുടിശ്ശികതുക പൂർണ്ണമായി പിരിച്ചെടുക്കേണ്ടതുമാണ്.

## 2-12 സേവന ഉപനികുതി ഈടാക്കുന്നില്ല

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം, 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവ പ്രകാരം മുനിസിപ്പാലിറ്റി പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും ആക്റ്റിലെ 235-ാം വകുപ്പ് പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടില്ലാത്തതുമായ എല്ലാ കെട്ടിടങ്ങളുടേയും ഉടമസ്ഥരിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതിചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ജലസേചനം, ശുചീകരണം, ഡ്രെയിനേജ്, തെരുവ് വിളക്കുകൾ എന്നീ സേവനങ്ങൾ നൽകുന്നതിന് വസ്തുനികുതിയുടെ 10%-ൽ കുറയാത്ത തുക സേവനനികുതി ചുമത്താവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നഗരസഭ കൗൺസിൽ ഈ വിഷയത്തിൽ തീരുമാനം എടുത്തിട്ടില്ല.

## 2-13 അനധികൃത നിർമ്മാണങ്ങളിൽ നിന്ന് വസ്തുനികുതി ഈടാക്കുന്നതിൽ അപാകത

1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 04, 20 എന്നിവ പ്രകാരം, സെക്രട്ടറിയിൽ നിന്ന് അനുമതി ലഭിക്കാതെ ഒരു വ്യക്തിയും മുനിസിപ്പൽ പ്രദേശത്ത് യാതൊരു കെട്ടിടവും നിർമ്മിക്കുവാൻ പാട്ടുള്ളതല്ല. അനുമതിയില്ലാതെ നടത്തിയ നിർമ്മാണം, അംഗീകരിച്ച പ്ലാനിൽ നിന്നുള്ള വ്യതിയാനം, നിയമത്തിലേയോ ചട്ടങ്ങളിലെയോ ഏതെങ്കിലും വ്യവസ്ഥ ലംഘിച്ചുകൊണ്ടുള്ള നിർമ്മാണം എന്നിവയെയാണ് അനധികൃത നിർമ്മാണമായി കണക്കാക്കുന്നു. കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 242-ാം വകുപ്പ് പ്രകാരം, അനധികൃത നിർമ്മാണങ്ങളെ സംബന്ധിച്ച്, കെട്ടിടം പണി പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗിക്കുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് അന്നുമുതൽ ആ കെട്ടിടം പൊളിച്ചുമാറ്റുന്നത് വരെയോ നിർമ്മാണം നിയമാനുസൃതമാക്കുന്നത് വരെയോ ആ കെട്ടിടത്തിന് സാധാരണ നിലയിൽ ഈടാക്കേണ്ടിയിരുന്ന വസ്തുനികുതിയുടെ മൂന്നിരട്ടി തുക വസ്തുനികുതിയായി ഈടാക്കേണ്ടതാണ്. അനധികൃത നിർമ്മാണങ്ങളെ സംബന്ധിച്ച് നികുതി നിർണ്ണയ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ (UA രജിസ്റ്റർ) പരിശോധിച്ചതിൽ, താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് യു.എ നമ്പർ നൽകി നികുതി നിർണ്ണയിച്ചതായി കാണുന്നു.

| ക്രമ നം | കെട്ടിട ഉടമസ്ഥന്റെ വിവരം | കെട്ടിടത്തിന്റെ വിവരം | നിർണ്ണയിച്ച വസ്തുനികുതി | നികുതി നിർണ്ണയിച്ചത് |
|---|---|---|---|---|
| 1 | നിയാസ്<br>ഫാത്തിമാ മൻസിൽ, കണ്ണംകോട് | 15/UA-1 | BT-3276<br>LC-164 | 12-13 ഒന്നാം അർദ്ധവർഷം |
| 2 | ഷാജഹാൻ<br>കുറവനയ്യത്ത്, കണ്ണംകോട് | 15/UA-2 | BT-1959<br>LC-96 | 12-13 രണ്ടാം അർദ്ധവർഷം |

ടി അനധികൃത നിർമ്മാണങ്ങളിൽ നിന്ന് 242-ാം വകുപ്പ് പ്രകാരം വസ്തുനികുതി ഈടാക്കുന്നില്ല. മേൽ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നത് വരെയോ നിർമ്മാണം നിയമാനുസൃതമാക്കുന്നത് വരെയോ കെട്ടിടങ്ങൾക്ക് സാധാരണ നിലയിൽ ഈടാക്കേണ്ടിയിരുന്ന വസ്തുനികുതിയുടെ മൂന്നിരട്ടി തുക വസ്തുനികുതിയായി ഈടാക്കുന്നതിന് വീഴ്ച വരുത്തിയിരുക്കുകയാണ്. പ്രസ്തുത തുക നികുതി ദായകരിൽ നിന്നും ഈടാക്കാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ ബാദ്ധ്യതയായി നിശ്ചയിക്കുന്നതായിരിക്കും.

## 2-14 അനധികൃത കെട്ടിടനിർമ്മാണം-രജിസ്റ്റർ പരിപാലിക്കുന്നതിൽ അപാകത

നഗരസഭാ പരിധിക്കുള്ളിലുള്ള അനധികൃത നിർമ്മാണങ്ങളെ സംബന്ധിച്ച് ആധികാരികമായി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. അനധികൃത നിർമ്മാണങ്ങളെ സംബന്ധിച്ച് പൊതുജനങ്ങൾ നൽകുന്ന പരാതികൾ രേഖപ്പെടുത്തുന്നതിന് ഉപയോഗിക്കുന്ന രജിസ്റ്റർ മാത്രമാണ് നിലവിലുള്ളത്. രജിസ്റ്ററിലെ ഒരു രേഖപ്പെടുത്തൽ പോലും മേലധികാരികൾ കണ്ട് സാക്ഷ്യപ്പെടുത്തിയിട്ടില്ല. അനധികൃത നിർമ്മാണങ്ങളെ സംബന്ധിച്ച തുടർനടപടികൾ ഒന്നും രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. അനധികൃത നിർമ്മാണത്തിന്റെ വിശദാംശങ്ങൾ, ഏത് നിയമമാണ് ലംഘിച്ചിരിക്കുന്നത് എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. സംസ്ഥാനത്ത് ദിനം പ്രതി വർദ്ധിച്ചു വരുന്ന അനധികൃത നിർമ്മാണങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുളളതാണ്. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) നടത്തിയ പരിശോധനകളിൽ അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട വിവരങ്ങൾ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലെന്ന് കണ്ടെത്തിയതിനെ തുടർന്ന് 19.05.2014-ലെ 29342/ആർ.എ.1/2014/ തസ്വഭവ നമ്പർ സർക്കുലർ പ്രകാരം സർക്കാർ വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുളളതാണ്. അനധികൃത നിർമ്മാണം സംബന്ധിച്ച കൃത്യമായ രേഖകൾ സൂക്ഷിക്കാതിരിക്കുന്നത് അനധികൃത നിർമ്മാണങ്ങൾക്കെതിരെ യഥാസമയം നടപടി സ്വീകരിക്കാതെയും, ക്രമവൽക്കരിക്കാതെയും അവ കാലക്രമത്തിൽ നിയമാനുസൃത നിർമ്മാണങ്ങളാകുന്നതിന് കളം ഒരുക്കുന്നു. സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ച് അനധികൃത നിർമ്മാണങ്ങൾക്ക് എതിരെ നടപടി ത്വരിതപ്പെടുത്തേണ്ടതാണ്.

## 2-15 ബിൽഡിംഗ് പെർമിറ്റ്-തുടർനടപടികൾ സ്വീകരിക്കുന്നില്ല

1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ ചട്ടം 15A പ്രകാരം ഒരു ബിൽഡിംഗ് പെർമിറ്റിന്റെ കാലാവധി അത് ഇഷ്യൂ ചെയ്യുന്ന തീയതി മുതൽ മൂന്ന് വർഷക്കാലമാണ്. കാലാവധി അവസാനിക്കുന്നതിന് മുൻപ് പെർമിറ്റ് പുതുക്കുന്നതിന് അപേക്ഷ സമർപ്പിച്ചാൽ മൂന്ന് വർഷത്തേക്ക് വീതം രണ്ട് തവണ സെക്രട്ടറിക്ക് പെർമിറ്റ് പുതുക്കി നൽകാവുന്നതാണ്. പെർമിറ്റ് കാലയളവിനുള്ളിൽ തന്നെ നിർമ്മാണം പൂർത്തിയാക്കുന്ന കേസിൽ, കംപ്ലീഷൻ സർട്ടിഫിക്കേറ്റ് ഹാജരാക്കുന്ന മുറയ്ക്ക് നിർമ്മാണം പരിശോധിച്ച് ഒക്കുപ്പൻസി സർട്ടിഫിക്കേറ്റ് നൽകുകയും റവന്യൂ വിഭാഗം തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുകയും ചെയ്യും.

ബിൽഡിംഗ് പെർമിറ്റ് വിതരണം സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ, പെർമിറ്റ് വിതരണം ചെയ്തതിന് ശേഷമുള്ള തുടർനടപടികൾ വീക്ഷിക്കുന്നതിന് നഗരസഭയ്ക്ക് സംവിധാനം ഇല്ലായെന്ന് വ്യക്തമാകുന്നു. ഒരു നിർമ്മാണത്തിന് പെർമിറ്റ് നൽകിക്കഴിഞ്ഞാൽ പിന്നീട് കെട്ടിടത്തിന്റെ ഉടമസ്ഥൻ കംപ്ലീഷൻ സർട്ടിഫിക്കേറ്റ് ഹാജരാക്കുമ്പോൾ മാത്രമാണ് ഈ ഫയലിൽ വീണ്ടും നടപടി സ്വീകരിക്കുന്നത്. പെർമിറ്റുകളുടെ കാലാവധി കഴിഞ്ഞിട്ടും കംപ്ലീഷൻ സർട്ടിഫിക്കേറ്റ് ഹാജരാക്കാത്ത നിർമ്മാണങ്ങൾ കണ്ടെത്തി, നിർമ്മാണം പൂർത്തിയായിട്ടില്ലെങ്കിൽ നിശ്ചിത ഫീസ് ഈടാക്കി കാലാവധി ദീർഘിപ്പിച്ച് പെർമിറ്റ് പുതുക്കി നൽകുന്നതിനോ കെട്ടിടനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ഒക്കുപ്പൻസി സർട്ടിഫിക്കേറ്റ് അനുവദിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നതിനോ നടപടി സ്വീകരിക്കുന്നില്ല. കെട്ടിടം പണി പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗിക്കുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് അന്നുമുതൽ കെട്ടിടത്തിന് വസ്തുനികുതി ഈടാക്കേണ്ടതാണ്. പെർമിറ്റ് കാലാവധി കഴിഞ്ഞ കെട്ടിടങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കാതിരിക്കുന്നത് മൂലം നഗരസഭയ്ക്ക് രണ്ട് വിധത്തിൽ വരവ് നഷ്ടമുണ്ടാകുന്നു. നിർമ്മാണം പൂർത്തീകരിച്ചില്ലെങ്കിൽ പെർമിറ്റ് പുതുക്കി നൽകുന്നതിന് ഫീസായി ഈടാക്കേണ്ട തുകയും, നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ യഥാസമയം വസ്തുനികുതിയിനത്തിൽ ഈടാക്കേണ്ട തുകയും. നഗരസഭയിലെ ബിൽഡിംഗ് പെർമിറ്റ് ആപ്ലിക്കേഷൻ രജിസ്റ്റർ പരിശോധിച്ചതിൽ, 2011-12, 2012-13 കാലയളവിൽ വിതരണം ചെയ്ത 1364 പെർമിറ്റുകളിൽ 135 എണ്ണം യഥാസമയം പുതുക്കാത്തതിനാൽ ലാപ്സായിട്ടുണ്ട്.

പെർമിറ്റ് കാലാവധി കഴിഞ്ഞ സൈറ്റുകൾ പരിശോധിച്ച് നിർമ്മാണം പൂർത്തീകരിച്ചതാണോ എന്ന വിവരം ഉറപ്പാക്കേണ്ടതും സമയബന്ധിതമായി കംപ്ലീഷൻ പ്ലാൻ ഫയൽ ചെയ്ത് വസ്തു നികുതി അടവാക്കാൻ സന്നദ്ധരാകാത്ത കെട്ടിട ഉടമകൾക്കെതിരേ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-16 അംഗീകൃത ബൈലാ ഇല്ലാതെ പരസ്യനികുതി പിരിക്കുന്നു

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം 271-ാം വകുപ്പ് പ്രകാരം നഗരസഭാ പരിധിയിൽ പ്രദർശിപ്പിച്ചിട്ടുള്ള പരസ്യങ്ങളിൻമേൽ നികുതി പിരിക്കുന്നതിന് നഗരസഭയ്ക്ക് അധികാരമുണ്ട്. കൂടാതെ, 276-ാം വകുപ്പ് പ്രകാരം പരസ്യങ്ങൾക്ക് ചുമത്താവുന്ന ഏതൊരു നികുതിയും പിരിക്കാനുള്ള അവകാശം, 567-ാം വകുപ്പ് പ്രകാരം ഉണ്ടാക്കിയ ബൈലാകളാൽ വ്യവസ്ഥ ചെയ്യപ്പെടാവുന്ന ഉപാധികളിൻമേലും നിബന്ധനകളിൻമേലും ഒരു പ്രാവശ്യം ഒരു വർഷത്തിൽ കവിയാത്ത ഏതൊരു കാലത്തേക്കും, കുത്തകയ്ക്ക് കൊടുക്കാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം ഒരു ബൈലോ തയ്യാറാക്കി 19.06.15-ലെ I-ാം നമ്പർ കമ്മിറ്റി തീരുമാനം അനുസരിച്ച് കൗൺസിൽ അംഗീകരിക്കുകയും സർക്കാരിൽ നിന്ന് അംഗീകാരം ലഭിക്കുന്നതിനായി നഗരകാര്യ ഡയറക്ടർക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെയും ടി ബൈലായ്ക്ക് സർക്കാർ അംഗീകാരം നൽകിയിട്ടില്ല. നഗരസഭാ പരിധിക്കുള്ളിൽ സ്ഥാപിച്ചിട്ടുള്ള പരസ്യങ്ങളിൽ നിന്ന് നികുതി പിരിക്കുന്നതിനുള്ള കുത്തകാവകാശം 2015-16 സാമ്പത്തിക വർഷം ലേലം ചെയ്ത ഇനത്തിൽ നഗരസഭയ്ക്ക് 305005 രൂപ വരവുണ്ട്. നഗരസഭ തയ്യാറാക്കിയ ബൈലായ്ക്ക് സർക്കാറിന്റെ അംഗീകാരം ലഭ്യമാക്കുന്നതിനുളള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും ബൈലായുടെ അടിസ്ഥാനത്തിൽ പരസ്യനികുതി പിരിവ് നിയമാനുസൃതമാക്കേണ്ടതുമാണ്.

## 2-17 വിനോദ നികുതിയോടൊപ്പമുള്ള സെസ്സ് ഈടാക്കി ഒടുക്ക് വരുത്തുന്നതിൽ വീഴ്ച

കേരളാ ലോക്കൽ അതോറിറ്റീസ് എന്റർടൈൻമെന്റ് ടാക്സ് അമൻഡ്മെന്റ് ആക്ട് 2013 പ്രകാരം പുതിയതായി ഉൾപ്പെടുത്തിയ സെക്ഷൻ 3 C യ്ക്ക് അനുസൃതമായി 25 രൂപയ്ക്ക് മുകളിലുള്ള എല്ലാ സിനിമാ ടിക്കറ്റുകളിലും 3 രൂപ വീതം സെസ്സ് ഈടാക്കേണ്ടതും ഇപ്രകാരം ഈടാക്കിയ സെസ്സ് തുക കൾച്ചറൽ ആക്ടിവിസ്റ്റ്സ് വെൽഫയർ ഫണ്ടിലേക്ക് ഒടുക്കേണ്ടതുമാണ്. എന്നാൽ അടൂർ മുനിസിപ്പൽ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന സിനിമാ പ്രദർശന ശാലകളിൽ നിന്നും ഇപ്രകാരം സെസ്സ് ഈടാക്കി ഒടുക്കു വരുത്തുന്നതിൽ ഓഡിറ്റ് കാലയളവിൽ വലിയ വീഴ്ച വരുത്തിയിട്ടുണ്ട്. നഗര സഭാ പ്രദേശത്ത് പ്രവർത്തിക്കുന്ന സിനിമാ ശാലകളുടെ ടിക്കറ്റ് സീൽ രജിസ്റ്റർ പരിശോധിച്ചതിൽ 2015-16

സാമ്പത്തിക വർഷം വിറ്റ 25 രൂപയ്ക്ക് മുകളിലുള്ള ടിക്കറ്റുകളുടെ എണ്ണം ചുവടെ ചേർക്കും പ്രകാരമാണ്.

| മാസം | ഓരോ തീയറ്ററുകളും രജിസ്റ്റർ പ്രകാരം സീൽ ചെയ്ത് വിനോദനികുതി അടച്ച 25 രൂപയ്ക്ക് മുകളിലുള്ള ടിക്കറ്റുകളുടെ എണ്ണം | | | ആകെ ടിക്കറ്റുകളുടെ എണ്ണം | ഓരോ മാസവും ഒടുക്കേണ്ട സെസ്സ് തുക (ടിക്കറ്റൊന്നിന് 3 രൂപ നിരക്കിൽ) | മൂന്ന് തീയറ്ററുകളിൽ നിന്നും സെസ്സ് ഇനത്തിൽ 2015-16വർഷം ഒടുക്കിയതുക | 2015-16 സാമ്പത്തിക വർഷം സെസ്സ് ഇനത്തിൽ ഒടുക്കുവാൻ ബാക്കി നിൽക്കുന്ന തുക |
|---|---|---|---|---|---|---|---|
| | നാദം | നയനം | സ്മിത | | | | |
| 04/15 | 3989 | 6345 | 8133 | 18467 | 55401 | | |
| 05/15 | 3697 | 8355 | 4607 | 16659 | 49977 | | |
| 06/15 | 2128 | 3218 | 40589 | 45935 | 137805 | | |
| 07/15 | 2156 | 3270 | 7326 | 12752 | 38256 | | |
| 08/15 | 4185 | 6400 | 9094 | 19679 | 59037 | | |
| 09/15 | 12403 | 6682 | 9984 | 29069 | 87207 | | |
| 10/15 | 5774 | 8915 | 7725 | 22414 | 67242 | | |
| 11/15 | 4636 | 4636 | 5483 | 14755 | 44265 | | |
| 12/15 | 4362 | 6763 | 7258 | 18383 | 55149 | | |
| 01/16 | 2961 | 10363 | 7065 | 20389 | 61167 | | |
| 02/16 | 3526 | 3634 | 10825 | 17985 | 53955 | | |
| 03/16 | 1368 | 4695 | 5543 | 11606 | 34818 | | |
| | | | | 248093 | 744279 | 88500* | 655779 |

*(ചെക്ക് നം.925399 തീയതി.28.01.2016 പ്രകാരം ക്ഷേമനിധിയുടെ 67209773080 SBT അക്കൗണ്ടിൽ സെസ്സ് ഇനത്തിൽ ഒടുക്കിയ ആകെ തുക)

2015-16 സാമ്പത്തിക വർഷം 248093 ടിക്കറ്റുകളാണ് മൂന്ന് തീയറ്ററുകളിലുമായി വിറ്റിട്ടുള്ളത്. ഇതിൽ 29500 ടിക്കറ്റുകളുടെ സെസ്സ് തുകമാത്രമാണ് ഒടുക്കിയിട്ടുള്ളത്. സെസ്സ് ഇനത്തിൽ ആകെ അടയ്ക്കേണ്ട 744279 രൂപയിൽ അടവാക്കിയ 88500 രൂപ കിഴിച്ച് ബാക്കിനിൽക്കുന്ന 655779 രൂപ അടിയന്തിരമായി ഈടാക്കി വെൽഫയർ ഫണ്ടിലേക്ക് ഒടുക്ക് വരുത്തേണ്ടതാണ്.

## 2-18 ഗ്രീൻ വാലി അമ്യൂസ്മെന്റ് പാർക്കിൽ നിന്നും വിനോദനികുതി ഈടാക്കുന്നില്ല

മുനിസിപ്പൽ പരിധിയിൽ 2008-09 മുതൽ പ്രവർത്തിച്ചുവരുന്ന ഗ്രീൻ വാലി അമ്യൂസ് മെന്റ് പാർക്കിൽനിന്ന് വിനോദ നികുതി ഈടാക്കുന്നതിനായി മുൻവർഷങ്ങളിലെ റിപ്പോർട്ടുകളിൽ പരാമർശിച്ചിരുന്നെങ്കിലും നാളിതുവരെ ഈടാക്കിയിട്ടില്ല. പാർക്കിലേക്കുള്ള പ്രവേശനം ടിക്കറ്റ് മുഖേന പരിമിതപ്പെടുത്തിയിട്ടുള്ള പ്രസ്തുത സ്ഥാപനത്തിൽ ഓരോ റൈഡിനും പ്രത്യേക ടിക്കറ്റുകളും ഏർപ്പെടുത്തിയിട്ടുണ്ട്.

1961 ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയ്ൻമെന്റ്സ് ടാക്സ് നിയമം വകുപ്പ് 3 ബി പ്രകാരം അമ്യൂസ് മെന്റ് പാർക്കുകളെ അഞ്ച് കാറ്റഗറികളായി തിരിക്കുകയും ഓരോന്നിനും ബാധകമായ വിനോദ നികുതി നിരക്കുകൾ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

ഗ്രീൻ വാലി അമ്യൂസ് മെന്റ് പാർക്ക് ഇവയിൽ ഏത് കാറ്റഗറിയിൽപ്പെടുന്നു എന്ന വിവരം മുനിസിപ്പാലിറ്റിയിൽ ലഭ്യമല്ല. വകുപ്പ് 6പ്രകാരമാണ് അമ്യൂസ് മെന്റ് പാർക്കുകളുടെ നികുതി നിർണ്ണയിക്കേണ്ടത്. അമ്യൂസ് മെന്റ് പാർക്കുകളിൽ വിനോദനികുതി സംബന്ധിച്ച പരിശോധന നടത്താൻ തദ്ദേശ ഭരണ സ്ഥാപന മേധാവിക്ക്, വകുപ്പ് 9 പ്രകാരം അധികാരമുണ്ട്. കൂടാതെ, വിനോദ നികുതി അടയ്ക്കാൻ വീഴ്ച വരുത്തുന്ന സ്ഥാപനങ്ങൾക്കെതിരെ വകുപ്പ് 10 പ്രകാരം നടപടി സ്വീകരിക്കാവുന്നതുമാണ്. എന്നാൽ ഇപ്രകാരമുള്ള പരിശോധന നടത്തുന്നതിലും നികുതി നിർണ്ണയിച്ച് ഈടാക്കുന്നതിലും സെക്രട്ടറിയും ഭരണസമിതിയും വീഴ്ച വരുത്തി. ഇക്കാരണത്താൽ വിനോദ നികുതിയിനത്തിൽ ലക്ഷക്കണക്കിന് രൂപയാണ് മുനിസിപ്പൽ ഫണ്ടിന് നഷ്ടമായത്. പാർക്ക് തുടങ്ങിയ കാലം മുതലുള്ള മുനിസിപ്പൽ സെക്രട്ടറിമാരും റവന്യൂ വിഭാഗം ഉദ്യോഗസ്ഥരും ഈ നഷ്ടത്തിന് ഉത്തരവാദികളാണ്. മുൻകാല പ്രാബല്യത്തോടെ നികുതി നിർണ്ണയം നടത്തി കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ്.

## 2-19 അടൂർ ഫെസ്റ്റ് -വിനോദ നികുതി ഇനത്തിൽ ലഭിക്കേണ്ട യഥാർത്ഥ വരുമാനം ലഭിച്ചിട്ടില്ല

നഗരസഭാ പരിധിക്കുള്ളിൽ ലാഭേച്ഛയോടെ പ്രദർശന - വിപണന മേളകൾ നടത്തുന്ന സ്വകാര്യ വ്യക്തികൾ, സംഘടനകൾ എന്നിവരിൽനിന്ന് 1962 ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടൈൻമെന്റ് ടാക്സ് ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം മുൻകൂറായി വിനോദനികുതി സ്വീകരിക്കാവുന്നതാണ്. ഒപ്പംതന്നെ, ചട്ടം 22 പ്രകാരം പ്രവേശന പാസ്സുകളും റൈഡുകൾ/ ഷോ മുതലായവയ്ക്ക് വേണ്ടിയുള്ള പ്രത്യക ടിക്കറ്റുകളും സീൽ ചെയ്ത് നൽകുകയും മേള അവസാനിക്കുന്ന മുറയ്ക്ക് വിറ്റ ടിക്കറ്റുകളുടെ കണക്കെടുത്ത്, നികുതി കണക്കാക്കി മുനിസിപ്പൽ ഫണ്ടിലേക്ക് ലഭിക്കാനുള്ള ബാക്കി തുക ഈടാക്കുകയും ചെയ്യേണ്ടതാണ്.

എന്നാൽ 2015-16 സാമ്പത്തിക വർഷം ടൗൺ യു.പി.എസ് ഗ്രൗണ്ടിൽ വെച്ച് നടന്ന അടൂർ ഫെസ്റ്റിന് 60000 രൂപ ഫീസും 10000 രൂപ ഡെപ്പോസിറ്റും ഈടാക്കി പി.പി.ആർ ലൈസൻസ് നൽകിയെങ്കിലും പ്രവേശന പാസ്സുകൾ സീൽ ചെയ്ത് നൽകിയിട്ടില്ല. ഇപ്രകാരം ലൈസൻസ് നൽകുന്ന വേളയിൽ വിനോദനികുതിയായി ഒരു നിശ്ചിത തുക മാത്രം മുനിസിപ്പാലിറ്റി ഈടാക്കി അനുമതി നൽകിയതുമൂലം വിനോദ നികുതി

ഇനത്തിൽ കിട്ടേണ്ട യഥാർത്ഥ വരുമാനം ലഭിച്ചിട്ടില്ല.

## 2-20 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

നഗരസഭയിൽ തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിലും അനുബന്ധ രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നതിലും വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല. 2005ലെ കേരളാ മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ, ചട്ടം 10 പ്രകാരം നഗരസഭ പ്രദേശത്തെ ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. എന്നാൽ നഗരസഭ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിലെ വിവരങ്ങൾ പൂർണ്ണമല്ല. ആയതിനാൽ നഗരസഭ പ്രദേശത്ത് തൊഴിൽ നികുതി ഒടുക്കുവാൻ ബാദ്ധ്യസ്ഥരായ എത്ര സ്ഥാപനങ്ങളും ഉദ്യോഗസ്ഥരും ഉണ്ടെന്ന കൃത്യമായ വിവരം നഗരസഭയിൽ ലഭ്യമല്ല.

ഓരോ സ്ഥാപനത്തിലേയും നികുതിദായകരുടെ അടിസ്ഥാന വിവരങ്ങളായ അർദ്ധ വാർഷിക വരുമാനം, അടയ്ക്കേണ്ട നികുതി എന്നിവ ഡിമാന്റ് രജിസ്റ്ററിൽ എഴുതി ചേർക്കുന്നില്ല. അതിനു പകരമായി സ്ഥാപനത്തിലെ ആകെ ജീവനക്കാരുടെ എണ്ണവും സ്ഥാപനം അർദ്ധ വർഷത്തിൽ ഒടുക്കിയ ആകെ നികുതിയും മാത്രമാണ് എഴുതുന്നത്.

2015-16 രണ്ട് അർദ്ധ വർഷങ്ങളിലേയും തൊഴിൽ നികുതി വരവ് പരിശോധിച്ചതിൽ പല സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ജീവനക്കാരുടെ എണ്ണം | അർദ്ധ വർഷം |
|---|---|---|---|
| 1 | പന്നിവിഴ സർവ്വീസ് സഹകരണ ബാങ്ക് | 5 | 2015-16 (രണ്ടാം അർദ്ധ വർഷം) |
| 2 | സെന്റ് ജൂഡ് ഇംഗ്ലീഷ് മീഡിയം സ്കൂൾ | ലഭ്യമല്ല | 2015-16 ( ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ) |
| 3 | സെക്രട്ടറി, റൂറൽ കോപ്പറേറ്റീവ് ബാങ്ക്, അടൂർ | ലഭ്യമല്ല | 2015-16 ( ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ) |
| 4 | ആറ്റിൻകര ഇന്റീരിയേഴ്സ്, അടൂർ | ലഭ്യമല്ല | 2015-16 ( ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ) |
| 5 | ഭാരത് ഗ്യാസ്,അടൂർ | 1 | 2015-16 ( ഒന്നാം അർദ്ധ വർഷം) |
| 6 | പോലീസ് സ്റ്റേഷൻ, അടൂർ | ലഭ്യമല്ല | 2015-16 ( ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ) |
| 7 | സർക്കിൾ ഇൻസ്പെക്ടറുടെ കാര്യാലയം, അടൂർ | ലഭ്യമല്ല | 2015-16 ( ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ) |

| | | | |
|---|---|---|---|
| 8 | ഡി.വൈ.എസ്.പി ഓഫീസ്, അടൂർ | ലഭ്യമല്ല | 2015-16 ( ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ) |
| 9 | സിവിൽ സപ്ലൈസ് മെഡിക്കൽ സ്റ്റോർ, അടൂർ | ലഭ്യമല്ല | 2015-16 ( ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ) |
| 10 | ത്രിവേണി കൺസ്യൂമർ മാർക്കറ്റ്, അടൂർ | ലഭ്യമല്ല | 2015-16 ( ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ) |
| 11 | ജില്ലാ ഖാദി ഇൻഡസ്ട്രീസ് ഓഫീസ്, അടൂർ | ലഭ്യമല്ല | 2015-16 ( ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ) |
| 12 | അഗ്രിക്കൾച്ചറൽ ഡെവലപ്മെന്റ് ബാങ്ക്, അടൂർ | ലഭ്യമല്ല | 2015-16 ( രണ്ടാം അർദ്ധ വർഷം) |
| 13 | എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയം, സംസ്ഥാന ഹൗസിംഗ് ബോർഡ്, അടൂർ | 3 | 2015-16 ( രണ്ടാം അർദ്ധ വർഷം) |
| 14 | ടാൻഡം കോച്ചിംഗ് സെന്റർ, അടൂർ | ലഭ്യമല്ല | 2015-16 ( ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ) |
| 15 | വിശ്വഭാരതി പ്രീ പ്രൈമറി സ്കൂൾ | ലഭ്യമല്ല | 2015-16 ( ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ) |
| 16 | ഐ.സി.ഐ.സി.ഐ ബാങ്ക്, അടൂർ | ലഭ്യമല്ല | 2015-16 ( ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ) |
| 17 | കോർപ്പറേഷൻ ബാങ്ക് | ലഭ്യമല്ല | 2015-16 ( ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ) |

| | | | |
|---|---|---|---|
| 18 | ബേബി ഗ്യാസ് ഏജൻസി, അടൂർ | ലഭ്യമല്ല | 2015-16 ( ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ) |
| 19 | ശ്രീറാം ലൈഫ് ഇൻഷ്വറൻസ് | ലഭ്യമല്ല | 2015-16 ( ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ) |
| 20 | ഇൻഡസ് മോട്ടോഴ്സ്, അടൂർ | ലഭ്യമല്ല | 2015-16 ( ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ) |
| 21 | ക്രിസ്ത്യൻ കോളേജ്, അടൂർ | ലഭ്യമല്ല | 2015-16 ( ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ) |
| 22 | സബ് പോസ്റ്റ് ഓഫീസ്, ആനന്ദപ്പള്ളി | ലഭ്യമല്ല | 2015-16 ( ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ) |
| 23 | കൈരളി കൺസ്യൂമർ യൂണിറ്റ്, അടൂർ | ലഭ്യമല്ല | 2015-16 ( ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ) |
| 24 | നൻമ സ്റ്റോർ, ആനന്ദപ്പള്ളി | ലഭ്യമല്ല | 2015-16 ( ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ) |
| 25 | പി.ജി.എൻ ഫാമിലി ട്രസ്റ്റ്, പറക്കോട് | 3 | 2015-16 (രണ്ടാം അർദ്ധ വർഷം) |
| 26 | എസ്.എ.മിഷൻ ഹോസ്പിറ്റൽ, പറക്കോട് | 3 | 2015-16 (രണ്ടാം അർദ്ധ വർഷം) |
| 27 | കേരളാ വെയർ ഹൗസിംഗ് കോർപ്പറേഷൻ, അടൂർ | 2 | 2015-16 (രണ്ടാം അർദ്ധ വർഷം) |
| 28 | പാർക്ക് റെസിഡൻസി ഹോട്ടൽ, അടൂർ | ലഭ്യമല്ല | 2015-16 ( ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ) |

| | | | |
|---|---|---|---|
| 29 | ഐ.ഒ.സി.പെട്രോൾ പമ്പ്, പറക്കോട് | ലഭ്യമല്ല | 2015-16 ( ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ) |
| 30 | വയോമിത്രം, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ | 3 | 2015-16 (രണ്ടാം അർദ്ധ വർഷം) |
| 31 | കൺസ്യൂമർ ഫെഡ്, പറക്കോട് | ലഭ്യമല്ല | 2015-16 ( ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ) |
| 32 | ഗ്രീൻ വാലി അമ്യൂസ്മെന്റ് പാർക്ക് | ലഭ്യമല്ല | 2015-16 ( ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ) |
| 33 | ഭാരത് പെട്രോളിയം, പെട്രോൾ പമ്പ് | 5 | 2015-16 (രണ്ടാം അർദ്ധ വർഷം) |
| 34 | കൊശമറ്റം ഫിനാൻസ്, അടൂർ | ലഭ്യമല്ല | 2015-16 ( ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ) |
| 35 | സപ്ലൈ കോ ഡിപ്പോ, അടൂർ | 9 | 2015-16 (ഒന്നാം അർദ്ധ വർഷം) |
| 36 | ജോർജ് സൺസ് & കമ്പനി, അടൂർ | 5 | 2015-16 (രണ്ടാം അർദ്ധ വർഷം) |
| 37 | ജയ മൊസൈക്സ്, അടൂർ | ലഭ്യമല്ല | 2015-16 ( ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ) |
| 38 | ബീവറേജസ് കോർപ്പറേഷൻ, അടൂർ | 7 | 2015-16 (ഒന്നാം അർദ്ധ വർഷം) |
| 39 | ഫോക്കസ് ഓട്ടോമൊബൈൽസ്,അടൂർ | ലഭ്യമല്ല | 2015-16 ( ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ) |
| 40 | യുണൈറ്റഡ് ഇൻഡ്യ ഇൻഷ്വറൻസ് കമ്പനി | ലഭ്യമല്ല | 2015-16 ( ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ) |

| | | | |
|---|---|---|---|
| 41 | എൽ.ബി.എസ്. സെന്റർ, അടൂർ | 4 | 2015-16 (ഒന്നാം അർദ്ധ വർഷം) |
| 42 | അടൂർ ടൂറിസ്റ്റ് ഹോം | 1 | 2015-16 (രണ്ടാം അർദ്ധ വർഷം) |
| 43 | സി.ജി.ടെക്സ്റ്റൈൽസ് | ലഭ്യമല്ല | 2015-16 ( ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ) |
| 44 | ഹാന്റെക്സ് ഷോറൂം, അടൂർ | 1 | 2015-16 (രണ്ടാം അർദ്ധ വർഷം) |
| 45 | റിലയന്റ് ഹോം അപ്ലയൻസസ് | ലഭ്യമല്ല | 2015-16 ( ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ) |
| 46 | സ്റ്റാൻഡേഡ് ഓട്ടോഫ്യൂവൽസ് | ലഭ്യമല്ല | 2015-16 ( ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ) |
| 47 | പ്രിയങ്ക മോട്ടോഴ്സ് | ലഭ്യമല്ല | 2015-16 ( ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ) |
| 48 | ടി.വി.എസ് ഷോറൂം, അടൂർ | ലഭ്യമല്ല | 2015-16 ( ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ) |
| 49 | ടൈ നെറ്റ്വർക്ക് ടെക്നോളജി | ലഭ്യമല്ല | 2015-16 ( ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ) |
| 50 | അയാട്സ്, അടൂർ | ലഭ്യമല്ല | 2015-16 ( ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ) |
| 51 | കേരള ഹൗസിംഗ് ഫിനാൻസ് | ലഭ്യമല്ല | 2015-16 ( ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ) |

| | | | |
|---|---|---|---|
| 52 | കൈരളി സൂപ്പർ സ്പെഷ്യാലിറ്റി മെഡിക്കൽ ലാബ് | ലഭ്യമല്ല | 2015-16 ( ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ) |
| 53 | കാവേരി സ്റ്റോക്ക് ബ്രോക്കിംഗ്, അടൂർ | ലഭ്യമല്ല | 2015-16 ( ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ) |
| 54 | ജെ&ജെ സൂപ്പർമാർക്കറ്റ് | ലഭ്യമല്ല | 2015-16 ( ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ) |
| 55 | എസ്.ജി.ഫിനാൻസ് ലിമിറ്റഡ് | ലഭ്യമല്ല | 2015-16 ( ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ) |

ഇപ്രകാരം തൊഴിൽ നികുതി അടയ്ക്കുവാൻ വീഴ്ച വരുത്തുന്ന സ്ഥാപനങ്ങളിൽ നിന്നും കേരള മുനിസിപ്പാലിറ്റി ആക്ട് 252, 253, 254, 256 വകുപ്പുകൾ പ്രകാരമുള്ള നടപടിക്രമങ്ങളനുസരിച്ച് ഓഫീസ് മേധാവി അല്ലെങ്കിൽ തൊഴിലുടമ മുഖേന തൊഴിൽ നികുതി ഈടാക്കേണ്ടതും ആയതിന് വീഴ്ച വരുത്തുന്ന പക്ഷം 259 ാം വകുപ്പ് പ്രകാരമുള്ള ശിക്ഷാ നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

## **2-21** <u>സ്ഥാപന തൊഴിൽനികുതി ഈടാക്കുന്നില്ല</u>

1995-ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽനികുതി ചട്ടങ്ങൾ, ചട്ടം 3(2) പ്രകാരം നഗരസഭാ പരിധിയിൽ 60 ദിവസത്തിൽ കുറയാത്ത കാലം സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരും കമ്പനികളും ബിസിനസ്സ് നടത്തുന്നവരും തൊഴിൽനികുതി ഒടുക്കുവരുത്തുവാൻ ബാധ്യസ്ഥരാണ്. ഇതുപ്രകാരം താഴെ ചേർക്കുന്ന സ്ഥാപനങ്ങളുടെ 2015-16 വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും ഈടാക്കിയിട്ടില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ, കുടിശ്ശിക തുക ഡിമാന്റ് ചെയ്തത് ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | വാർഡ് നമ്പർ | ഈടാക്കേണ്ട തൊഴിൽ നികുതി | |
|---|---|---|---|---|
| | | | Ist Half | 2nd Half |
| 1. | മാനേജർ, മല്ലൂസ് ഹോട്ടൽ | I | 1000 | 1000 |
| 2. | ആർച്ച് ബിഷപ്പ്, അമലഗിരി എസ്റ്റേറ്റ് | I | 1250 | 1250 |
| 3. | ബിജു ജോർജ്, ചാങ്കൂർ സ്റ്റോർ | I | 120 | 120 |
| 4. | ആൻസി അലക്സ്, നവോദയ ട്രയിനിംഗ് സെന്റർ | II | 180 | 180 |
| 5. | സതീഷ് കുമാർ, ഇലക്ട്രിക്കൽ റിപ്പയറിംഗ് | II | 120 | 120 |
| 6. | ഗോപിനാഥൻ നായർ, കയ്യാലയ്ക്കൽ ബാങ്കേഴ്സ് | II | 450 | 450 |
| 7. | പന്നിവിഴ സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | II | xx | 1250 |
| 8. | സജി മാത്യൂ, മേലടത്ത് സൂപ്പർമാർക്കറ്റ് | II | 450 | 450 |
| 9. | സപ്ലൈക്കോ ലാഭം സൂപ്പർമാർക്കറ്റ് | II | 1250 | 1250 |

| | | | | |
|---|---|---|---|---|
| 10. | ഷറഫുദ്ദീൻ, റബ്കോ | II | 180 | 180 |
| 11. | രാധാകൃഷ്ണൻ, കിച്ചൺ ഇന്റീരിയേഴ്സ് | II | 300 | 300 |
| 12. | ഫിലിപ്പ് മാത്യൂസ്, മണ്ണിൽ ഏജൻസീസ് | IV | 1000 | 1000 |
| 13. | വിശ്വഭാരതി സ്കൂൾ ഓഫ് നഴ്സിംഗ് | IV | 750 | 750 |
| 14. | കെ.വിജയൻ, നാഷണൽ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് | IV | 600 | 600 |
| 15. | പന്നിവിഴ സർവ്വീസ് കോപ്പറേറ്റീവ് സൊസൈറ്റി | IV | 1250 | 1250 |
| 16. | സജുകുമാർ, സൗദം ബിൽഡേഴ്സ് | IV | 600 | 600 |
| 17. | സുരേഷ് കല്ലട, എയർ ട്രാവൽസ് ബുക്കിംഗ് | IV | 450 | 450 |
| 18. | സോന സൈമൺ, സർജിക്കൽ എക്യൂപ്മെന്റ്സ് | IV | xx | 750 |
| 19. | പ്രൊപ്രൈറ്റർ, സ്പാ പാർലർ | IV | 750 | 750 |
| 20. | സജികുമാർ, ആതിരാ വീഡിയോസ് | IV | 600 | 600 |
| 21. | രാജൻ, രാജൻ അസോസിയേറ്റ്സ് | IV | 750 | 750 |
| 22. | ബഷീർ, വിൻടെക് സിസ്റ്റംസ് | IV | 1250 | 1250 |
| 23. | ടാൻഡം എൻട്രൻസ് കോച്ചിംഗ് സെന്റർ | IV | 1250 | 1250 |
| 24. | വിൻകാസ്റ്റിൽ ചിട്ടിഫണ്ട് | IV | 600 | 600 |
| 25. | മാനേജർ, മിസ്റ്റർ ബേക്കേഴ്സ് | IV | 450 | 450 |
| 26. | ക്യാഷ്യൂ എംപ്ലോയിസ് വെൽഫെയർ സൊസൈറ്റി | IV | 1250 | 1250 |
| 27. | ബജാജ് അലയൻസ് | IV | 450 | 450 |
| 28. | മാനേജർ, വാസ്തുശിൽപ | IV | 600 | 600 |
| 29. | ഭാരത് ഗ്യാസ് | IV | 1250 | 1250 |
| 30. | അട്ടൂർ ടയേഴ്സ് | IV | 600 | 600 |
| 31. | സെന്റ് മേരീസ് ഡയഗ്നോസിസ് സെന്റർ | IV | xx | 1250 |
| 32. | ഐശ്വര്യാ സിസ്റ്റംസ് | IV | xx | 1250 |
| 33. | യമുന ഫ്യൂവൽസ് | IV | 1250 | 1250 |
| 34. | ഇൻഡസ് മോട്ടോഴ്സ് | V | 1250 | 1250 |
| 35. | ഐഡിയ കസ്റ്റമർ കെയർ | V | 450 | 450 |
| 36. | നാഷണൽ ക്രിസ്റ്റ്യൻ കോളേജ് | V | 300 | 300 |
| 37. | കൈരളി ഗ്രാനൈറ്റ്സ് | VII | 1000 | 1000 |
| 38. | മുത്തൂറ്റ് ഫിൻകോർപ്പ് | VII | 1250 | 1250 |
| 39. | എസ്.എൻ ഹോസ്പിറ്റൽ | XI | Xx | 1250 |
| 40. | ഫെഡെറൽ ബാങ്ക് | XI | 1250 | 1250 |
| 41. | കറ്റിക്കാട്ടിൽ ഫൈനാൻസിയേഴ്സ് | XI | 600 | 600 |
| 42. | കല്യാൺ കസ്റ്റമർ കെയർ സെന്റർ | XI | 600 | 600 |
| 43. | രാകേഷ് ജൂവലറി | XII | 450 | 450 |
| 44. | മുത്തൂറ്റ് ബാങ്കേഴ്സ് | XII | 1250 | 1250 |

| | | | | |
|---|---|---|---|---|
| 45. | പ്രകാശ് ഹോട്ടൽ | XII | 300 | 300 |
| 46. | കുഞ്ഞുമോൻ, പച്ചക്കറി മൊത്തവ്യാപാരം | XII | 1000 | 1000 |
| 47. | എസ്.ബി.റ്റി, പറക്കോട് | XII | xx | 1250 |
| 48. | കെ.എസ്.എഫ്.ഇ, പറക്കോട് | XII | xx | 1250 |
| 49. | അഞ്ജലി മെഡിക്കൽസ് | XII | 300 | 300 |
| 50. | മാനേജർ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ | XII | 1250 | 1250 |
| 51. | മുത്തൂറ്റ് ഫിനാൻസിയേഴ്സ് | XII | xx | 1250 |
| 52. | ഗ്രീൻവാലി പാർക്ക് | XII | 1250 | 1250 |
| 53. | സ്റ്റാന്റേർഡ് റബ്ബേർസ് | XV | 600 | 600 |
| 54. | പാണംഉണ്ടിൽ ഓഡിറ്റോറിയം | XV | xx | 600 |
| 55. | സെന്റ് ജോർജ് ലോഡ്ജ് | XV | xx | 1250 |
| 56. | കലിംഗ ഓട്ടോ കെയർ | XV | 600 | 600 |
| 57. | മാനേജർ, തോംസൺ റസ്റ്റോറന്റ് | XV | 1250 | 1250 |
| 58. | സുപ്രിയ മെഡിക്കൽ സ്റ്റോർ | XV | 450 | 450 |
| 59. | മേലേതിൽ ഹാർഡ് വെയേഴ്സ് | XV | xx | 1250 |
| 60. | ആരോൺ അസോസിയേറ്റ്സ് | XV | 1250 | 1250 |
| 61. | ജയചന്ദ്രൻ, ഹോമിയോ ഡിസ്പെൻസറി | XV | 600 | 600 |
| 62. | ആക്സിസ് ബാങ്കേഴ്സ് | XV | xx | 1250 |
| 63. | നാഷണൽ ട്രേഡിംഗ് കമ്പനി | XVII | 450 | 450 |
| 64. | ന്യൂ ലെതർ ലാന്റ് | XVII | 450 | 450 |
| 65. | ഇൻഡ്യൻ ഓവർസീസ് ബാങ്ക് | XVII | 1250 | 1250 |
| 66. | ഗരുഡ എയർ ട്രവൽസ് | XVII | 300 | 300 |
| 67. | അമറ്റ്, അട്ടൂർ | XVII | xx | 750 |
| 68. | കെ.ആർ.എസ്.പാർസൽ സർവ്വീസ് | XVII | 1250 | 1250 |
| 69. | ഫെഡറൽ ബാങ്ക് | XVII | 1250 | 1250 |
| 70. | പ്രിയങ്ക മോട്ടോഴ്സ് | XVII | 1250 | 1250 |
| 71. | മേരിലാന്റ് മോട്ടോഴ്സ് | XVII | 1250 | 1250 |
| 72. | ബ്രദേഴ്സ് സ്റ്റീൽ ഇൻഡസ്ട്രീസ് | XVII | 1000 | 1000 |
| 73. | ടൈം നെറ്റ് വർക്ക് ടെക്നോളജി | XVII | 750 | 750 |
| 74. | എൽഷേദായി കോളജ് | XVII | 1000 | 1000 |
| 75. | ഹോട്ടൽ ശ്രീകുമാർ | XVII | 1000 | 1000 |
| 76. | ഫാത്തിമ ടൂറിസ്റ്റ് ഹോം | XVII | 600 | 600 |
| 77. | കാത്തലിക് സിറിയൻ ബാങ്ക് | XVII | 1250 | 1250 |
| 78. | ഗ്രാന്റ് മോട്ടോഴ്സ് | XVII | 1250 | 1250 |
| 79. | കാർവി സ്റ്റോക്ക് ബ്രോക്കിംഗ് | XVII | 600 | 600 |
| 80. | അർബൻ കോപ്പറേറ്റീവ് ബാങ്ക് | XVII | 1250 | 1250 |
| 81. | പ്രിൻസ് ബേക്കറി | XVII | 1000 | 1000 |
| 82. | കൊശമറ്റം ഫിനാൻസ് | XVII | xx | 1250 |
| 83. | യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ | XVII | 1250 | 1250 |

| | | | | |
|---|---|---|---|---|
| 84. | ആലപ്പാട്ട് സിൽക്ക്സ് | XVII | 1250 | 1250 |
| 85. | മിനി മുത്തൂറ്റ് നിധി | XVII | 1250 | 1250 |
| 86. | എസ്.ബി.റ്റി | XVII | 1250 | 1250 |
| 87. | ഹോട്ടൽ കാവേരി | XVII | 1250 | 1250 |
| 88. | എൽ.ഐ.സി ഓഫ് ഇൻഡ്യ | XVII | xx | 1250 |
| 89. | അസിസ്റ്റന്റ് ട്രാൻസ്പോർട്ട ഓഫീസ്, അടൂർ | XVII | 1250 | 1250 |
| 90. | ആൽഫ ഹോട്ടൽ | XVII | 600 | 600 |
| 91. | ഉണ്ണീസ് ഹോട്ടൽ | XVII | 1000 | 1000 |
| 92. | കാരുണ്യ ഐ ഹോസ്പിറ്റൽ | XVII | 750 | 750 |
| 93. | ആറ്റിൻകര ഇലക്ട്രോണിക്സ് | XVII | xx | 1250 |
| 94. | ട്രാവൻകൂർ റൂറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ | XVII | 1250 | 1250 |
| 95. | ശാരദ ടെക്സ്റ്റയിൽസ് | XVII | 750 | 750 |
| 96. | ഡിക്സൺ ടൂറിസ്റ്റ് ഹോം | XVII | 750 | 750 |
| 97. | പോപ്പുലർ ഫിനാൻസ് | XVII | 1250 | 1250 |
| 98. | ഡോ.ജോൺ മാത്യൂ ഡെന്റൽ ക്ലിനിക്ക് | XVII | 750 | 750 |
| 99. | സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക് | XVII | 1250 | 1250 |
| 100. | കെ.എസ്.എഫ്.ഇ, അടൂർ | XVII | 1250 | 1250 |
| 101. | യമുന ഏജൻസി | XVII | 1250 | 1250 |
| 102. | അരുൺ ഫിനാൻസ് | XVII | 600 | 600 |
| 103. | അരുൺ മെഡിക്കൽസ് | XVII | 600 | 600 |
| 104. | എസ്.എസ്.ഡെന്റൽ ക്ലിനിക്ക് | XVII | 750 | 750 |
| 105. | ഭാരത് ലബോറട്ടറി | XVII | 750 | 750 |
| 106. | സെന്റ് മേരീസ് സ്കാനിംഗ് സെന്റർ | XVII | 1250 | 1250 |
| 107. | മോസസ് ഡെന്റൽ ക്ലിനിക്ക് | XVII | 750 | 750 |
| 108. | എസ്.എം.സിൽക്സ് | XVII | 1250 | 1250 |
| 109. | സ്മിത തിയേറ്റർ | XVII | 1250 | 1250 |
| 110. | സിറ്റി ബേക്കറി | XVII | xx | 1000 |
| 111. | കേരള ചിട്ടിഫണ്ട് | XVII | 1250 | 1250 |
| 112. | മുത്തൂറ്റ് ഫിനാൽസ് ലിമിറ്റെഡ് | XVII | xx | 1250 |
| 113. | നാസ്കോ ടൈൽസ് | XVIII | 1250 | 1250 |
| 114. | വിൽസൺ ഫർണിച്ചർ | XIX | 1000 | 1000 |
| 115. | മാനേജർ, പോപ്പുലർ സർവ്വീസിംഗ് | XIX | 1000 | 1000 |
| 116. | എസ്.ബി.റ്റി.പി.എസ്.ബി അടൂർ | XIX | 1250 | 1250 |
| 117. | ശങ്കരജ്യോതി ഹെർബൽസ് | XIX | xx | 1250 |
| 118. | മുത്തൂറ്റ് സെക്യൂരിറ്റീസ് | XIX | xx | 1250 |
| ആകെ | | | **86700** | **109800** |

കടിശ്ശിക ഡിമാന്റ് രജിസ്റ്ററിൽ ടി സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കുവാനുള്ള തൊഴിൽനികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും ഓഡിറ്റ് തീയതിവരെ യാതൊരു തുകയും പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിട്ടില്ല. നഗരസഭയ്ക്ക് കിട്ടേണ്ട ഏതെങ്കിലും നികുതിയോ മറ്റ് സംഖ്യയോ കാലഹരണം മൂലം

പിരിച്ചെടുക്കാൻ കഴിയാതെ വന്നാൽ, ആയത് ഏതെങ്കിലും ഉദ്യോഗസ്ഥന്റെ വീഴ്ചമൂലമാണെങ്കിൽ നഗരസഭയ്ക്കുണ്ടായ നഷ്ടം 12% പലിശ സഹിതം ആയതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണെന്ന് സെക്ഷൻ 539(2)-ൽ വ്യക്തമാക്കിയിട്ടുണ്ട്. തൊഴിൽനികുതി കുടിശ്ശിക അടിയന്തിരമായി ഈടാക്കാത്ത പക്ഷം ഉത്തരവാദികളായ സെക്ഷൻ ക്ലാർക്ക്, റവന്യൂ ഇൻസ്പെക്ടർ, സെക്രട്ടറി എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

## 2-22 അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നതിൽ വൻ വീഴ്ച

കേരള ഫിനാൻഷ്യൽ കോഡ് വോള്യം I അനുച്ഛേദം 99 പ്രകാരം, താൽക്കാലിക അഡ്വാൻസുകൾ, വർക്ക് അഡ്വാൻസുകൾ എന്നിവ കൈപ്പറ്റി മൂന്ന് മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ നഗരസഭയിൽ 2015-16 സാമ്പത്തിക വർഷം വിവിധ ആവശ്യങ്ങൾക്ക് നൽകിയ മുൻകൂറുകൾ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു.

| ക്രമനം | വൗച്ചർ നം | മുൻകൂറായി നൽകിയ തുക | മുൻകൂർ കൈപ്പറ്റിയ വ്യക്തി | മുൻകൂർ അനുവദിച്ച ആവശ്യം |
|---|---|---|---|---|
| 1 | 56/7-15, 22.07.2015 | 25000 | ശ്രീ.ശിവപ്രസാദ് (മുനിസിപ്പൽ എൻജിനീയർ) | വാഹന മെയിന്റനൻസ് |
| 2 | 51/9-15, 24.09.2015 | 4000 | ശ്രീമതി.ടി.പി.ബിന്ദു, ഓവർസീയർ | -ടി- |
| 3 | 17-10/15, 11.10.2015 | 25000 | ശ്രീ.ശിവപ്രസാദ് (മുനിസിപ്പൽ എൻജിനീയർ) | ഓഫീസ് റൂഫിംഗ് |
| 4 | 18/10-15, 11.10.2015 | 25000 | ശ്രീ.ശിവപ്രസാദ് (മുനിസിപ്പൽ എൻജിനീയർ) | പറക്കോട് ഷോപ്പിംഗ് കോംപ്ലക്സ് ശിലാഫലകം |
| 5 | 66/12-15, 11.12.2015 | 30000 | പി.വി.സോളി, ഓവർസീയർ | ശുചീകരണ ആവശ്യത്തിനുള്ള സാധനങ്ങൾ സൂക്ഷിക്കുന്നതിന് ഷെഡ്ഡ് കെട്ടുന്നതിന് |
| 6 | 105/12-15, 26.12.2015 | 3000 | ദിനേശ് ചീരത്തോട് | കലണ്ടർ, രജിസ്റ്ററുകൾ എന്നിവ വാങ്ങുന്നതിലേക്കായി നൽകിയത് |
| 7 | 25/1-16, 4.01.2016 | 12000 | ദിനേശ് ചീരത്തോട് | മേശവിരി, ടർക്കി, ടീ-കപ്പ് എന്നിവ വാങ്ങുന്നതിന് നൽകിയത് |
| 8 | 59/1-16, 21.01.2016 | 15000 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | പൾസ് പോളിയോ |

2009-10 ൽ ആരംഭിച്ച അഡ്വാൻസ് രജിസ്റ്ററിൽ 1990 മുതൽ 2008-09 വരെ ക്രമീകരിക്കുവാനുള്ള മുൻകൂറുകൾ എടുത്തെഴുതിയിട്ടുണ്ട്. എന്നാൽ ഇവയുടെ ആധികാരികത ആരും സാക്ഷ്യപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിൽ ക്രമീകരിച്ചിരിക്കുന്നതായി കാണിച്ചിരിക്കുന്ന എല്ലാ മുൻകൂറുകളും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ചിലതിൽ ക്രമീകരിച്ചു എന്ന രേഖപ്പെടുത്തൽ പോലുമില്ലാതെ ചുവന്ന മഷിക്കു റൗണ്ട് ചെയ്തിട്ടേയുള്ളൂ. 1999 മുതൽ 2014-15 വരെ രജിസ്റ്റർ പ്രകാരം ക്രമീകരിക്കുവാൻ ബാക്കിനിൽക്കുന്ന മുൻകൂറുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | തുക | വർഷം | തുക |
|---|---|---|---|
| 1990-91 | 650 | 2002-03 | 153665 |
| 1991-92 | 5768 | 2003-04 | 254887 |
| 1992-93 | 12465 | 2004-05 | 78548 |
| 1993-94 | 63173 | 2005-06 | 69600 |
| 1994-95 | 388385 | 2006-07 | 521145 |
| 1995-96 | 247697 | 2007-08 | 230445 |
| 1996-97 | 422938 | 2008-09 | 664295 |
| 1997-98 | 29035 | 2009-10 | 198856 |
| 1998-99 | 121450 | 2010-11 | 266606 |

| | | | |
|---|---|---|---|
| 1999-00 | 65517 | 2011-12 | 186245 |
| 2000-01 | 213324 | 2012-13 | 222800 |
| 2001-02 | 137900 | 2013-14 | 314721 |
| | | 2014-15 | 280070 |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കരാറുകാരിൽ നിന്നും വാറ്റ് ഈടാക്കിയതിൽ കുറവ്

മുനിസിപ്പൽ എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി 2015-16വർഷം കരാറുകാർ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവൃത്തികൾക്ക് വാറ്റ് കുറച്ച് ഈടാക്കിയതുമൂലം കരാറുകാരന് അധിക തുക നല്കി.

കരാർ പണിക്കാർക്കുള്ള വാറ്റ് കോമ്പൗണ്ടിങ് നിരക്കിൽ 2014 സെപ്റ്റംബർ 3മുതൽ വന്ന ഭേദഗതിയനുസരിച്ച് സി.എസ്.ടി രജിസ്ട്രേഷൻ ഇല്ലാത്തതും നികതി കോമ്പൗണ്ട് ചെയ്തിട്ടുള്ളവരുമായ കരാറുകാർക്ക് മൊത്തം കരാർ തുകയുടെ 4% തുകയാണ് സ്രോതസ്സിൽ നിന്നും ഈടാക്കേണ്ടത്.എന്നാൽ മുനിസിപ്പാലിറ്റിയിലെ താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവർത്തികളുടെ ഫൈനൽ ബിൽ പരിശോധിച്ചതിൽ ഫോറം 1E പ്രകാരം നികതി കോമ്പൗണ്ട് ചെയ്തിട്ടില്ലാത്ത താഴെപ്പറയുന്ന കരാറുകാരിൽ നിന്നും 3.03% മൂല്യവർദ്ധിത നികുതി മാത്രമാണ് നികുതി ഈടാക്കിയിട്ടുള്ളത്.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | ചെലവിന്റെ വിശദാംശങ്ങൾ | വാറ്റ് ഈടാക്കി ഒടുക്കിയത് |
|---|---|---|---|
| 1. | പോത്രോട് കുരുശുപടി, മണ്ണാറത്തറ പ്പടി റോഡ് റീടാറിംഗ്(151/16),<br>കരാറുകാരൻ:-ഉണ്ണികൃഷ്ണൻ,ഉഷാമന്ദിരം | 617191/-, 151/15-16 dtd.16.2.16 | 18700(3.03%) |
| 2. | കല്ലുവിളപ്പടി അറുകലപ്പടി റോഡ് റീടാറിംഗ് (198/16)<br>കരാറുകാരൻ:-<br>പരമേശ്വരൻ പിള്ള, പുലരി | 449988/-,170/15-16 dtd.26.3.16 | 13635(3.03%) |
| 3. | മുട്ടയ്യത്ത് പടി പുല്ലുവിള പടി റോഡ് റീടാറിംഗ്(160/16)<br>കരാറുകാരൻ:-<br>ശ്രീ.എസ്. അജീഷ്,<br>കൈതകോൺതോട്ടം | 1337631/-,130/15-16 dtd.29.1.16 | 40531(3.03%) |
| 4. | എം.സി.റോഡ് പാലവിളപ്പടി റോഡ് റീടാറിംഗ്(155/16) ,<br>കരാറുകാരൻ:-<br>ശ്രീ.എസ്. അജീഷ്,<br>കൈതകോൺതോട്ടം | 495336/-182/15-16 dtd.26.3.16 | 15009(3.03%) |
| 5. | എൻ.എൻ.എസ്.കരയോഗം ബീനാ ഭവനം റോഡ് റീടാറിംഗ്(203/16)<br>കരാറുകാരൻ:- ശ്രീ.അനിൽകുമാർ | 249682/-,188/15-16 dtd.26.3.16 | 9987(4%) |

| | | | |
|---|---|---|---|
| | | | |
| 6. | കൊന്നയിൽപ്പടി മാർത്തോമ്മാ സ്കൂൾ റോഡ് റീടാറിംഗ് (156/15-16)<br>കരാറുകാരൻ:- ശ്രീ.എസ്. അജീഷ്, | 157599/-,178/15-16 dtd.26.3.16 | 4776 |
| 7. | വള്ളിവിളപ്പടികുഴിക്കാലപ്പടി റോഡ് റീടാറിംഗ്(202/16)<br>കരാറുകാരൻ:- ശ്രീ.അനിൽകുമാർ | 479806/-,201-203/15-16 dtd.29.3.16 | 19192 |
| 8. | ഐക്കരക്കുറ്റി കല്ലിരിക്കുംവിള പടി റോഡ് റീടാറിംഗ് (239/16)<br>കരാറുകാരൻ:- ശ്രീ.എസ്. അജീഷ്, | 495928/-,139/15-16 dtd.26.3.16 | 19837 |
| 9. | നെല്ലിമൂട്ടിൽപ്പടി ഹോളി ഏഞ്ചൽസ് സ്കൂൾ റോഡ് റീടാറിംഗ് (40/15)<br>കരാറുകാരൻ:- ശ്രീ.രാജ് തോമസ് സക്കറിയ | 492961 | 14837 |
| 10. | അപ്പാർട്ട്മെന്റ് ജം.പന്തപ്ലാവിൽപ്പടി റോഡ് റീടാറിംഗ് (159/16)<br>കരാറുകാരൻ:- ശ്രീ.എസ്. അജീഷ് | 149791/-,159/15-16 dtd.29.3.16 | 5991 |
| 11. | കരുവാറ്റ എൽ.പി.എസ്. -കെ.എസ്.ഇ.ബി. റോഡ് റീടാറിംഗ് (172/15-16)<br>കരാറുകാരൻ:-ശ്രീ. ബിജു | 394949/-,172/15-16 dtd.29.3.16 | 15798 |
| 12. | വേങ്കറത്തറപ്പടി നാലുതുണ്ടിൽ പ്പടി റോഡ് റീടാറിംഗ് (229/15)<br>കരാറുകാരൻ:- എസ്.അജീഷ് | 369317 | 11191 |

മേൽപറഞ്ഞ പ്രവൃത്തികളിൽ മൂല്യവർദ്ധിത നികുതി ഈടാക്കിയിട്ടുണ്ടോ എന്ന് അന്വേഷിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിന് ഭരണവകുപ്പിനോട് ശുപാർശ ചെയ്യുന്നു.

## 3-2 റോഡിതര സംരക്ഷണ ഗ്രാന്റ് വിനിയോഗത്തിൽ വീഴ്ച

ഓഡിറ്റ് വർഷം റോഡിതര സംരക്ഷണ ഗ്രാന്റിന്റെ വിനിയോഗത്തിൽ വീഴ്ചയുണ്ടായിട്ടുണ്ട്. റോഡിതര ആസ്തികളുടെ മെയിന്റനൻസിനായി മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയിട്ടില്ല. മെയിന്റനൻസ് പ്ലാൻ എന്നാൽ നിലവിലുള്ള ആസ്തികളുടെ സംരക്ഷണത്തിനായി നടത്തുന്ന അറ്റകുറ്റപ്പണികൾ എന്ന് മാത്രമല്ല അർത്ഥമാക്കുന്നത്. ആസ്തികളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും ആസ്തികളിലൂടെ നൽകുന്ന സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തികൾ വിപുലപ്പെടുത്തി കൈമാറി കിട്ടിയ സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്നതിനും വേണ്ടിയുള്ള പ്ലാൻ എന്നാണ് അർത്ഥമാക്കേണ്ടത് [പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ – ഖ: 11.1 (x)(b)]. കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ മേധാവികളിൽനിന്നും മാർഗ്ഗരേഖയിലെ അനുബന്ധം 11 പ്രകാരമുള്ള പ്രോഫോർമയിൽ പ്രോജക്ട് നിർദ്ദേശങ്ങൾ സ്വരൂപിക്കണമെന്നും മെയിന്റനൻസ് പ്ലാനിന് അന്തിമ രൂപം നൽകുന്നതിന് മുമ്പായി സ്ഥാപന മേധാവികളുടെ യോഗം വിളിച്ച് അംഗീകാരം വാങ്ങണമെന്നും, പ്രസ്തുത യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളായിരിക്കണം മെയിന്റനൻസ് പ്ലാനിന്റെ ഭാഗമായി പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ മേൽ പറഞ്ഞ പ്രകാരമുള്ള ഒരു മെയിന്റനൻസ് പ്ലാൻ സ്ഥാപനത്തിൽ തയ്യാറാക്കിയിട്ടില്ല.

ഓഡിറ്റ് വർഷം റോഡിതര സംരക്ഷണ ഗ്രാന്റ് വകയിരുത്തി 19 പ്രൊജക്ടുകൾ മാത്രമാണ് ആവിഷ്കരിച്ചത്. ഇതിൽ 7എണ്ണവും നടപ്പിലാക്കിയില്ല എന്നത് ഭരണസമിതിയുടേയും നിർവ്വഹണ ഉദ്യോഗസ്ഥയുടേയും ഭാഗത്തുനിന്നുള്ള വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു. പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാതിരുന്നതിനാൽ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന് ചെലവഴിക്കാമായിരുന്ന 20.38 ലക്ഷം രൂപ ലാപ്സായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റോഡിതര സംരക്ഷണ ഗ്രാന്റ് വകയിരുത്തിയ പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ | നടപ്പിലാക്കിയത് | ചെലവഴിച്ച തുക | ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| 19 | 3784185 | 12 | 1746284 | 2037901 | 46.15% |

പദ്ധതിനിർവ്വഹണ മാർഗ്ഗരേഖയ്ക്ക് അനുസൃതമായി മെയിന്റനൻസ് പ്ലാൻ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിലും, സമയ ബന്ധിതമായി ഫണ്ട് വിനിയോഗിക്കുന്നതിലും ഉണ്ടായിട്ടുള്ള വീഴ്ച അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഭാവിയിൽ ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-3 ടാറിന്റെ അധിക നിരക്ക് കണക്കാക്കിയതിൽ കുറവ് - കൺവീനർക്ക് തുക അധികം നൽകി

ഓഡിറ്റ് വർഷം ഗുണഭോക്തൃസമിതി നടപ്പാക്കിയ എം.സി റോഡ്- പാലവിളപ്പടി എന്ന പ്രവർത്തിക്ക് ആവശ്യമായ 1629 kg ടാർ സിഡ്കോയിൽ നിന്നും കിലോ ഗ്രാമിന് 32.46 രൂപ നിരക്കിൽ കൺവീനർ നേരിട്ട് വാങ്ങുകയുണ്ടായി. പ്രസ്തുത പ്രവൃത്തിക്ക് തുക അനുവദിച്ചപ്പോൾ ഡി.എസ്.ആർ പ്രകാരമുള്ള നിരക്കും മാർക്കറ്റ് റേറ്റ് പ്രകാരമുള്ള നിരക്കും തമ്മിലുള്ള വ്യത്യാസം കണക്കാക്കി ബില്ലിൽ കുറവു ചെയ്യാതിരുന്നതുമൂലം 63303/-രൂപ കൺവീനർക്ക് അധികം നൽകുന്നതിനുള്ള സാഹചര്യമുണ്ടായിട്ടുണ്ട്.

| പ്രോജ.നം. | എം.ബുക്ക് | ആവശ്യമായ ടാറിന്റെ അളവ് | വാങ്ങിയ വില(സിഡ്കോയുടെ ബിൽ പ്രകാരം) | നൽകിയ തുക | അധികം | ചെലവു വിവരം |
|---|---|---|---|---|---|---|
| 158/16 | 166/15-16 | 1629kg. | 1629@32.46/kg=52877.34 | 1629@ 71.32 = 116180.28 | 116180.28 - 52877.34= 63302.94 | 221,224-225 dtd.31.03.16 |

ഗുണഭോക്തൃസമിതി പ്രവൃത്തികളിൽ ഡി.എസ്.ആർ പ്രകാരമുള്ള നിരക്കനുവദിക്കുമ്പോൾ ഇപ്രകാരം തുക അധികം നൽകുന്നതിനുള്ള സാഹചര്യം ഒഴിവാക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് സർക്കാരിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-4 കരാർ പ്രവൃത്തികളിൽനിന്നും കാലി വീപ്പയുടെ വില കുറവ് ചെയ്തില്ല

2014ലെ ഡിഎസ് ആർ നിരക്കുകൾ ആധാരമാക്കിയാണ് ടാറിംഗ് വേലകളുടെ എസ്റ്റിമേറ്റ് തയാറാക്കിയത്. പോട്ട് ഹോൾ ഫില്ലിംഗ്, സീൽകോട്ട്, ചിപ്പിംഗ് കാർപ്പറ്റ്, ടാക് കോട്ട് എന്നീ ടാർ ഉപയോഗ ഇനങ്ങൾക്ക് ടണ്ണിന് 50600രൂപ വിലയുള്ള വിജി10ടാർ(VG-10) കൺവേയൻസ് ഉൾപ്പെടെയുള്ള തുക ഉൾപ്പെടുത്തിയാണ് നിരക്ക് നിർണയിച്ചിട്ടുള്ളത്. ടി നിരക്ക് പ്രകാരം തുക അനുവദിക്കുമ്പോൾ സി.പി.ഡബ്ലിയു.ഡി. സ്പെസിഫിക്കേഷനിലെ വ്യവസ്ഥകൾ പ്രകാരം ഒഴിഞ്ഞ ബാരലിന്റെ വില ഈടാക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷം അസിസ്റ്റന്റ് എഞ്ചിനിയർ ടെണ്ടർ/ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ ടാറിംഗ് വേലകളിൽ ഉപയോഗിച്ച ടാറിന്റെ ഒഴിഞ്ഞ ബാരൽ വില

ഈടാക്കിയില്ല. ഇതുമൂലം താഴെപ്പറയുംപ്രകാരം 13750 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ താഴെച്ചേർക്കുന്നു.

| പ്രോജ.നം | എം.ബുക്ക് നം./ചെലവുവിവരം | ഉപയോഗിച്ച ടാറിന്റെ അളവ് | ഒഴിഞ്ഞ ബാരലിന്റെ വില (238+5%vat) | |
|---|---|---|---|---|
| | | | ബാരലിന്റെ വില | വാറ്റ് |
| 151/16 | 116/16,151/15-16 dtd.16.2.16,617191/- | 5082.14kg | 33x238=7854 | 33x12=8250 |
| 160/16 | 97/15-16,130/15-16 dtd.29.1.16,1270346 | 10548.91kg | 68x238=16184 | 68x12=816 |
| 198/16 | 134/15-16,170/15-16 dtd.26.3.16, 449988/- | 2883.38kg | 19x238=4522 | 191x12=228 |
| 203/16 | 146/15-16,188/15-16 dtd.26.3.16,249682/- | 1599.20kg | 11x238=2618 | 11x12=132 |
| 155/16 | 129/15-16,182/15-16 dtd. 26.3.16,495336/- | 3153.215 | 21x238=4998 | 21x12=252 |
| 156/16 | 132/15-16,178/15-16 dtd.26.3.16,,157599/- | 1003.19kg | 6x238=1428 | 6x12=72 |
| 202/16 | 146/15-16,201-203 /1516dtd.29.3.16,479012/- | 3075.31kg | 20x238=4760 | 20x12=24 |
| 158/16 | 166/15-16,221,224-225dtd.31.3.16, 393626/- | 1616.75kg | 11x238=2618 | 11x12=132 |
| 172/16 | 145/14-15,172/dtd.29.3.16, 329987/- | 2516.27kg | 16x238=3808 | 16x12=192 |
| 246/16 | 164/15-16,246/16 dtd.31.3.16,260389/- | 1660.25kg | 11x238=2618 | 11x12=132 |
| ആകെ | | | 51408 | 10230 |

കാലി വീപ്പയുടെ വില ഈടാക്കാത്തതുമൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം 51408രൂപയും വാറ്റിനത്തിൽ നഷ്ടമായ 10230 രൂപയും ഉൾപ്പെടെ 61638രൂപ ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതും, വാറ്റിനത്തിലുള്ള 10230 രൂപ വാണിജ്യനികുതി വകുപ്പിൽ അടവാക്കേണ്ടതുമാണ്.

## 3-5 നിരീക്ഷിത നിരക്കിന്റെയടിസ്ഥാനത്തിൽ പോട്ട്ഹോൾ ഫില്ലിംഗിന് അധിക പ്രതിഫലം നൽകിയത് അംഗീകരിക്കുന്നില്ല

പൊതുമരാമത്ത് വകുപ്പിന്റെ (H)17.04.2013 ലെ G.O(P) No.36/2013/PWD ഉത്തരവു പ്രകാരം CPWD Data (Central Public Works Department,Delhi Schedule Rate) പ്രാബല്യത്തിലാക്കിയതിന്റെ അടിസ്ഥാനത്തിൽ റീടാറിംഗ് പ്രവൃത്തികൾക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റിനോടൊപ്പം പോട്ട്ഹോൾ ഫില്ലിംഗിനായി തയ്യാറാക്കിയ ഒബ്സെർവ്ഡ് ഡാറ്റായിൽ അപാകത കാണപ്പെട്ടു. പോട്ട്ഹോൾ ഫില്ലിംഗിന് KSS 3.6.1.2 (Kerala Standard Specifications) പ്രകാരമുള്ള ഒബ്സെർവ്ഡ് ഡാറ്റായിൽ DSR പ്രകാരമുള്ള നിരക്ക് ഉൾപ്പെയുത്തിയിട്ടുള്ളതിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

1.പോട്ട്ഹോൾ ഫില്ലിംഗിന് പവ്വർ റോളർ ആണ് ഉപയോഗിക്കേണ്ടത്. ഇതിന് DSR പ്രകാരമുള്ള നിരക്ക് 1500/Day ആണ്. എന്നാൽ ഒബ്സെർവ്ഡ് ഡാറ്റായിൽ 3600/Day നിരക്കാണ് നൽകിയിരിക്കുന്നത്.

2.പിക്ക് അപ് ഓട്ടോ വാടകയ്ക്ക് എടുക്കുന്നതിന് മാർക്കറ്റ് നിരക്കായി 1500/Day നൽകിയിട്ടുണ്ട്. 0.09 ദിവസം ഉപയോഗിക്കുന്നതിനാണ് ഈ തുക നൽകിയിരിക്കുന്നത്. ഇതാകട്ടെ KSS 3.6.1.2 പ്രകാരം വീൽ ബാരോയ്ക്ക് നൽകേണ്ട വാടക സമയത്തിനാണ്. പിക്ക് അപ് ഓട്ടോ ഉപയോഗിക്കുമ്പോൾ ഇത്രയും സമയവും മനുഷ്യദിനവും ആവശ്യമില്ല. പൊതുമരാമത്ത് ചീഫ് എഞ്ചിനീയറുടെ 15.12.2014 ലെ CD/Admin /PLA/1014/2005 സർക്കുലർ പ്രകാരം പത്തനംതിട്ട ജില്ലയ്ക്ക് 01.04.2014 മുതൽ ബാധകമായ Cost Index 1.4095 ഉം,01.07.14 മുതൽ 1.4571 ഉം ആണ് .ആയതിന്റെ അടിസ്ഥാനത്തിൽ എം ക്യൂബിന് 4422/-,4566/- രൂപ നിരക്കിലാണ് ഫൈനൽ ബിൽ തയ്യാറാക്കി കരാറുകാരനു തുക നൽകിയിരിക്കുന്നത്. അനുവദനീയമായ നിരക്കിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| |
|---|
| Filling up pot holes cut and formed to regular shapes and all loose and defective materials removed applying a priming coat of hot Bitumen using 36 mm departmental broken stone and compacting with power roller to get a compact surface and applying hotBitumen by a pressure sprayer with all conveyance including the cost of Bitumen ,oils'fuels,hire of brass brooms ,camber board power roller and other machines watering, lighting, and other charges etc. as per specification (total usage ofBitumen is 27.50kg/m3) |

| DSR Code No | ഇനം | യൂണിറ്റ് | അളവ് | നിരക്ക് | നൽകിയ തുക | നൽകേണ്ട തുക |
|---|---|---|---|---|---|---|
| 1&7 | hire for boiler and sprayer | Day | 0.03 | 1130 | 33.90 | 33.90 |
| 55 | hire for roller | Day | 0.03 | 3600 | 108.00 | 45 |
| MR | Auto Pick up | Day | 0.09 | 1500 | 135 | 135 |
| 309 | Cost of bitumen | Tonne | 0.0275 | 50600 | 1391.50 | 1391.50 |
| 2211 | Conveyance of bitumen | Tonne | 0.0275 | 106.49 | 2.93 | 2.93 |
| 115 | Special Man mazdoor | Man Day | 1.75 | 329.00 | 575.75 | 575.75 |
| 114 | man | Man Day | 0.75 | 329.00 | 246.75 | 246.75 |
| | Women | Man Day | 0.75 | 329.00 | 246.75 | 246.75 |
| | Total | | | | 2740.58 | 2677.58 |
| | Market Rate | | | | 135.00 | 135.00 |
| | Add water charge for MR(1%) | | | | 1.35 | 1.35 |
| | Total A | | | | 136.35 | 136.35 |
| | Total Excluding MR | | | | 2605.58 | 2542.58 |
| | Add Water charge Excluding MR(1%) | | | | 26.06 | 25.43 |
| | Total B | | | | 2631.63 | 2568.01 |
| | Total A + 1.4095* Total B | | | | 3845.64 | 3755.96 |
| | Add CP &OH(15%) | | | | 576.85 | 563.39 |
| | Total | | | | 4422.48/m3 | 4319.35 |

ഇപ്രകാരം 103രൂപ ഒരു ക്യൂബിക്ക് മീറ്ററിന് അധിക നിരക്ക് നൽകിയിട്ടുണ്ട്. ഇത്തരത്തിൽ അധിക നിരക്ക് നൽകിയത് എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറുടേയും സാങ്കേതികാനുമതി നൽകിയ അസി.എക്സി. എഞ്ചിനിയറുടെയും ഭാഗത്തു നിന്നുണ്ടായ പിഴവാണ്.

| ക്രമ നം | പ്രൊജക്റ്റിന്റെ വിശദാംശം | പ്രവൃത്തിയുടെ ,അളവ്, മേൽപറഞ്ഞ പ്രവൃത്തികളിൽ മൂല്യവർദ്ധിത നികുതി ഈടാക്കിയിട്ടുണ്ടോ എന്ന് അന്വേഷിച്ച് തുടർനടപടികൾ സ്വീകരിക്കുന്നിരക്ക്,പ്രതിഫലം | അർഹമായ അളവ്, നിരക്ക്,പ്രതിഫലം | അധികം നൽകിയ തുക |
|---|---|---|---|---|
| 1 | 173/15-16<br>എം.ബുക്ക് നം.: 138/15-16 | പോട്ട് ഹോൾ ഫില്ലിംഗ്<br>14.05m3<br>@4566/m3 | 14.05m3<br>@4459.93/m3<br>= 62662.01 | 1490.29 |

| | | | | |
|---|---|---|---|---|
| | 427758<br>ബിൽ നം. / തീയതി :95/15-16 /16-03-16 | =64152.3 | | |
| 2 | S0151/16<br>എം.ബുക്ക് നം. 110/15-16<br>ചെലവ് തുക } : 617191<br>ബിൽ നം. / തീയതി :151/116 /16.02-16 | പോട്ട് ഹോൾ ഫില്ലിംഗ്<br>27.112m3<br>@4422/m3<br>=119889.26 | 27.112m3<br>@4319.35/m3<br>=117106.21 | 2783.05 |
| 3 | S0198/16<br>എം.ബുക്ക് നം. 84/15-16<br>പ്രവൃത്തിമൂല്ല്യതുക : 497503/-<br>ചെലവ് തുക : 449988<br>ബിൽ നം. / തീയതി :170/15-16 /26-03-16 | പോട്ട് ഹോൾ ഫില്ലിംഗ്<br>13.90m3<br>@4566/m3<br>=63467.4 | 13.90m3<br>@4459.93/m3<br>=61993.02 | 1474.38 |
| 4 | 160/15-16<br>എം.ബുക്ക് നം. 97/15-16<br>ബിൽ നം. / തീയതി : 130/15-16 /29.01.16 | പോട്ട് ഹോൾ ഫില്ലിംഗ്<br>52.303m3<br>@4422/m3<br>=231283.86 | 52.303m3<br>@4319.35/m3<br>=225914.96 | 5368.9 |
| 5 | 198/15-16<br>എം.ബുക്ക് നം. 134/15-16<br>ബിൽ നം. / തീയതി : 170/15-16 /26.03.161 | പോട്ട് ഹോൾ ഫില്ലിംഗ്<br>13.90m3<br>@4566/m3= 63467.4 | 13.90m3<br>@4459.93/m3<br>= 61993.02 | 1474.38 |
| 6 | 203/15-16<br>എം.ബുക്ക് നം. 146/15-16<br>ബിൽ നം. / തീയതി : | പോട്ട് ഹോൾ ഫില്ലിംഗ്<br>7.75m3<br>@4566/m3=35386.5 | 7.75m3<br>@4459.93/m3<br>= 34564.45 | 822.05 |

| | | | | |
|---|---|---|---|---|
| | 188/15-16 /26.03.16 | | | |
| 7 | 155/16 എം.ബുക്ക് നം. 129/15-16 ബിൽ നം. / തീയതി : 182/15-16 /26.03.16 | 16.45m3 @4566/m3= 75110.7 | 16.45m3 @4459.93/m3 =73365.84 | 1744.86 |
| 8 | 202/16 എം.ബുക്ക് നം. 144/15-16 ബിൽ നം. / തീയതി : 201-203/15-16 /29.03.16 | 15.65m3 @4566/m3= 71457.9 | 15.65m3 @4459.93/m3 = 69797.90 | 1660 |
| 9 | 239/16 എം.ബുക്ക് നം. 136/15-16 ബിൽ നം. / തീയതി : 239/15-16 /26.03.16 | 16.486m3 @4566/m3= 75275.07 | 16.486m3 @4459.93/m3 =73526.40 | 1748.67 |
| 10 | 172/16 എം.ബുക്ക് നം. 145/15-16 ബിൽ നം. / തീയതി : 172/15-16 /29.03.16 | 13m3 @4566/m3= 59358 | 13m3 @4459.93/m3 =57979 | 1379 |
| | ആകെ | | | 19945.58 |

മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം.12/ 21.01.2017) മറുപടി ഹാജരാക്കാത്തതിനാൽ ഇതു സംബന്ധിച്ച് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ അധികം നൽകിയ 19946 രൂപ നിരാകരിച്ച് ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ ബാധ്യതയായി നിശ്ചയിക്കുന്നു.

## 3-6 അനുപൂരക പോഷകാഹാര പദ്ധതി-ചെലവ് രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| *പ്രോജക്ടിന്റെ പേര്* | *അനുപൂരക പോഷകാഹാരം* |
| *പ്രോജക്ട് നമ്പർ* | *24/16* |
| *നിർവ്വഹണോദ്യോഗസ്ഥ* | *ഐ.സി.ഡി.എസ്.സൂപ്പർവൈസർ* |
| *അടങ്കൽ* | *1900000* |
| *ചെലവ്* | *1174265* |
| *ബിൽ നം., തീയതി* | *Icds/pkd-03/15-16 തീയതി.22.12.2016* |

അനുപൂരക പോഷകാഹാര പദ്ധതിക്കായി ബിൽ നമ്പർ 03/15-16 തീയതി.22.12.2016 പ്രകാരം 589254 രൂപ ട്രഷറിയിൽ നിന്നും മാറിയിട്ടുണ്ട്. എന്നാൽ ഈ ബില്ലുമായി ബന്ധപ്പെട്ട ചെലവുകൾ പരിശോധിച്ചതിൽ ആകെ 545926 രൂപയുടെ ചെലവ് വൗച്ചറുകൾ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ബാക്കി തുകയായ 43328 രൂപയുടെ ചെലവ് സംബന്ധിച്ച് യാതൊരു വിശദാംശവും ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് 18.01.2017 ൽ നൽകിയ 7-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയില്ല. വൗച്ചറുകളുടെ അഭാവത്തിൽ പ്രസ്തുത ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് 18.01.2017-ൽ നൽകിയ 7-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയില്ല.

## 3-7 പട്ടികജാതി വികസന ഓഫീസറിൽ നിന്നും ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങാതെ ഡെപ്പോസിറ്റ് പ്രവൃത്തിയ്ക്കായി പ്രത്യേക ഘടക പദ്ധതി ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു

മുനിസിപ്പൽ എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2015-16 വർഷം നടപ്പിലാക്കിയ ചേറ്റുകുഴി കോളനി (ചക്കുവിളപ്പടി ചാമവിളപ്പടി വരെ) പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പ്രവർത്തിക്കായി പ്രത്യേക ഘടക പദ്ധതി ഫണ്ടിൽ നിന്നും വകയിരുത്തിയിരുന്ന 125000 രൂപ പിൻവലിച്ച് പത്തനംതിട്ട വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എൻജിനീയർക്ക് നൽകിയിട്ടുണ്ട്(പ്രോ.നം.227/16, ഡി.ഡി നം.429499/22.07.15). എന്നാൽ പട്ടികജാതി വികസന വകുപ്പിൽ നിന്നും ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങാതെയാണ് പ്രത്യേക ഘടക പദ്ധതി ഫണ്ടിൽ നിന്നും തുക പിൻവലിച്ചത്.വാട്ടർ അതോറിറ്റിയുമായി എഗ്രിമെന്റ് വയ്ക്കാതെയാണ് തുക കൈമാറിയത്.പ്രവൃത്തിയുടെ പൂർത്തീകരണ രേഖകൾ(ഫൈനൽ ബില്ല്, എം ബുക്ക് എന്നിവയുടെ പകർപ്പ്, പൂർത്തീകരണ സാക്ഷ്യപത്രം) ഹാജരാക്കിയിട്ടുമില്ല.

മേൽ സൂചിപ്പിച്ചിട്ടുള്ള അപാകങ്ങളുടെ അടിസ്ഥാനത്തിൽ 125000 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## 3-8 മീഡിയാശ്രീ -ഡി.ഡി എടുത്തശേഷം നൽകാതെ കൈവശം സൂക്ഷിക്കുന്നു

നഗരസഭയുടെ ചരിത്രവും വർത്തമാനവും പദ്ധതികളും ഡോക്യുമെന്ററി ആയി പുറത്തിറക്കുന്നതിന് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പദ്ധതി അംഗീകാരം വാങ്ങിയിരുന്നു. (പ്രോജക്ട് നംപർ SO208/16) പദ്ധതിക്കായി കുടുംബശ്രീ ജില്ലാമിഷൻ കോ-ഓഡിനേറ്ററുടെ പേരിൽ 65000 രൂപക്ക് ഡി.ഡി (നംപർ 422688 / 11-4-16) എടുത്തിരുന്നു. എന്നാൽ ഡി.ഡി കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ പേരിലാണ് അയക്കേണ്ടത് എന്നറിയിച്ച് പ്രസ്തുത ഡി.ഡി റദ്ദ് ചെയ്യുന്നതിന് ജില്ലാമിഷന്റെ 6-6-2016 ലെ 6260/H/2014/KSHO നംപർ കത്ത് പ്രകാരം തിരികെ നൽകിയിരുന്നു. എന്നാൽ പ്രസ്തുത ഡി.ഡി റദ്ദ് ചെയ്യാതെ ഇപ്പോഴും ഫയലിൽ സൂക്ഷിച്ചിട്ടുള്ളതിനാൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് തുക നൽകാൻ കഴിയാതെ നഗരസഭ പദ്ധതി ഉപേക്ഷിച്ച സാഹചര്യമാണുള്ളത്.

കഴിഞ്ഞ 8 മാസമായി ഡി.ഡി നൽകാതെ കൈവശം സൂക്ഷിച്ച് വരുന്നത് ഗുരുതരമായ ഫണ്ട് ദുർവ്വിനിയോഗമാണ്. പദ്ധതിക്ക് നിലവിൽ നിർവ്വഹണ സാദ്ധ്യത ഇല്ലാത്ത പക്ഷം, ഡി.ഡി അടിയന്തിരമായി റദ്ദ് ചെയ്ത് തിരികെ സഞ്ചിതനിധിയിൽ ഒടുക്ക് വരുത്തേണ്ടതും സർക്കാരിന്റെ ഫണ്ട് ദുരുപയോഗം ചെയ്തതിന് വിശദീകരണം നൽകേണ്ടതുമാണ്.

## 3-9 ഫർണിച്ചറും ഉപകരണങ്ങളും വാങ്ങൽ - നടപടിക്രമങ്ങളിൽ സുതാര്യത ഇല്ല.

നഗരസഭയിലേക്കും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേക്കും ഫർണിച്ചറും ഉപകരണങ്ങളും വാങ്ങുന്നതിനായുള്ള പദ്ധതിയുടെ നടപടിക്രമങ്ങളിൽ സുതാര്യത പാലിച്ചില്ല. സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങളെ മറികടന്ന് എല്ലാ വാങ്ങലും നടത്തിയത് സിഡ്കോയിൽ നിന്നാണ്.

തൻവർഷം വിവിധ വാങ്ങലുകൾക്കായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നംപർ | പദ്ധതിയുടെ പേര്/ പ്രോജക്ട് നംപർ/ അടങ്കൽ | ചെലവഴിച്ച തുക | ബിൽ നംപർ/ ഡി.ഡി നംപർ | വാങ്ങിയ ഉപകരണങ്ങളുടെ / ഫർണിച്ചറിന്റെ വിവരം |
|---|---|---|---|---|
| 1 | വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഉപകരണങ്ങൾ SO64/16<br>400000 | 108998 | 64/15-16 /19-2-16 | Steel full Arm Chair -2<br>Steel slotted Angle Iron Rack -5<br>Steel Cabinet with locker- 2<br>Executive chair – 1<br>Steel full Arm Chair with plastic rottend in Teakwood seat -3<br>Computer chair with arm -1<br>Steel Cabinet 198x90x48 -2<br>Steel Table with 1 Cupboard -2 |

| | | | | |
|---|---|---|---|---|
| | | | | |
| | | 129073 | 64/15-16 /30-3-16 | Pedestal fan (Almonard) -3<br>Laser Printer (HP) all in one – 1<br>Spigmomanometer (mercury) -1<br>Plastic Arm Chair (Nilkamal) -100<br>Ceiling fan -1 |
| 2 | നഗരസഭയിലേക്ക് ഉപകരണങ്ങളും ഫർണിച്ചറും വാങ്ങൽ SO197/16<br>530000 | 257103 | 197/15-16 /19-2-16 | സ്റ്റീൽ അലമാര – 6<br>സ്റ്റീൽ റാക്ക് -5<br>സ്റ്റീൽ മേശ – 5<br>സ്റ്റീൽ കസേര – 20<br>Cash Counting Machine - 1 |

പദ്ധതി നിർവ്വഹണത്തിലുണ്ടായ അപാകതകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ കൃഷിഭവനിലേക്കും NUHM ഹോമിയോ ഡിസ്പെൻസറിയിലേക്കുമായി SO64/16 നംപർ പദ്ധതി പ്രകാരം ഫർണിച്ചറും വിവിധ ഉപകരണങ്ങളും സിഡ്കോയിൽ നിന്ന് നേരിട്ട് വാങ്ങുകയാണുണ്ടായത്. തടി, സ്റ്റീൽ, ആശുപത്രി ഉപകരണങ്ങൾ എന്നിവ ടെണ്ടർ നടപടിക്രമങ്ങൾ ഇല്ലാതെ റേറ്റ് കോൺട്രാക്റ്റ് വ്യവസ്ഥയിൽ സിഡ്കോയിൽ നിന്ന് നേരിട്ട് വാങ്ങുന്നതിന് GO(Rt) No.27/2000/SPD/31-3-2000, G.O(Rt) No.11/2009/SPD/11-2-2009 എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. ഇതനുസരിച്ച് സിഡ്കോയ്ക്ക് റേറ്റ് കോൺട്രാക്റ്റിനുള്ള കാലാവധി മുൻവർഷങ്ങളിൽ നീട്ടി നൽകിയതിന്റെ തുടർച്ചയായി GO(Rt).No 26/2015/SPD dated 28-5-2015 പ്രകാരം ഒരു വർഷം കൂടി നീട്ടി നൽകിയിരുന്നു. എന്നാൽ റേറ്റ് കോൺട്രാക്റ്റ് വ്യവസ്ഥയിൽ ഉൾപ്പെടാത്ത ഇനങ്ങളായ Plastic full arm Chair (Nilkamal) -100 എണ്ണം, Pedestal fan (Almonard) -3 എണ്ണം, സീലിംഗ് ഫാൻ - 1 എണ്ണം, Laser Printer (HP) -1 എണ്ണം എന്നിവ ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ ഇതോടൊപ്പം സിഡ്കോയിൽ നിന്ന് നേരിട്ട് വാങ്ങിയത് ക്രമവിരുദ്ധമായ നടപടിയും സർക്കാർ ഉത്തരവുകളുടെ വ്യക്തമായ ലംഘനവുമാണ്. സിഡ്കോ ഉത്പാദിപ്പിക്കാത്ത ഉൽപ്പന്നങ്ങൾ ടെണ്ടർ കൂടാതെ സിഡ്കോയിൽ നിന്ന് വാങ്ങിയതിനാൽ, 04.09.2002-ലെ 2117/$A_3$/2002/SPD നമ്പർ സർക്കുലർ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന് സാമ്പത്തിക ഉത്തരവാദിത്തം ഉള്ളതായി വിലയിരുത്തുന്നു.

2. ഓരോ വർഷവും വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെ കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽത്തന്നെ നടത്തുകയും അതനുസരിച്ച് വാങ്ങൽ നടപടി ആരംഭിക്കുകയും ചെയ്യണമെന്ന് 8-11-2010 ലെ GO(P)/259/2010 നംപർ ആയി സർക്കാർ മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സാധനങ്ങൾ വാങ്ങുന്നതിനായുള്ള നടപടിക്രമങ്ങളുടെ സുതാര്യത ഉറപ്പ് വരുത്തുന്നതിനും ഗുണനിലവാരപരിശോധനക്കുമായി ഒരു പർച്ചേസ് കമ്മിറ്റി രൂപീകരിക്കണമെന്നും സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളൊന്നുംതന്നെ പാലിക്കപ്പെട്ടില്ല. 9500 രൂപ നിരക്കിൽ Pedestal fan (Almonard) -3 എണ്ണം, 2500 രൂപ നിരക്കിൽ സീലിംഗ് ഫാൻ - 1 എണ്ണം എന്നിവ NUHM ഹോമിയോ ഡിസ്പെൻസറിക്ക് എന്ന പേരിൽ വാങ്ങിയെങ്കിലും അവ ഡിസ്പെൻസറിക്ക് നൽകിയിട്ടില്ല. രണ്ട് Pedestal fan മുനിസിപ്പൽ ഓഫീസിൽത്തന്നെ സൂക്ഷിച്ചിരിക്കുന്നതായി ഭൗതിക പരിശോധനയിൽ വ്യക്തമായി. റോഡിതര മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് വാങ്ങിയ ആസ്തികൾ മുനിസിപ്പൽ ഓഫീസിൽ ഉപയോഗിക്കുന്നത് ന്യായീകരിക്കാവുന്നതല്ല. ഒരു പെഡസ്റ്റൽ ഫാനും സീലിംഗ് ഫാനും ആർക്ക് വിതരണം ചെയ്തു എന്നതിന് രേഖകളില്ല. ആവശ്യകതയുടെ അടിസ്ഥാനത്തിലല്ലാതെ തോന്നിയപടി ഉപകരണങ്ങൾ വാങ്ങിക്കൂട്ടുന്ന നടപടി വ്യക്തമായ ഫണ്ട് ദുർവ്വിനിയോഗമായി വിലയിരുത്തുന്നു. വിതരണ രേഖകൾ ഇല്ലാത്ത ഒരു പെഡസ്റ്റൽ ഫാൻ, 1 സീലിംഗ് ഫാൻ എന്നിവക്ക് ചെലവായ തുക 12000 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദീയിൽ നിന്ന് തിരികെ ഈടാക്കേണ്ടതും മേൽസൂചിപ്പിച്ച അപാകതകളിന്മേൽ വിശദീകരണം നൽകേണ്ടതുമാണ്. അതുവരെ ബാക്കി ചെലവുതുക 226071 രൂപ തടസ്സപ്പെടുത്തുന്നു.

3. നഗരസഭാ ഓഫീസിലേക്ക് വാങ്ങിയ ഫർണിച്ചർ സ്റ്റോക്കിൽ ചേർത്തിട്ടുണ്ടെങ്കിലും അവ ഏതൊക്കെ സെക്ഷനുകളിലാണ് നൽകിയിട്ടുള്ളത് എന്നതിന്റെ വിവരം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ ഫർണിച്ചർ ഓരോന്നിനും പ്രത്യേക നംപരും വാങ്ങിയ വർഷവും രേഖപ്പെടുത്തിയിട്ടുമില്ല. നഗരസഭാ ഓഫീസിലേക്ക് നാളിതുവരെ വാങ്ങിയ ഫർണിച്ചർ ഓരോന്നിനും പ്രത്യേക നംപർ, വാങ്ങിയ വർഷം എന്നിവ

രേഖപ്പെടുത്തേണ്ടതും ഫർണിച്ചർ സ്റ്റോക്ക് രജിസ്റ്ററിൽ ഇഷ്യുവിന്റെ വിവരം പൂർണ്ണമായി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

പദ്ധതി നിർവ്വഹണത്തിലുണ്ടായ അപാകതകൾക്ക് പരിഹാര നടപടികൾ സ്വീകരിച്ച ശേഷം ഓഡിറ്റിനെ അറിയിക്കേണ്ടതും അവ ഭാവിയിൽ ആവർത്തിക്കാതിരിക്കേണ്ടതുമാണ്.

## 3-10 സാമൂഹ്യസുരക്ഷാ മിഷനിലേക്ക് വിഹിതം നൽകിയത് - ചെലവ് രേഖകൾ ലഭ്യമാക്കിയില്ല

കേരള സാമൂഹ്യസുരക്ഷാ മിഷന്റെ ആഭിമുഖ്യത്തിൽ നഗരസഭയിൽ അവശത അനുഭവിക്കുന്ന വിവിധ ജനവിഭാഗങ്ങൾക്ക് ആനുകൂല്യം നൽകുന്നതിനായി മിഷന് സംഭാവന നൽകുന്നതിന് 6-5-2013 ലെ GO(Rt) 1209/ 2013/തസ്വഭവ നംപർ ആയി സർക്കാർ ഉത്തരവായിട്ടുണ്ട്. കേരള സാമൂഹ്യസുരക്ഷാ മിഷൻ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്ന പ്രധാന പദ്ധതികളായ ആശ്വാസ കിരണം, ക്യാൻസർ സുരക്ഷ, താലോലം തുടങ്ങിയ പദ്ധതികളുടെ നടത്തിപ്പിനാണ് തുക ഒടുക്കുന്നത് എന്ന് പ്രസ്തുത ഉത്തരവിൽ സൂചിപ്പിക്കുന്നുണ്ട്. ഇതനുസരിച്ച് തൻവർഷം 803100 രൂപ പ്രസ്തുത സ്ഥാപനത്തിന്റെ എക്സിക്യൂട്ടിവ് ഡയറക്ടർക്ക് ഒടുക്ക് വരുത്തിയിട്ടുണ്ട്. (ഡി.ഡി. നംപർ 422683 / 11-4-16 320000 രൂപ; ഡി.ഡി. നംപർ 422684 / 11-4-16 483100 രൂപ) എന്നാൽ തുക കൈപ്പറ്റിയതിന്റെ രസീത്, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിൽ ഹാജരാക്കിയില്ല.ചെലവ് രേഖകൾ ലഭ്യമാക്കേണ്ടതാണ്. അതുവരെ ചെലവുതുക 803100 രൂപ തടസ്സപ്പെടുത്തുന്നു.

## 3-11 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പദ്ധതിയുടെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ വാങ്ങി നൽകുന്നതിന് ധനസഹായം, S007/16 |
| അടങ്കൽ തുക | 184000 (SCP) |
| ചെലവ് തുക | 1. 16000, Bill No.26/15-16/23.03.16<br>2. 40000, Bill No.27/15-16/23.03.16<br>3. 28000, Bill No.34/15-16/30.03.16<br>4. 28000, Bill No.41/15-16/31.03.16 |

പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ വാങ്ങി നൽകുന്നതിന്, പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ ഉണ്ടായി.

1. പന്ത്രണ്ടാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം, പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങി നൽകുന്നത് 4000 രൂപവരെ ചെലവഴിക്കാവുന്നതാണ്. സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ഫർണ്ണിച്ചർ വാങ്ങി സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണമെന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്. എന്നാൽ ഈ നിർദ്ദേശത്തിന് വിരുദ്ധമായി ഗുണഭോക്താക്കൾ ഫർണ്ണിച്ചർ വാങ്ങിയതിന്റെ ബില്ല് ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ തുക ഡിഡി ആയി നൽകുകയാണ് ചെയ്തിട്ടുള്ളത്. ഗുണഭോക്താക്കൾ ഫർണ്ണിച്ചർ വാങ്ങിയിട്ടുണ്ടോയെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടുമില്ല.
2. ദേവു.വൈ, ദേവു ഭവനം, കൈതമുട്ടിൽ താഴേതിൽ എന്ന വിദ്യാർത്ഥിനിയ്ക്ക് ഫർണ്ണിച്ചർ വാങ്ങിയതിന്റെ ധനസഹായമായി 4000 രൂപ ഡിഡി നം.421348/30.03.16 പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ ഇതേ വിദ്യാർത്ഥിനിയ്ക്ക് 2014-15 സാമ്പത്തിക വർഷം ഫർണ്ണിച്ചർ വാങ്ങിയതിന്റെ ധനസഹായമായി 4000 രൂപ (ഡിഡി നം.093215/17.4.15) നൽകിയിരുന്നു. പന്ത്രണ്ടാം പദ്ധതി സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഒരു വിദ്യാർത്ഥിയ്ക്ക് ഒരു പ്രാവശ്യം മാത്രമാണ് ഈ ആനുകൂല്യത്തിന് അർഹതയുള്ളത്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 25.01.17 ന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.24) മറുപടി ലഭ്യമാക്കിയില്ല. സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ച 4000 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.
3. മിഥുൻ, മിഥുൻ ഭവനം, ആനന്ദപ്പള്ളി(4000 രൂപ, ഡിഡി നം.421648/31.3.16), സച്ചു.ആർ, പുല്ലംവിള കിഴക്കേതിൽ, പറക്കോട്(4000 രൂപ, ഡിഡി നം.421651/31.3.16) എന്നിവർക്ക് ധനസഹായം നൽകുന്നതിന് അടിസ്ഥാനമാക്കിയിട്ടുള്ള, ഫർണ്ണിച്ചർ വാങ്ങിയതിന്റെ ബില്ലുകൾ ഫോം 8B-യിൽ ( 2005-ലെ കേരള വാല്യു ആഡഡ് ടാക്സ് റൂൾ) ഉള്ളവയല്ല.

## 3-12 ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പദ്ധതിയുടെ | ഹൈസ്കൂൾ കുട്ടികൾക്ക് |

| | |
|---|---|
| പേര് | സൈക്കിൾ വാങ്ങൾ<br>S0148/16 |
| അടങ്കൽ തുക | 228000 (SCP) |
| ചെലവ് തുക | 1. 24000, Bill No.24/15-16/23.03.16<br>2. 48000, Bill No.25/15-16/23.03.16<br>3. 60000, Bill No.35/15-16/30.03.16<br>4. 36000, Bill No.42/15-16/31.03.16 |

പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകുന്നതിന്, പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ സംഭവിച്ചു.

1. പന്ത്രണ്ടാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം, പത്താംക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകുന്നതിന് 2013-14 സാമ്പത്തിക വർഷം മുതൽ തുക ചെലവഴിക്കാവുന്നതാണ്. 8,9 ക്ലാസ്സുകളിലെ കുട്ടികൾക്ക് കൂടി സൈക്കിൾ വാങ്ങി നൽകുന്നതിന് അനുമതി നൽകിയിട്ടുള്ളത് 2016-17 വർഷത്തെ പദ്ധതി മുതലാണ്[സ.ഉ(സാധാ)നം.2464/16/ത.സ്വ.ഭ.വ തീയതി 17.08.16]. 8,9 ക്ലാസ്സുകളിലെ കുട്ടികൾക്ക് സൈക്കിൾ വാങ്ങി നൽകുന്നതിന് നിർദ്ദേശം ഇല്ലായിരുന്ന സമയത്താണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്.
2. സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ സൈക്കിളുകൾ വാങ്ങി സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണമെന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്. എന്നാൽ ഈ നിർദ്ദേശത്തിന് വിരുദ്ധമായി ഗുണഭോക്താക്കൾ സൈക്കിൾ വാങ്ങിയതിന്റെ ബില്ല് ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ തുക ഡിഡി ആയി നൽകുകയാണ് ചെയ്തിട്ടുള്ളത്. ഗുണഭോക്താക്കൾ സൈക്കിൾ വാങ്ങിയിട്ടുണ്ടോയെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടുമില്ല.
3. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി സൈക്കിളുകൾ ലഭിച്ചിട്ടുള്ള താഴെപ്പറയുന്നവർ സ്കൂൾ വിദ്യാർത്ഥികളാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടുണ്ടെങ്കിലും ഹൈസ്കൂൾ വിദ്യാർത്ഥികളാണെന്ന് ഉറപ്പുവരുത്തുവാൻ പര്യാപ്തമായ രേഖപ്പെടുത്തൽ ടി രേഖകളിൽ കാണുന്നില്ല

a) പ്രജീഷ് കുമാർ.കെ, പുല്ലംവിള കിഴക്കേതിൽ, പറക്കോട്

b) അജയ്.എ, തടത്തിൽ, പന്നിവിഴ

c) ലക്ഷ്മി.ജി, മിഥുൻ ഭവനം, പന്നിവിഴ

d) ആതിര.പി.ആർ, അമ്പിലഴികത്ത്, പറക്കോട്

e) അശ്വതി.വി, അനിൽ ഭവനം, ആനന്ദപ്പള്ളി

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 25.01.17 ൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.24) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ പദ്ധതിക്ക് ചെലവഴിച്ച 168000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-13 സ്മാർട്ട് ക്ലാസ്സ് റൂം പ്രോജക്ട്-നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| *പ്രോജക്ടിന്റെ പേര്* | *സ്മാർട്ട് ക്ലാസ്സ് റൂം പ്രോജക്ട്* |
| *പ്രോജക്ട് നമ്പർ* | *149/15-16* |
| *നിർവ്വഹണോദ്യോഗസ്ഥ* | *എച്ച്.എം.ഗവ.യു.പി സ്കൂൾ* |
| *അടങ്കൽ* | *296000 (മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം)* |
| *ചെലവ്* | *292169* |
| *ബിൽ നം., തീയതി* | *03/15-16, തീയതി.26.10.2015* |

എച്ച്.എം.ഗവ.യു.പി.എസ് അടൂർ നിർവ്വഹിച്ച സ്മാർട്ട് ക്ലാസ്സ് റൂം എന്ന പദ്ധതി പ്രകാരം വിവിധ സ്കൂളുകളിലേക്കായി 8 ലാപ് ടോപ്പുകൾ വാങ്ങിയിട്ടുണ്ട്. ഈ പദ്ധതി നിർവ്വഹണത്തിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു

- എയ്സർ E5-573 മോഡൽ ലാപ്ടോപ്പുകളാണ് വാങ്ങിയിരിക്കുന്നത്. ഇവ വാങ്ങിയിട്ടുള്ളത് സിഡ്കോ മാർക്കറ്റിംഗ് സെന്റർ ആലപ്പുഴയിൽ നിന്നും ടെണ്ടർ ക്ഷണിക്കാതെയാണ്. സിഡ്കോയിൽ നിന്നും സ്റ്റീൽ, തടി ഫർണിച്ചറുകളും ബിറ്റുമിനും മാത്രമേ ടെണ്ടർ ക്ഷണിക്കാതെ നേരിട്ട് വാങ്ങുന്നതിന് അനുമതിയുള്ളൂ. മാത്രമല്ല ടെണ്ടർ കൂടാതെ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്ക് SIDCO യിൽ നിന്നും വാങ്ങുന്നതിന് അനുവാദമുള്ളത് ടി സ്ഥാപനം സ്വന്തമായി നിർമ്മിക്കുന്ന സാധന സാമഗ്രികൾക്ക് മാത്രമാണ്. സ്വന്തമായി നിർമ്മിക്കാത്ത കമ്പ്യൂട്ടർ പോലുള്ള സാധനങ്ങൾ മറ്റ് സ്വകാര്യ സംരഭകരിൽ നിന്നും വാങ്ങി നൽകുന്നതിന് ഇടനിലക്കാരായി പ്രവർത്തിക്കുന്നതിന് SIDCO പോലെയുള്ള അംഗീകൃത സ്ഥാപനങ്ങൾക്കനുമതിയില്ല.
- ഒന്നിന് 32952 രൂപ നിരക്കിൽ എട്ട് ലാപ്ടോപ്പുകൾക്ക് 263616 രൂപയും

2 വർഷ വാറന്റി എക്സ്റ്റൻഷന് ലാപ് ടോപ്പ് ഒന്നിന് 1830 രൂപ നിരക്കിൽ 14640 രൂപയുമുൾപ്പടെ 278256 രൂപയും ആയതിന്റെ 5% സെയിൽസ് ടാക്സ് 13912 രൂപയുമടക്കം 292169 രൂപയാണ് സിഡ്കോയ്ക്ക് ഇൻവോയിസ് നം-0269,തീയതി.11.09.2015 പ്രകാരം കൈമാറിയിട്ടുള്ളത്. എയ്സെർ കമ്പനിയുടെ ലാപ്ടോപ്പിന് SIDCO യാണ് വാറണ്ടി എക്സ്റ്റൻഷൻ നൽകിയിട്ടുള്ളത്.

- വാറണ്ടി എക്സ്റ്റൻഷന് വേണ്ടി വാങ്ങിയ 14640 രൂപയുൾപ്പടെയുള്ള തുകയ്ക്കാണ് സെയിൽസ് ടാക്സ് ഈടാക്കിയിട്ടുള്ളത്. വാറണ്ടി എക്സ്റ്റൻഷൻ ഒരു സേവനമാണെന്നിരിക്കെ ഈ ചെലവുകൂടി ഉൾപ്പെട്ട തുകയ്ക്ക് വിൽപന നികുതി ഈടാക്കിയത് ക്രമപ്രകാരമല്ല.

മേൽ സൂചിത അപാകതകൾ വിരൽ ചൂണ്ടുന്നത് SIDCO മദ്ധ്യവർത്തിയായി നിന്നുകൊണ്ട് മറ്റേതോ സ്ഥാപനത്തിൽ നിന്നുമാണ് ലാപ്ടോപ്പുകൾ വാങ്ങി നൽകിയിട്ടുള്ളത്. ടെണ്ടർ നടപടിക്രമങ്ങളിലൂടെ ലാപ്ടോപ്പുകൾ നേരിട്ട് വാങ്ങിയുരുന്നെങ്കിൽ ലഭ്യമാകുമായിരുന്ന ലാഭം ഇതുമൂലം നഷ്ടപ്പെടുത്തിയാതായി ഓഡിറ്റ് നിരീക്ഷിക്കുന്നു. ഭാവിയിൽ ഇപ്രകാരമുള്ള പദ്ധതികൾ ഏറ്റെടുത്തു നടപ്പാക്കുമ്പോൾ ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കുന്നതിനും മദ്ധ്യവർത്തികളെ ഒഴിവാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 3-14 പ്രൈവറ്റ് ബസ് സ്റ്റാന്റ് - കോൺക്രീറ്റ് ചെയ്ത തറയുടെ ഒരു ഭാഗം പൊളിഞ്ഞ നിലയിൽ

പ്രൈവറ്റ് ബസ് സ്റ്റാന്റിന് സ്ഥലം ഏറ്റെടുക്കുന്നതിനും നിർമ്മാണത്തിനുമായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2014-15 ൽ പദ്ധതി ആവിഷ്കരിച്ചിരുന്നു. എന്നാൽ സ്ഥലം ഏറ്റെടുക്കൽ ഒഴിവാക്കി ബസ് സ്റ്റാന്റ് നിർമ്മാണത്തിന് മാത്രമായി 10.5 ലക്ഷം രൂപ അടങ്കൽ വകയിരുത്തി 2015-16 ൽ പദ്ധതി പുതുക്കി അംഗീകാരം വാങ്ങുകയാണുണ്ടായത്. നിലവിൽ ബസ് സ്റ്റാന്റ് ആയി നിൽക്കുന്ന സ്ഥലം നിലം നികത്തിയ പുരയിടം ആണെന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. ടെണ്ടർ നടപടികളിലൂടെ റേ തോമസ് സക്കറിയ, നെല്ലിമൂട്ടിൽ തോട്ടുവ, മണക്കാല പി.ഓ എന്ന കരാറുകാരന് എസ്റ്റിമേറ്റിനേക്കാൾ 24.999 % കുറഞ്ഞ നിരക്കിൽ 19-3-15 ന് പ്രവൃത്തി ഏൽപ്പിച്ചു. പ്രസ്തുത സ്ഥലം മുൻവർഷങ്ങളിൽ കോൺക്രീറ്റ് ചെയ്തതിന്റെ ബാക്കി ഭാഗം (85 മീറ്റർ നീളം) ആണ് തൻവർഷം 2012 ഷെഡ്യൂൾ നിരക്കിൽ കോൺക്രീറ്റ് ചെയ്തിട്ടുള്ളത്. 12.5 cm കനത്തിൽ 40mm മെറ്റൽ ഉപയോഗിച്ച് 121.9 ക്യൂ.മീറ്റർ അളവിൽ 1:4:8 അനുപാതത്തിലും 10 cm കനത്തിൽ 20mm മെറ്റൽ ഉപയോഗിച്ച് 1:2:4 അനുപാതത്തിലും ആണ് കോൺക്രീറ്റ് ചെയ്തിട്ടുള്ളത്. 12-5-2015 ൽ പൂർത്തീകരിച്ച പ്രവൃത്തിയുടെ ആകെ മൂല്യം 1048564 രൂപ ആണ്. (ബിൽ നംപർ 1/15-16/FCG/ 27-6-15 1005193 രൂപ; ബിൽ നംപർ 1/15-16/AG / 27-6-15 43371 രൂപ; എം. ബുക്ക് നംപർ 114/14-15)

പ്രൈവറ്റ് ബസ് സ്റ്റാന്റിൽ നിലവിൽ കോൺക്രീറ്റ് ചെയ്ത ഭാഗത്ത് അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്ന വലിയ ടാങ്കർ ലോറികളും ചരക്ക് വാഹനങ്ങളും അനധികൃതമായി പാർക്കിംഗിന് ഉപയോഗിക്കുന്നതായും കോൺക്രീറ്റ് ചെയ്തതിന്റെ ഒരു ഭാഗം പൊട്ടിപ്പൊളിഞ്ഞതായും ഭൗതിക പരിശോധനയിൽ കണ്ടു. ചരക്കു ലോറികളുടെ അനധികൃത പാർക്കിംഗിനൊപ്പം നിർമ്മാണത്തിലെ അപാകതയും തറ പൊട്ടിപ്പൊളിഞ്ഞതിന് കാരണമായി വിലയിരുത്തുന്നു.

കരാർ തുകയുടെ 5% നിരക്കിൽ പെർഫോമൻസ് ഗ്യാരന്റി ഈടാക്കാത്തതും സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക തിരികെ നൽകിയതും ഗുരുതരമായ അപാകതയാണ്. ആയതിന്മേൽ വിശദീകരണം നൽകേണ്ടതാണ്. ബസ് സ്റ്റാന്റിന്റെ ഇളകിയ തറ കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ വീണ്ടും കോൺക്രീറ്റ് ചെയ്യുന്നതിനും ചരക്ക് ലോറികളുടെ അനധികൃത പാർക്കിംഗ് തടയുന്നതിനും സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-15 ഭവന നിർമ്മാണം - അധികം പിൻവലിച്ച തുക തിരിച്ചടയ്ക്കണം

തൻവർഷം 4060000 രൂപ അടങ്കൽ വകയിരുത്തി (പ്രോജക്ട് നംപർ S015/16 ) പ്രോജക്ട് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഭവന നിർമ്മാണം (ജനറൽ) എന്ന പദ്ധതി പ്രകാരം 28 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയിരുന്നു. പദ്ധതിക്കായി ഷൈലജ, ഷാജി മൻസിൽ, പറക്കോട് എന്ന ഗുണഭോക്താവിന് ആദ്യഗഡു നൽകുന്നതിന് 40000 രൂപ ട്രഷറി ബിൽ പ്രകാരം പിൻവലിച്ചെങ്കിലും 20000 രൂപ മാത്രമാണ് ടിയാൾക്ക് നൽകിയിട്ടുള്ളത് എന്ന് കൈപ്പറ്റ് രേഖകളിൽ നിന്നും വ്യക്തമായി. പണി പൂർത്തീകരിച്ച പ്രസ്തുത ഗുണഭോക്താവിന് ആകെ നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഡി.ഡി നംപർ, തീയതി | കൈപ്പറ്റിയ തുക | അഭിപ്രായം |
|---|---|---|
| 418572 / 28-10-15 | 20000 | ട്രഷറി ബിൽ നംപർ 23 / 28-10-15 പ്രകാരം ഒന്നാം ഗഡുവായി 40000 രൂപ ടി ഗുണഭോക്താവിന് നൽകാനായി പിൻവലിച്ചു. |
| 419491 / 12-2-16 | 60000 | |
| 420711 / 21-3-16 | 60000 | |
| 128235 / 29-11-16 | 60000 | |
| ആകെ | 200000 | |

ഒന്നാം ഗഡുവായി 20000 രൂപ നൽകുന്നതിന് അനുവദിച്ചുകൊണ്ടാണ് ബന്ധപ്പെട്ട ഫയലിൽ (H2-7638/15)കുറിപ്പ് രേഖപ്പെടുത്തി സെക്രട്ടറി ഉത്തരവിട്ടിട്ടുള്ളത്. എന്നാൽ 180000 രൂപ പിൻവലിക്കുന്നതിന് 23 / 28-10-15 നംപർ ട്രഷറി ബില്ലിനൊപ്പം ചേർത്തിട്ടുള്ള ലിസ്റ്റിൽ ടി ഗുണഭോക്താവിന് നൽകേണ്ട ധനസഹായം 40000 രൂപ (ശുഭപ്രിയ – 20000, സതിയമ്മ – 100000, ഷൈലജ , ഷാജിമൻസിൽ - 40000, ഷാജഹാൻ &ഷംല – 20000 ; ആകെ - 180000)എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഗുണഭോക്താവിന് നൽകാനായി 40000 രൂപ ട്രഷറിയിൽ നിന്ന് പിൻവലിച്ചെങ്കിലും 20000 രൂപ മാത്രമാണ് ടിയാൾ കൈപ്പറ്റിയിട്ടുള്ളത്.

ട്രഷറിയിൽ നിന്ന് അധികം പിൻവലിച്ച 20000 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 3-16 ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീസായ 36750 രൂപ നാളിതുവരെ തിരികെ വാങ്ങിയിട്ടില്ല

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2015-16 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വില(ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയത് നാളിതുവരെ നഗരസഭ തിരികെ വാങ്ങിയിട്ടില്ല.

28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്ത്/നഗരസഭകൾ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ജി.ഒ(പി)3/2015/ഫിൻ തീ.5/1/15 പ്രകാരം 50000 മുതൽ 10 ലക്ഷം വരെ അടങ്കലുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറ വില അടങ്കൽ തുകയുടെ 0.2% കുറഞ്ഞത് 500രൂപ എന്ന് നിശ്ചയിച്ചിരുന്നു. 5% വാറ്റ് ഉൾപ്പടെ കണക്കാക്കി വേണം ആകെ ടെണ്ടർ ഫീസ് വാങ്ങേണ്ടത്.എന്നാൽ 2015-16 വർഷം 2 മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്തുവെങ്കിലും ടെണ്ടർ ഫീസ് ഇനത്തിൽ കരാറുകാർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ ബാങ്ക് അക്കൗണ്ടിൽ ഓൺലൈൻ ആയി ആകെ ഒടുക്കിയ തുക സംബന്ധിച്ച വിവരങ്ങൾ അസിസ്റ്റന്റ് എൻജിനീയറുടെ ഓഫീസിൽ സൂക്ഷിച്ചിട്ടില്ല. നഗരസഭയ്ക്ക് ലഭിക്കേണ്ട തുക തിരികെ വാങ്ങാൻ നാളിതുവരെ യാതൊരു നടപടികളും സ്വീകരിച്ചിട്ടുമില്ല. ഇ-ടെണ്ടർ പ്രകാരം ലഭിച്ച ടെണ്ടറുകളുടെ അടിസ്ഥാനത്തിൽ നഗരസഭയ്ക്ക് ലഭിക്കേണ്ട തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജ.നം. | ലഭിച്ച ടെണ്ടറുകളുടെ എണ്ണം | ടെണ്ടർ ഫീസ് | വാറ്റ് | ആകെ തുക |
|---|---|---|---|---|---|
| 1 | 151/16<br>അടങ്കൽ-775500 | 7 | 1922x7=13454 | 673 | 14127 |
| 2 | 160/16<br>അടങ്കൽ-1600000 | 5 | 2400x5=12000 | 600 | 12600 |

2015-16 വർഷം ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ഉൾപ്പടെ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട **25454** രൂപ തിരികെ വാങ്ങാൻ അടിയന്തി നടപടികൾ സ്വീകരിക്കേണ്ടതാണ്. വാറ്റ് ഇനത്തിൽ ഈടാക്കിയ 1273രൂപ വാണിജ്യ നികുതി വകുപ്പിൽ അടവാക്കേണ്ടതും ടെണ്ടർ ഫീസ് ഇനത്തി വരവ് വന്ന 25454രൂപ നഗരസഭ അക്കൗണ്ടിലേയ്ക്ക് മുതൽ കൂട്ടേണ്ടതുമാണ് .

## 3-17 കരാർ മുഖേന നടപ്പാക്കുന്ന പ്രവർത്തികൾക്ക് വിൽക്കുന്ന ടെണ്ടർ ഫോമുകൾക്ക് ആനുപാതികമായി ടെണ്ടർ സമർപ്പിക്കപ്പെട്ടില്ല

ഓഡിറ്റ് വർഷം നടപ്പാക്കിയ കരാർ പ്രവർത്തികൾക്ക് ടെണ്ടർ ക്ഷണിച്ചതിന്റെയടിസ്ഥാനത്തിൽ ഓരോ പ്രവൃത്തിക്കും ശരാശരി ആറ് ടെണ്ടർ ഫോമുകൾ വിൽക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ടെണ്ടർ രജിസ്റ്റർ പ്രവർത്തിയുടെ ഫയലുകൾ എന്നിവ പ്രകാരം എല്ലാ പ്രവൃത്തികൾക്കും രണ്ട് ടെണ്ടറുകൾ മാത്രമാണ് സമർപ്പിക്കപ്പെട്ടിട്ടുള്ളത്. ഏതാനും ഉദാഹരണങ്ങൾ താഴെച്ചേർക്കുന്നു.

| പ്രോജ.നം.,അടങ്കൽ | വാങ്ങിയവയുടെ എണ്ണം | സമർപ്പിക്കപ്പെട്ടവ | കരാർ നിരക്ക് | കരാറുകാരൻ |
|---|---|---|---|---|
| 155/16,<br>495000 | 6 | 2 | എസ്റ്റിമേറ്റ്, 5% അധികം | എസ്.അജീഷ് |
| 169/16,<br>498000 | 6 | 2 | | |
| 170/16,<br>498000 | 7 | 2 | | |

ആയിരങ്ങൾ മുടക്കി ടെണ്ടർ ഫോമുകൾ വാങ്ങിയിട്ടും സമർപ്പിക്കപ്പെടാതെ പോകുന്നതിനുള്ള കാരണം , ഇപ്രകാരം ലഭ്യമാകുന്ന ടെണ്ടറുകളിന്മേൽ നെഗോഷിയേഷൻപോലും നടത്താതെ എസ്റ്റിമേറ്റ് നിരക്കിൽ കരാർ ഉറപ്പിക്കാനുണ്ടായ സാഹചര്യവും അന്വേഷണവിധേയമാക്കേണ്ടതും വീഴ്ച വന്നിട്ടുണ്ടെങ്കിൽ ആയതിന്മേൽ നടപടി സ്വീകരിക്കുന്നതിനും ഭരണവകുപ്പിന് ശുപാർശ ചെയ്യുന്നു.

## 3-18 റോഡ് കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകിയ ഇനത്തിൽ 133471 രൂപ നഷ്ടം

2015-16-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അസി.എഞ്ചിനീയർ നടപ്പിലാക്കിയ വിവിധ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ 1:2:4 അനുപാതത്തിൽ 20 mm മെറ്റൽ ഉപയോഗിച്ചുള്ള കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകിയിട്ടുള്ളതായി കാണുന്നു. 17.04.2013-ൽ പ്രാബല്യത്തിൽ വന്നിട്ടുള്ള DSR (Delhi Scheduled Rate) പ്രകാരമാണ് 2015-16 വാർഷിക

പദ്ധതിയിലെ മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തിയിട്ടുള്ളത്. CPWD, Analysis of rates-2014, Volume-1 പ്രകാരം 1:2:4 അനുപാതത്തിലുള്ള റോഡ് കോൺക്രീറ്റിംഗിന്റെ (DSR Code: 4.1.3) അടിസ്ഥാന നിരക്ക് (Base rate) 4753.29 രൂപയാണ്. PWD, ചീഫ് എഞ്ചിനീയറുടെ 15.12.2014-ലെ CD/Admin/PLA/1014/2005 സർക്കുലർ പ്രകാരം പത്തനംതിട്ട ജില്ലയ്ക്ക് 01.04.2014 മുതൽ ബാധകമായ Cost Index 40.95% ആണ്. ഇതു പ്രകാരം 1:2:4 കോൺക്രീറ്റിംഗിന് നൽകാവുന്ന നിരക്ക് 6699.66/m$^3$ ആണ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

For 1:2:4 Concreting (DSR Code:4.1.3) - Details of cost for 1 cum

| 1:2:4 (1 Cement:2 Course sand:4 graded stone aggregate 20mm nominal size) | | | | | |
|---|---|---|---|---|---|
| Code No | Description | Unit | Quantity | Rate | Amount |
| 0295 | Stone aggregate (Single size)-20mm nominal size | Cum | 0.670 | 1175 | 787.25 |
| 0297 | Stone aggregate (Single size)-10mm nominal size | Cum | 0.220 | 1175 | 258.50 |
| 2202 | Carriage of Stone aggregate below 40mm nominal size | Cum | 0.890 | 106.49 | 94.78 |
| 0982 | Coarse sand(Zone III) | Cum | 0.445 | 1200 | 534 |
| 2203 | Carriage of Coarse sand | Cum | 0.445 | 106.49 | 47.39 |
| 0367 | Portland Cement(0.2225 cum) | Tonne | 0.320 | 6300 | 2016 |
| 2209 | Carriage of Cement | Tonne | 0.320 | 94.65 | 30.29 |
| | Labour | | | | |
| 0155 | Mason(Average) | Day | 0.100 | 417 | 41.70 |
| 0114 | Beldar | Day | 1.630 | 329 | 536.27 |
| 0101 | Bhisti | Day | 0.700 | 363 | 254.10 |
| 0002 | Hire Charge of concrete mixer 0.25 to 0.40 cum with Hopper | Day | 0.070 | 800 | 56.00 |
| 0012 | Vibrator(needle type 40mm) | Day | 0.070 | 350 | 24.50 |
| 9999 | Sundries | LS | 14.30 | 1.78 | 25.45 |
| | | | | Total | 4706.23 |
| Add water charge 1% | | | | | 47.06 |
| Sub Total | | | | | 4753.29 |
| Cost Index for Pathanamthitta, 40.95% | | | | | 1946.47 |
| Total | | | | | 6699.76 |

എന്നാൽ ഫയലുകൾ പരിശോധിച്ചതിൽ റോഡ് നിർമ്മാണത്തിന് അവലംബിക്കേണ്ട സ്പെസിഫിക്കേഷന പകരം (Code 4.1.3) പകരം തറ നിരപ്പാക്കലിന് ബാധകമായ സ്പെസിഫിക്കേഷനും, നിരക്കും (7058.80/m$^3$) അവലംബിച്ചാണ് പ്രവൃത്തി നടത്തിയിട്ടുള്ളതെന്ന് കണ്ടു (Flooring, DSR Code: 11.7).

For Flooring: (DSR Code:11.7) - Details of cost for 1m$^3$

| Cement Concrete pavement with 1:2:4 (1 Cement:2 Course sand:4 graded stone aggregate 20mm nominal size) including finishing complete | | | | | |
|---|---|---|---|---|---|
| Code No | Description | Unit | Quantity | Rate | Amount |
| 4.1.3 | Rate as per item | M3 | 1 | 4753.29/m3 | 4753.29 |

| | | | | | |
|---|---|---|---|---|---|
| | 4.1.3 of DSR ,concrete work | | | | |
| | Labour: Extra labour for laying in floors etc | | | | |
| 0124 | Mason(brick layer) 2nd class | Day | 0.350 | 399.00 | 139.65 |
| 0114 | Bheldar | day | 0.180 | 329.00 | 59.22 |
| 0101 | Bhisti | day | 0.050 | 363.00 | 18.15 |
| 9999 | Sundries | LS | 19.760 | 1.78 | 35.17 |
| Sub Total | | | | | 5005.48 |
| Add 1% water charge except for 4.1.3 (252.19x1%) | | | | | 2.52 |
| Total | | | | | 5008 |
| Cost Index for Pathanamthitta, 40.95% | | | | | 2050.78 |
| Total | | | | | 7058.78 |

അധിക നിരക്ക് നൽകിയ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ വിവരം | അളവ് (m3) | പ്രതിഫലം നൽകിയത് (@7058.78/ m3) | അനുവദനീയമായത് (@ 6699.76/ m3) | നഷ്ടം |
|---|---|---|---|---|---|
| 1 | പ്രോജക്ട് നം. - 51/16<br>അടങ്കൽ - ₹250000<br>കൺവീനർ - ശ്രീ നീതുക്കുട്ടൻ<br>ചെലവ് - ₹279159<br>ബിൽ നം., തീ. - 51/26-03-2016<br>എം.ബുക്ക് നം. 128/15-16 | 18.428 | 130079.19 | 123463.18 | 6616.01 |
| 2 | പ്രോജക്ട് നം. - S0011/16<br>അടങ്കൽ - ₹150000<br>കൺവീനർ - ശ്രീ.ബോബി മാത്തുണ്ണി<br>ചെലവ് - ₹134640/-<br>ബിൽ നം., തീ. - 12/14.10.2015<br>എം.ബുക്ക് നം.- 45/15-16 | 8.888 | 62738.44 | 59547.47 | 3190.97 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 3 | പ്രോജക്റ്റ് നം. - S0049/16<br>അടങ്കൽ - ₹90000<br>കൺവീനർ - ശ്രീ ബിന്ദു പാലവിളയിൽ<br>ചെലവ് - ₹219506<br>ബിൽ നം., തീ. -102/18.11-2015<br>എം.ബുക്ക് നം. 62/15-16 | 14.49 | 102281.72 | 97079.52 | 5202.2 |
| 4 | പോലീസ് സ്റ്റേഷൻ- ചന്തക്കടവ് റോഡ് കോൺക്രീറ്റ്<br>പ്രോജക്റ്റ് നം. - S0075/16<br>അടങ്കൽ - ₹90000<br>കൺവീനർ - ശ്രീ വി.സി ചാക്കോ, വലിയകാലായിൽ, തോട്ടമൺ<br>ചെലവ് - ₹89075<br>ബിൽ നം., തീ. - 47/17-03-2016<br>എം.ബുക്ക് നം.38/15-16 | 5.88 | 41505.63 | 39394.59 | 2111.04 |
| 5 | പ്രോജക്റ്റ് നം. - S0024/16<br>അടങ്കൽ - ₹75000<br>കൺവീനർ - ശ്രീ തോമസ്<br>ചെലവ് - ₹253936<br>ബിൽ നം., തീ. - 19/31.10-2015<br>എം.ബുക്ക് നം. 68/15-16 | 16.763 | 118326.33 | 112308.08 | 6018.25 |
| 6 | പ്രോജക്റ്റ് നം. - S0021/16<br>അടങ്കൽ - ₹ 75000<br>കൺവീനർ - ശ്രീ.അനിൽ, ,<br>ചെലവ് - ₹73851 | 4.78 | 33740.97 | 32024.85 | 1716.12 |

| | | | | | |
|---|---|---|---|---|---|
| | ബിൽ നം., തീ. - 13/14-10-2015<br>എം.ബുക്ക് നം.42/15-16 | | | | |
| 7 | പ്രോജക്റ്റ് നം. - S00183/16<br>അടങ്കൽ - ₹70000<br>കൺവീനർ - ശ്രീ കൃഷ്ണൻകുട്ടി. ,<br>ചെലവ് - ₹389702<br>ബിൽ നം., തീ. - 6/19-09-2015<br>എം.ബുക്ക് നം.26/15-16 | 4.60 | 32470.39 | 30818.9 | 1651.49 |
| 8 | പ്രോജക്റ്റ് നം. - S0072/16<br>അടങ്കൽ - ₹300000<br>കൺവീനർ - ശ്രീ വർഗ്ഗീസ് ,<br>ചെലവ് - ₹498765<br>ബിൽ നം., തീ. - 11/14-01-2016<br>എം.ബുക്ക് നം.17/15-16 | 33.075 | 233469.15 | 221594.56 | 11874.59 |
| 9 | പ്രോജക്റ്റ് നം. - S0079/16<br>അടങ്കൽ - ₹211000<br>കൺവീനർ - ശ്രീ കൃഷ്ണൻക്കുറുപ്പ് ,<br>ചെലവ് - ₹249845<br>ബിൽ നം., തീ. - 222/31-3-2016<br>എം.ബുക്ക് നം.15 /15-16 | 16.493 | 116420.46 | 110499.14 | 5921.32 |
| 10 | പ്രോജക്റ്റ് നം. - S00195/16<br>അടങ്കൽ - ₹200000<br>കൺവീനർ - ശ്രീ സാബുമാത്യു<br>ചെലവ് - ₹398300 | 32.90 | 232233.86 | 220422.1 | 11811.76 |

| | | | | | |
|---|---|---|---|---|---|
| | ബിൽ നം., തീ. - 103/18-11-2015<br>എം.ബുക്ക് നം. - 76/15-16 | | | | |
| 11 | പ്രോജക്റ്റ് നം. - S00230/16<br>അടങ്കൽ - ₹250000<br>കൺവീനർ - ശ്രീമതി. നിഷ,ഹാഷിം മൻസിൽ<br>ചെലവ് - ₹19378<br>ബിൽ നം., തീ. - 71/31-10-2015<br>എം.ബുക്ക് നം. - 49/15-16 | 13.61 | 96070 | 91183.73 | 4886.26 |
| 12 | പ്രോജക്റ്റ് നം. - S00232/16<br>അടങ്കൽ - ₹300000<br>കൺവീനർ - ശ്രീ ഷിബു.പി.കെ<br>ചെലവ് - ₹184512<br>ബിൽ നം., തീ. - 79/22-09-2015<br>എം.ബുക്ക് നം.76/15-16 | 12.180 | 85975.94 | 81603.08 | 4372.86 |
| 13 | പ്രോജക്റ്റ് നം. - S0042/16<br>അടങ്കൽ - ₹250000<br>കൺവീനർ - ശ്രീ ചെല്ലപ്പൻ<br>ചെലവ് - ₹87108<br>ബിൽ നം., തീ. - 13/17-08-2015<br>എം.ബുക്ക് നം.45/15-16 | 5.75 | 40587.99 | 38523.62 | 2064.37 |
| 14 | പ്രോജക്റ്റ് നം. - S0077/16<br>അടങ്കൽ - ₹<br>കൺവീനർ - ശ്രീ കെ.ബാബു | 29.70 | 209645.77 | 198982.87 | 10662.89 |

| | | | | | |
|---|---|---|---|---|---|
| | ചെലവ് - ₹449920<br>ബിൽ നം., തീ. - 59c/18-11-2015<br>എം.ബുക്ക് നം. 33/15-16 | | | | |
| 15 | പ്രോജക്റ്റ് നം. - S00220/16<br>അടങ്കൽ - ₹<br>കൺവീനർ - ശ്രീ സേതു,പാലവിളയിൽ<br>ചെലവ് - ₹497657<br>ബിൽ നം., തീ. - 220/20-02-2016<br>എം.ബുക്ക് നം. - 80/15-16 | 32.850 | 231880.92 | 220087.12 | 11793.81 |
| 16 | പ്രോജക്റ്റ് നം. - S00132/16<br>അടങ്കൽ - ₹<br>കൺവീനർ - ശ്രീ കൃഷ്ണൻകുട്ടി<br>ചെലവ് - ₹359480<br>ബിൽ നം., തീ. - 009/19-09-2015<br>എം.ബുക്ക് നം.27/15-16 | 23.730 | 167504.85 | 158985.3 | 8519.54 |
| 17 | പ്രോജക്റ്റ് നം. - S00134/16<br>അടങ്കൽ - ₹<br>കൺവീനർ - ശ്രീ.രവികമാർ<br>ചെലവ് - ₹497968<br>ബിൽ നം., തീ. - 30/31=10-2015<br>എം.ബുക്ക് നം.66/15-16 | 15.41 | 108775.8 | 103243.3 | 5532.5 |
| 18 | പ്രോജക്റ്റ് നം. - S0031/16<br>അടങ്കൽ - ₹<br>കൺവീനർ - ശ്രീ.ജോസ്.പി.ചോക്കോ | 19.463 | 137385.04 | 130397.43 | 6987.61 |

| | | | | | |
|---|---|---|---|---|---|
| | ചെലവ് - ₹294738<br>ബിൽ നം., തീ. - 003/19-09-2015<br>എം.ബുക്ക് നം. 12/15-16 | | | | |
| 19 | പ്രോജക്ട് നം. - S0045/16<br>അടങ്കൽ - ₹<br>കൺവീനർ - ശ്രീ ഷിബു.ജി.പറക്കോട്ട്<br>ചെലവ് - ₹449920<br>ബിൽ നം., തീ. - 26/31-10-2015<br>എം.ബുക്ക് നം. 81/15-16 | 29.70 | 209645.77 | 198982.87 | 10662.89 |
| 20 | പ്രോജക്ട് നം. - S001/16<br>അടങ്കൽ - ₹<br>കൺവീനർ - ശ്രീ ചന്ദ്രശേഖരൻ നായർ,മേക്കര, പുതുശ്ശേരിമല<br>ചെലവ് - ₹498765<br>ബിൽ നം., തീ. - 1&6/16-9-2015<br>എം.ബുക്ക് നം. 19/15-16 | 33.075 | 233469.15 | 221594.56 | 11874.59 |
| | ആകെ | | | | 133471.07. |

അധിക നിരക്ക് നൽകിയതു മൂലം ഗ്രാമപഞ്ചായത്തിനു നഷ്ടമായ 133471 രൂപയുടെ നഷ്ടം എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ പറക്കോട് ബ്ലോക്ക്, അസി.എക്സി.എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-19 അഗതികൾക്ക് പാലിയേറ്റീവ് പരിചരണത്തിനും മെഡിക്കൽ ക്യാമ്പിനുമായി സമാന്തര പദ്ധതി - ക്രമ വിരുദ്ധം

ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് പാലിയേറ്റീവ് പരിചരണത്തിനും മെഡിക്കൽ ക്യാമ്പിനുമായി സമാന്തര പദ്ധതി നടപ്പാക്കി വരുന്നു.

തദ്ദേശ ഭരണ വകുപ്പിന്റെ 23-8-2012 ലെ ജി.ഒ.(എം.എസ്) 228/12 നംപർ ആയുള്ള നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ് എന്ന് പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ പ്രകാരം സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. [ജി.ഒ.(എം.എസ്)നം.362/13/ത.സ്വ.ഭ.വ., തീ. 16.11.13]. ഇതനുസരിച്ച് ക്യാൻസർ, ക്ഷയം, എയിഡ്സ്, ഹൃദ്രോഗം, വൃക്ക/മസ്തിഷ്ക രോഗങ്ങൾ തുടങ്ങിയവയ്ക്ക് ഇരയായിട്ടുള്ള അഗതികളുടെ ചികിത്സക്കായി സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ലഭ്യമാക്കേണ്ടതും, ഇതിന് മെഡിക്കൽ ക്യാമ്പ് ആശ്രയ പുനരധിവാസ പദ്ധതിയുടെ ഭാഗമായി നടത്തേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

നഗരസഭയിലെ ആശ്രയ ഗുണഭോക്താക്കൾക്ക് പാലിയേറ്റീവ് പരിചരണത്തിനും മെഡിക്കൽ ക്യാമ്പിനുമായി മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി SO207/16 നമ്പരായി പ്രത്യേക പദ്ധതി നടപ്പാക്കിയിട്ടുണ്ട് (അടങ്കൽ 180000). 23.02.16 മുതൽ

27.2.16 വരെ തീയതികളിൽ നടത്തിയ മെഡിക്കൽ ക്യാംപ്, മരുന്നുകൾ എന്നീ ഇനങ്ങളിൽ 180000 രൂപ വികസന ഫണ്ട് ചെലവഴിച്ചു. അഗതികൾക്ക് പാലിയേറ്റിവ് പരിചരണവും മെഡിക്കൽ ക്യാംപും ആശ്രയ പുനരധിവാസ പദ്ധതിയുടെ ഭാഗമായി നടപ്പാക്കേണ്ടതും,ആയതിന് പുനരധിവാസ ഫണ്ട് വിനിയോഗിക്കേണ്ടതാണെന്നും, മെഡിക്കൽ ക്യാംപിനായി വികസനഫണ്ട് ഉപയോഗിക്കാൻ പാടില്ലെന്നും 2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരുന്നു. മാത്രമല്ല, മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്തവർക്ക് നൽകിയ ഹോണറേറിയം കൈപ്പറ്റിയവരിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടേത് കൂടാതെ ,പാലിയേറ്റീവ് നഴ്സ് ,ലാബ് ടെക്നീഷ്യൻസ്, ഫാർമസിസ്റ്റ്, ജെ.എച്ച്.ഐ. എന്നിവരും ഉൾപ്പെടുന്നു. ക്യാമ്പിൽ പങ്കെടുക്കുക എന്നത് ഇവരെ സംബന്ധിച്ചിടത്തോളം പ്രത്യേക ജോലിയായി കണക്കാക്കാൻ കഴിയില്ല. ആയതിനാൽ ഇവർക്ക് വേണ്ടി ഹോണറേറിയമിനത്തിൽ ചെലവഴിച്ച 6400(2000+1000+1800+1600) രൂപ ഓഡിറ്റിൽ നിരാകരിക്കുകയും ബാക്കി 11600(18000 – 6400) രൂപ മാർഗ്ഗനിർദ്ദേശത്തിനു വിരുദ്ധമായ ചെലവായതിനാൽ തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

## 3-20 പ്രവൃത്തികളുടെ ബില്ലുകളിൽനിന്നും ഈടാക്കിയ നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതം ഒടുക്കു വരുത്തിയതിന് രേഖയില്ല

2015-16 വർഷം മുനിസിപ്പൽ എഞ്ചിനീയർ നടപ്പിലാക്കിയ വിവിധ മരാമത്ത് പ്രവൃത്തികളുടെ ബില്ലുകളിൽനിന്നും ഈടാക്കിയ നിർമ്മാ തൊഴിലാളി ക്ഷേമനിധി വിഹിതം (ഡി.ഡി.യുടെ പകർപ്പ് വർക്ക് ഫയലിൽ സൂക്ഷിച്ചിട്ടില്ല) 532105 രൂപ വിവിധ ഡി.ഡി കൾ പ്രകാരം ക്ഷേമനി ബോർഡിന് അയച്ചു നൽകിയിട്ടുള്ളതായി ഫയലിൽ രേഖപ്പെടുത്തലുണ്ട്. എന്നാൽ പ്രസ്തുത തീയതികളിലെ ഡെസ്പാച്ച് രജിസ്റ്ററിൽ അയയ്ക്കുന്നതാ എഴുതിച്ചേർത്തിട്ടുണ്ടെങ്കിലും അയച്ചതായി കാണുന്നല്ല . 2015-16 വർഷം ഈ ഇനത്തിലുള്ള 240594 രൂപ ഡി.ഡി.റീവാലിഡേറ്റ് ചെയ്ത് തന ഫണ്ടിൽ ഒടുക്ക് വന്നിട്ടുണ്ട്.ഇതിൽ നിന്നും ക്ഷേമനിധി വിഹിതമിനത്തിൽ ബില്ലിൽ കുറവു ചെയ്ത് ഡി.ഡി. ആക്കുന്നുണ്ടെങ്കിലും യഥാസമ ഒടുക്കുവരുത്തുന്നില്ലെന്ന് വ്യക്തമാകുന്നു. ഫയലിൽ ഇതു സംബന്ധിച്ച യാതൊരു വിശദാംശങ്ങളും രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ നിജസ്ഥി വ്യക്തമല്ല. ആയതിനാൽ തുകയുടെ കൈപ്പറ്റ് വിവരം ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഈ ഇനത്തിലുള്ള ചെലവ് ഓഡിറ്റിൽ നിരാകരി നിർവ്വഹണ അധികാരിയുടെ ബാദ്ധ്യതയായി നിർണ്ണയിക്കുന്നതാണ്.

## 3-21 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലെ അപാകതകൾ

തൻവർഷം നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകളുടെ സൂക്ഷിപ്പിലും ഉണ്ടായ അപാകതകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. ടെണ്ടർ നടപടികൾ സുതാര്യമായിരുന്നില്ല. കരാറുകാർ മുഖേന ചെയ്ത എല്ലാ പ്രവൃത്തികൾക്കും രണ്ട് ടെണ്ടറുകൾ മാത്രമാണ് ലഭിച്ചത്. എസ്റ്റിമേറ്റ് റേറ്റിലാണ് എല്ലാ ടെണ്ടറുകളും അംഗീകരിക്കപ്പെട്ടത്.

2. നികുതിയിനത്തിൽ ബില്ലിൽനിന്നും ഈടാക്കുന്ന തുകകളുടെ,ചെല്ലാൻ പകർപ്പ്, ഡി.ഡി.യുടെ പകർപ്പ്, തുക അടവാക്കുന്നതിന്റെ വിശദാംശം എന്നിവ ക്രമ പ്രകാരം സൂക്ഷിച്ചിട്ടില്ല.

3. ടെന്റർ ഫോം വിതരണ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. നമ്പർ 83 പ്രകാരമുള്ള ടെന്റർ ക്ഷണിച്ചുകൊണ്ടുള്ള നോട്ടീസ് ഫോം ആണ് ടെന്റർ ഫോമിന് പകരം നൽകിയിട്ടുള്ളത്. ഇതിൽ ഫോം വില മറ്റ് യാതൊരു രേഖപ്പെടത്തലുകളും വരുത്തിയിട്ടില്ല.

4. എഗ്രിമെന്റ് രജിസ്റ്ററിൽ സെക്യൂരിറ്റി തുകയുടെ വിശദാംശങ്ങൾ, ഭരണാനുമതി,സാങ്കേതികാനുമതി എന്നിവ ലഭിച്ചതിന്റെ വിവരം, പൂർത്തീകരണ തീയതി എന്നിവ രേഖപ്പെടത്തിയിട്ടില്ല.

5. ടെന്റർ രജിസ്റ്ററിൽ എല്ലാ കോളങ്ങളിലും കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തി പൂർത്തീകരിച്ചിട്ടില്ല.

6. പ്രവർത്തികളുടെ കോൺട്രാക്ട് ബില്ല് തയ്യാറാക്കുന്നില്ല.

7. ഗുണഭോക്തൃസമിതികൾ മുഖേന ചെയ്ത പ്രവൃത്തികളുടെ രേഖകൾ സുതാര്യമല്ല. കൺവീനറുടെയും ചെയർമാന്റെയും പേരിലുള്ള അക്കൗണ്ടിലൂടെയുള്ള പണമിടപാടുകൾ പരിശോധിക്കുകയോ, പാസ്സ് ബുക്കിന്റെ പകർപ്പ് വാങ്ങുകയോ ചെയ്തിട്ടില്ല. കൺവീനറുടെയും അംഗങ്ങളുടെയും എഗ്രിമെന്റ് എന്ന പേരിൽ യാതൊന്നും രേഖപ്പെടുത്താത്ത മുദ്രപ്പത്രം മാത്രമാണ് ഫയലിൽ ഉള്ളത്. (കൺവീനർ പ്രവൃത്തികൾ സംബന്ധിച്ച പ്രത്യേക ഖണ്ഡിക ഉൾപ്പെടുത്തിയിട്ടുണ്ട്.).മേൽ അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-22 കൺവീനർ നടപ്പാക്കുന്ന പ്രവർത്തികളിൽ സുതാര്യത ഉറപ്പാക്കുന്നില്ല

കേരള മുനിസിപ്പാലിറ്റി പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടങ്ങളിലെ, ചട്ടം 13-ൽ ഗുണഭോക്തൃസമിതി മുഖേന പണികൾ നടത്തുന്നതിനായുള്ള നടപടി ക്രമങ്ങൾ വ്യക്തമായി വിവരിച്ചിട്ടുണ്ട്. കൂടാതെ എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ 13.03.13-ലെ സർക്കുലർ നം. HD/EE/LSGD/12/13 പ്രകാരം ടി വിഷയം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ അസി. എഞ്ചിനീയർമാർക്കും നൽകിയിരുന്നു. എന്നാൽ പൊതുമരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങളും, സർക്കാർ നിർദ്ദേശങ്ങളും പാടെ അവഗണിച്ചാണ് ഗുണഭോക്തൃസമിതികൾ മുഖാന്തിരം മരാമത്ത് പ്രവൃത്തികൾ നടത്തിയിട്ടുള്ളത്. പൊതുമരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങളിലെ ചട്ടം 13(2)-ൽ ഗുണഭോക്തൃസമിതി രൂപീകരിക്കേണ്ടത് എപ്രകാരമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചട്ടത്തിലെ വ്യവസ്ഥകൾ പാലിച്ചല്ല ഗുണഭോക്തൃസമിതികൾ രൂപീകരിച്ചിട്ടുള്ളത്. ചട്ടം 13(6) പ്രകാരം പൊതുമരാമത്ത് പണിക്കുപയോഗിക്കുന്ന സാധനങ്ങളുടെ തരവും, അളവും, വിലയും തൊഴിലാളികളുടെ എണ്ണവും, കൂലിയും മറ്റു ബന്ധപ്പെട്ട കണക്കുകളും ഗുണഭോക്തൃ സമിതിയുടെ കൺവീനർ എഴുതി സൂക്ഷിക്കേണ്ടതും പണി പൂർത്തിയാക്കുന്ന മുറയ്ക്ക് നഗരസഭ സെക്രട്ടറിയെ ഏൽപ്പിക്കേണ്ടതുമാണ്. 13.03.13-ലെ എൽ.എസ്.ജി.ഡി. എക്സി. എഞ്ചിനീയറുടെ സർക്കുലർ പ്രകാരം ഗുണഭോക്തൃസമിതി കൺവീനർമാർ വർക്ക് ബില്ലുകൾ സമർപ്പിക്കുമ്പോൾ പ്രവൃത്തിക്ക് ഉപയോഗിച്ച എല്ലാ സാധന സാമഗ്രികളുടെയും ക്യാഷ് ബിൽ അസി. എഞ്ചിനീയർ നിർബന്ധമായും ക്വാളിറ്റി സർട്ടിഫൈ ചെയ്യേണ്ടതും, ബന്ധപ്പെട്ട അസി. എക്സി. എഞ്ചിനീയർ മേലൊപ്പിടേണ്ടതും നിർബന്ധമാണ്. മസ്റ്റർ റോൾ കൺവീനർ ഒപ്പിടേണ്ടതും, അസി.എഞ്ചിനീയറും, അസി.എക്സി. എഞ്ചിനീയറും മേലൊപ്പിടേണ്ടതുമാണ്. എല്ലാ ക്യാഷ് ബില്ലിലും കൺവീനർ 'Paid by me' എന്ന് എഴുതി ഒപ്പിടേണ്ടതാണ്. അല്ലാതെ സമർപ്പിക്കുന്ന ബില്ലുകളുടെ ഉത്തരവാദിത്വം അസി. എഞ്ചിനീയർ, അസി. എക്സി.എഞ്ചിനീയർ എന്നിവർക്കായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ടി വ്യവസ്ഥകൾ ഒന്നും നഗരസഭയിലെ കൺവീനർ പ്രവൃത്തികളുടെ കാര്യത്തിൽ പാലിച്ചിട്ടില്ല. ഗുണഭോക്തൃസമിതിയാണ് പ്രവൃത്തി നടത്തിയതെന്ന് അനുമാനിക്കത്തക്കതായി കൺവീനറെ തെരഞ്ഞെടുത്തുകൊണ്ടുള്ള മിനിട്ട്സ് ബുക്ക് മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. കൺവീനർമാർ ആരും തന്നെ പണിനടത്തുന്നതിലേക്കായി നഗരസഭയിൽനിന്നും മൊബലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയിട്ടില്ലാത്തതിനാലും, തുകയുടെ സമാഹരണം

സംബന്ധിച്ച് ഗുണഭോക്തൃ സമിതി മിനിറ്റ്സിൽ ഒരിടത്തും സൂചിപ്പിച്ചിട്ടില്ല. സാധനങ്ങൾ വാങ്ങിയതിന്റെ ബില്ലുകൾ, യഥാർത്ഥത്തിൽ ഗുണഭോക്തൃ സമിതിയ്ക്ക് ചെലവായ തുക ഉടങ്ങിയ വിശദാംശങ്ങൾ എന്നിവയുടെ അഭാവം പ്രവർത്തികൾ സുതാര്യമല്ല എന്ന് വ്യക്തമാക്കുന്നു. മാത്രമല്ല 1999 ലെ ഗുണഭോക്തൃ സമിതി പ്രവൃത്തികളുടെ മാർഗ്ഗരേഖയിൽ, ഗുണഭോക്തൃ സമിതി പ്രവൃത്തികൾക്ക് യഥാർത്ഥത്തിൽ കൺവീനർക്ക് ചെലവാകുന്ന തുക അല്ലെങ്കിൽ പ്രവൃത്തി മൂല്യം ഇതിൽ ഏതാണോ കുറവ് അത് മാത്രമേ നൽകാവൂ എന്നനുശാസിക്കിന്നു. എന്നാൽ നഗരസഭ നടപ്പാക്കിയ ഒരു പ്രവർത്തികളിലും പ്രസ്തുത കണക്ക് സൂചിപ്പിച്ചിട്ടില്ലാത്തതിനാൽ നൽകിയ തുകയുടെ സാധുത വ്യക്തമാകുന്നില്ല. 2014-15 സാമ്പത്തിക വർഷത്തെ റിപ്പോർട്ടിൽ ബിനാമി ഇടപാടിന്റെ സാധ്യതകൾ വ്യക്തമാക്കിയിരുന്നെങ്കിലും ടി ഓഡിറ്റ് വർഷവും ആയതാവർത്തിക്കപ്പെട്ടത് നഗരസഭയുടെ ഭാഗത്തുനിന്നുണ്ടായ കടുത്ത അനാസ്ഥയായും ഓഡിറ്റ് റിപ്പോർട്ടിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിലുള്ള വീഴ്ചയുമായി ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ ടി പ്രവർത്തികൾ സംബന്ധിച്ച് ഭരണവകുപ്പിന്റെ സമഗ്ര പരിശോധനയ്ക്ക് ഓഡിറ്റ് ശുപാർശ ചെയ്യുന്ന

## 3-45 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - അവലോകനം

2015-16സാമ്പത്തിക വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുടെ അവലോകനം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2015-16സാമ്പത്തിക വർഷം തൊഴിൽ കാർഡ് എടുത്തവരുടെ എണ്ണം | 42 |
| 2015-16സാമ്പത്തിക വർഷം പദ്ധതിയുമായി സഹകരിച്ചവരുടെ എണ്ണം | 1125 |
| ടി- വർഷം തൊഴിൽ ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | 925 |
| 100ദിവസത്തേയ്ക്കുള്ള തൊഴിൽ ഒന്നിച്ച് ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | ഇല്ല |
| നഗരസഭയിലെ ആകെ അയൽക്കൂട്ടങ്ങളുടെ എണ്ണം | 215 |
| തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം | 210 |
| നഗരസഭയിലെ ആകെ വാർഡുകളുടെ എണ്ണം | 32 |
| ലേബർ ബഡ്ജറ്റ് തയ്യാറാക്കിയ വാർഡുസഭകളുടെ എണ്ണം | 32 |
| ലേബർ ബഡ്ജറ്റ് പ്രകാരം വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | 273 |
| സാങ്കേതിക അനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം | 124 |
| തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 110 |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം | 15488 |
| സാമ്പത്തിക വർഷത്തെ ലേബർ ബഡ്ജറ്റിന്റെ അടങ്കൽ | 13155000രൂപ |
| തൻവർഷം അനുവദിച്ച തുക | 3288750 |
| തൻവർഷം ചെലവഴിച്ച തുക | 2912424 |

2015-16 സാമ്പത്തിക വർഷം 273 പ്രവൃത്തികൾ വിഭാവനം ചെയ്തുവെങ്കിലും 110 പ്രവൃത്തികൾ മാത്രമാണ് പൂർത്തീകരിച്ചത്. പദ്ധതികൾ അംഗീകരിച്ച് കിട്ടാൻ വൈകിയതും, ഫണ്ടിന്റെ അപര്യാപ്തതയുമാണ് കാരണമെങ്കിലും പദ്ധതിയുടെ നടത്തിപ്പ് തൃപ്തികരമല്ല. 215 അയൽക്കൂട്ടങ്ങളുള്ള നഗരസഭയിൽ 2015-16സാമ്പത്തിക വർഷം 15488 തൊഴിൽ ദിനങ്ങൾ മാത്രമാണ് സൃഷ്ടിക്കപ്പെട്ടത്. അതായത് ഒരു അയൽക്കൂട്ടത്തിന് വെറും 72തൊഴിൽ ദിനങ്ങൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ഇത് തൊഴിലുറപ്പ് പദ്ധതിയുടെ ഉദ്ദേശ ശുദ്ധിയെ തന്നെ ചോദ്യം ചെയ്യുന്നതാണ്. ടി -പദ്ധതിയുടെ മോണിറ്ററിംഗ് കൃത്യമായി നടത്തി കൂടുതൽ പേരിലേയ്ക്ക് ഇതിന്റെ ഗുണഫലങ്ങൾ എത്തിക്കാൻ ശ്രമിക്കേണ്ടതാണ്.

## 3-46 മുൻകൂർ തുക ക്രമീകരിക്കുന്നില്ല.

കേരള ഫിനാൻഷ്യൽ കോഡ് വാല്യം I അനുച്ഛേദം 99 പ്രകാരം, താൽക്കാലിക അഡ്വാൻസുകൾ, വർക്ക് അഡ്വാൻസുകൾ എന്നിവ കൈപ്പറ്റി മൂന്ന് മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ നഗരസഭയിൽ 1983-84 മുതൽ 2015-16 സാമ്പത്തിക വർഷം വരെ വിവിധ ആവശ്യങ്ങൾക്ക് നൽകിയ മുൻകൂറുകളിൽ വാർഷിക കണക്ക് പ്രകാരം 45,03,230 രൂപ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു. എന്നാൽ രജിസ്റ്റർ പ്രകാരം 4477367/- രൂപയാണ് ക്രമീകരിക്കാൻ അവശേഷിക്കുന്നത്.

നിലവിൽ അഡ്വാൻസ് രജിസ്റ്റർ പ്രകാരം ക്രമീകരിക്കാൻ ബാക്കിയുള്ളവയുടെ വർഷം തിരിച്ച കണക്ക് ചുവടെ ചേർക്കുന്നു. *( വിശദവിവരം അനുബന്ധം-I ആയി ചേർത്തിട്ടുണ്ട്.)*

| വർഷം | തുക |
|---|---|
| 1982-83 | 201 |
| 1983-84 | 30 |
| 1984-85 | 215 |
| 1985-86 | 12136 |
| 1986-87 | 63235 |
| 1987-88 | 21750 |
| 1988-89 | 1570 |
| 1989-90 | 4635 |
| 1990-91 | 4583 |
| 1991-92 | 1355 |

| | |
|---|---|
| 1992-93 | 16993 |
| 1993-94 | 8105 |
| 1994-95 | 1300 |
| 1995-96 | 300 |
| 1996-97 | 320 |
| 1997-98 | 4191 |
| 1998-99 | 1675 |
| 1999-00 | 26930 |
| 2000-01 | 4330 |
| 2001-02 | 339050 |
| 2002-03 | 38312 |
| 2003-04 | 42000 |
| 2004-05 | 38080 |
| 2005-06 | 48980 |
| 2006-07 | 43687 |
| 2007-08 | 53747 |
| 2008-09 | 147000 |
| 2009-10 | 325500 |
| 2010-11 | 308820 |
| 2011-12 | 444800 |
| 2012-13 | 748700 |
| 2013-14 | 358586 |
| 2014-15 | 469251 |
| 2015-16 | 897000 |
| | 4477367 |

വാർഷികക്കണക്കിലെയും രജിസ്റ്ററിലെ കണക്കിലെയും തുകകൾ പൊരുത്തപ്പെടുന്നില്ല. ആയത് കൃത്യമാക്കേണ്ടതാണ്.

വിവിധ ആവശ്യങ്ങൾക്കായി അനുവദിക്കുന്ന മുൻകൂറുകൾ മൂന്നു മാസത്തിനകം ചെലവ് രേഖകൾ ഹാജരാക്കി ക്രമീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക അനുവദിച്ച തീയതി മുതൽ ഈടാക്കുന്ന തീയതി വരെയുള്ള കാലയളവിലെ 18% പലിശ സഹിതം ഈടാക്കേണ്ടതാണ്. ക്രമീകരിക്കാത്ത മുൻകൂറുകൾ ശമ്പളബില്ലിൽ നിന്നും ഈടാക്കുകയോ റവന്യൂ റിക്കവറിയിലൂടെ ഈടാക്കുകയോ ചെയ്യുവാൻ സർക്കുലർ നം: 43/12/ധനം. തീയതി: 24.07.2012 ൽ നിർദ്ദേശിക്കുന്നുണ്ട്. അഡ്വാൻസ് തുകകൾ യഥാസമയം ക്രമീകരിക്കാതിരുന്നവരിൽ നിന്നും തുക ഈടാക്കാൻ നടപടികൾ സ്വീകരിക്കാതിരുന്നത് ബന്ധപ്പെട്ട സെക്ഷന്റെയും സൂപ്രണ്ടിന്റെയും സെക്രട്ടറിയുടെയും വീഴ്ചയായി വിലയിരുത്തുന്നു. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും ഈ വിഷയം നഗരസഭ ഗൗരവത്തോടെയെടുക്കുന്നില്ല എന്നത് ഭരണവകുപ്പിന്റെ അടിയന്തിര ശ്രദ്ധയിൽ പെടുത്തുന്നു.

2015-16-ൽ നല്കിയ മുൻകൂറുകൾ ചെലവ് രേഖകൾ ഹാജരാക്കിയിട്ടുള്ളപക്ഷം കാലതാമസത്തിന് പലിശ ഈടാക്കി ക്രമീകരിക്കേണ്ടതും അല്ലാത്തപക്ഷം മുൻകൂർ തുക പലിശ സഹിതം ഈടാക്കുകയും ചെയ്ത് ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

## 3-47 58.26 ലക്ഷം രൂപയുടെ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ഇല്ല

നഗരസഭ 2007-08 വർഷം മുതൽ ഏറ്റെടുത്ത വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു. ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുകകൾ മുൻകൂറായാണ് നൽകുന്നത്. ആയതിനാൽ ഡെപ്പോസിറ്റ് തുകകൾ മുൻകൂർ രജിസ്റ്ററിൽ ചേർത്ത് പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കി തുകകളുടെ ക്രമീകരണം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതായിരുന്നു. എന്നാൽ നഗരസഭയിൽ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിവരം പ്രത്യേകം എഴുതി സൂക്ഷിക്കുകയോ, മുൻകൂർ രജിസ്റ്ററിൽ ഉൾപ്പെടുത്തുകയോ ചെയ്യുന്നില്ല. ആയതിനാൽ മുൻകാലങ്ങളിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള എത്ര പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ടെന്നും, എത്ര തുക ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ടെന്നും മനസ്സിലാക്കുന്നതിന് യാതൊരു നിർവ്വാഹവുമില്ല. ഓഡിറ്റിന് ലഭ്യമായ രേഖകൾ പ്രകാരം പൂർത്തീകരണ വിവരം ലഭ്യമല്ലാത്ത പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| *ക്രമ നം.* | *വർഷം* | *പ്രവൃത്തിയുടെ പേര്* | *ഡെപ്പോസിറ്റ് തുക* |
|---|---|---|---|
| 1 | 2007-08 | കേരള വാട്ടർ അതോറിറ്റി - പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 17250 |
| 2 | " | ചാപ്പൽപടി തൈക്കാവ് പൈപ്പ് ലൈൻ | 87000 |

| | | | |
|---|---|---|---|
| | | സ്ഥാപിക്കൽ | |
| 3 | “ | ഇലക്ട്രിക് ലൈൻ നീട്ടൽ | 300228 |
| 4 | 2008-09 | സമ്പൂർണ്ണ കുടിവെള്ള പദ്ധതി | 130000 |
| 5 | 2009-10 | താഴെവെട്ടിപ്പുറം - കൊട്ടക്കാവ് കുടിവെള്ള പദ്ധതി | 230000 |
| 6 | “ | 19-ാം വാർഡിൽ മരുത്തേത്തുപടി കൊച്ചുവിളപടിയിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 27885 |
| 7 | 2010-11 | കണ്ണങ്കര – വലഞ്ചുഴി റോഡിൽ വലഞ്ചുഴി പള്ളിമുരുപ്പേൽവരെ വാട്ടർ പൈപ്പ് ലൈൻ നീട്ടൽ | 89360 |
| 8 | “ | 23-ാം വാർഡിൽ വാട്ടർ അതോറിറ്റി ജലസംഭരണി മുതൽ പുതിയത്ത്ഭാഗം വരെ പൈപ്പ് ലൈൻ നീട്ടൽ | 28125 |
| 9 | 2011-12 | വിവിധ വാർഡുകളിലെ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, അറ്റകുറ്റപ്പണികൾ | 223650 |
| 10 | “ | 14-ാം വാർഡിൽ കമ്പഴ കളഞ്ഞിഭാഗത്ത് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 90000 |
| 11 | “ | വിവിധ വാർഡുകളിലെ ഇലക്ട്രിക് സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 432850 |
| 12 | | 8-ാം വാർഡിലെ വിവിധ ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ | 98820 |
| 13 | | 24, 25 വാർഡുകളിലെ വിവിധ ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ | 187000 |
| 14 | 2012-13 | കമ്പാങ്ങൾ - ചാഞ്ഞപാറക്കൽ റോഡിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 110000 |
| 15 | “ | വിവധ വാർഡുകളിലെ ഇലക്ട്രിക് സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 750000 |
| 16 | 2013-14 | വാർഡ് 26-ൽ അഴൂർ ജംഗ്ഷൻ ഭാഗത്തേക്ക് കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ | 1000000 |
| 17 | “ | വാർഡ് 2-ൽ നന്നുവക്കാട് - ഊപ്പമല കോളനി ഭാഗത്തേക്ക് കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 729000 |
| 18 | “ | വാർഡ് 26-ൽ മുരുപ്പേൽ ഭാഗത്ത് ചെറുകിട കുടിവെള്ള പദ്ധതി | 100000 |
| 19 | “ | 27-ാം വാർഡിൽ ജിതിൻ വിഹാർപടി റോഡിൽ ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ | 49523 |
| 20 | “ | 19-ാം വാർഡിൽ കിണറുവിള്ളിപ്പടി - കൊക്കാട്ടുപടി കോളനി റോഡിൽ ഇലക്ട്രിക്കൽ ലൈൻ നീട്ടൽ (എസ്.സി.പി.) | 39575 |
| 21 | 2014-15 | വാർഡ് 26-ൽ അഴൂർ ജംഗ്ഷൻ ഭാഗത്തേക്ക് കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ | 400000 |
| 22 | “ | കളത്തൂർ പുളിപ്പുര മഠത്തിൽ കിഴക്കേതിൽപടി പടിഞ്ഞാറ്റേമുരുപ്പ് കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 104000 |
| 23 | “ | വിവിധ വാർഡുകളിൽ ഇലക്ട്രിക് സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 170891 |

| | | | |
|---|---|---|---|
| 24 | “ | 8-ാം വാർഡിൽ ഇലക്ട്രിക് സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 31100 |
| 25 | 2015-16 | വാർഡ് 32-ൽ പാലശ്ശേരി കോളനിയിൽ കുടിവെള്ളമെത്തിക്കൽ | 400000 |
| | | ആകെ | 5826257 |

മേൽപറഞ്ഞ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-48 മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല - 2013670 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

2015-16 വർഷം അവസാന പോയ് മെന്റ് നൽകിയിട്ടുള്ള താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ ആവർത്തിച്ച് ആവശ്യപ്പെട്ടെങ്കിലും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/17.01.2017) നിർവ്വഹണ ഉദ്യോഗസ്ഥനായ എൽ.എസ്.ജി.ഡി. അസി. എക്സി. എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ചെലവ് | ചെലവിന്റെ വിവരം |
|---|---|---|---|---|
| 1 | 173/16 | സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി, ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് | 799080 | 3/15-16/MGNR 30.09.15 |
| 2 | 175/16 | കുട്ടികളുടെ പാർക്ക് നവീകരണം | 299700 | 2/15-16/MGNR 22.07.15 |
| 3 | 180/16 | പ്രീമെട്രിക് ഹോസ്റ്റൽ അറ്റകുറ്റപ്പണികൾ | 498567 | 7/15-16/A 30.09.15 |
| 4 | 190/16 | ആനപ്പാറ നൗഷാദ് പടി റോഡ് സംരക്ഷണഭിത്തി നിർമ്മാണം | 216323 | 35/15-16 /A-GEN 31.03.16 |
| 5 | 250/16 | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 200000 | 20/15-16 /A-GEN 27.02.16 |
| | | ആകെ | 2013670 | |

കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12(2) പ്രകാരം ഓഡിറ്റർ രേഖാമൂലം ആവശ്യപ്പെടുന്ന രേഖകളോ കണക്കോ നൽകാൻ വീഴ്ച വരുത്തിയാൽ അത്തരം രേഖയോ കണക്കോ നിലവിലില്ല എന്നു കരുതപ്പെടുന്നതും അതനുസരിച്ച് നിഗമനത്തിൽ എത്താവുന്നതുമാണ്. ടി ചെലവുകൾക്കാധാരമായ ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കാത്ത സാഹചര്യത്തിൽ ചെലവിനാധാരമായ രേഖകൾ നിലവിലില്ല എന്ന നിഗമനത്തിൽ ചെലവ് തുകകൾ നിരാകരിക്കുന്നു. ഈ റിപ്പോർട്ട് കിട്ടി 60 ദിവസത്തിനകം ബന്ധപ്പെട്ട ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്ത പക്ഷം നിരാകരിച്ച തുക ഈടാക്കുന്നതിന് സർചാർജ്ജ് നടപടി സ്വീകരിക്കുന്നതാണ്.

## 3-49 റോഡിതര മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു

ഓഡിറ്റ് വർഷം നഗരസഭയ്ക്ക് റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുകയിൽ .. രൂപ വകമാറ്റി ചെലവഴിച്ചു. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണത്തിനും, അവയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമാണ് സർക്കാർ മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കുന്നത്. തദ്ദേശഭരണ സ്ഥാപനത്തിന്റെ തനത് ആസ്തികളുടെ നിർമ്മാണത്തിനും, അറ്റകുറ്റപ്പണികൾ നടത്തുന്നതിനും റോഡിതര മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കുന്നതിന് വ്യവസ്ഥയില്ല. എന്നാൽ ഓഡിറ്റ് വർഷം നഗരസഭ നടപ്പിലാക്കിയ 520000 രൂപ അടങ്കലുണ്ടായിരുന്ന 3പ്രോജക്ടുകൾ കൈമാറികിട്ടിയ ആസ്തികളുടെ സംരക്ഷണത്തനുവേണ്ടി ഉള്ളതായിരുന്നില്ല (ചെലവ് ₹380682). വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് | ചെലവിന്റെ വിവരം |
|---|---|---|---|---|---|
| 1 | 93/16 | വാർഡ് കേന്ദ്രങ്ങൾക്ക് ഫർണിച്ചർ വാങ്ങൽ | 130000 | 0 | -- |
| 2 | 146/16 | വാർഡ് 24-ൽ ലക്ഷംവീട് | 90000 | 80912 | 12/15-16/MGR 31.03.16 |

| | | | | | |
|---|---|---|---|---|---|
| | | കോളനി ടോയ് ലറ്റ് അറ്റകുറ്റപ്പണി | | | |
| 3 | 175/16 | കുട്ടികളുടെ പാർക്ക് നവീകരണം | 300000 | 299770 | 16/15-16/MGNR 31.03.16 |
| | | ആകെ | 520000 | 380682 | |

മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തനത് ആസ്തികളുടെ സംരക്ഷണത്തിനായി പ്രോജക്ട് ആവിഷ്കരിച്ച് ചെലവ് ചെയ്ത തുക (₹380682) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-50 മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയില്ല; റോഡിതര മെയിന്റനൻസ് ഗ്രാന്റ് വിനിയോഗത്തിൽ വൻവീഴ്ച

ഓഡിറ്റ് വർഷം റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഫലപ്രദമായി വിനിയോഗിക്കുന്നതിൽ നഗരസഭ വീഴ്ച വരുത്തി. ആകെ ലഭ്യമായ ഫണ്ടിന്റെ 57.93% മാത്രമാണ് വിനിയോഗിച്ചത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റോഡിതര സംരക്ഷണ ഗ്രാന്റ് വകയിരുത്തിയ പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ | നടപ്പിലാക്കിയത് | ചെലവഴിച്ച തുക | ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| 24 | 11750613 | 14 | 6807140 | 4943473 | 57.93 |

റോഡിതര സംരക്ഷണ ഗ്രാന്റ് വകയിരുത്തി ആവിഷ്കരിച്ച 72.50 ലക്ഷം രൂപ അടങ്കലുള്ള 12 മരാമത്ത് പ്രവൃത്തികളിൽ 8 പ്രവൃത്തികൾ മാത്രമാണ് നടപ്പിലാക്കിയത് (ചെലവ് 38.69 ലക്ഷം). ഏറ്റെടുത്ത പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കാതിരുന്നതിനാൽ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന് ചെലവഴിക്കാമായിരുന്ന 33.8 ലക്ഷം രൂപ ലാപ്സായി. തൻവർഷം സ്കൂളുകളുടെ അറ്റകുറ്റപ്പണികൾ എന്ന പേരിൽ പ്രോജക്ട് നം. 245/16 പ്രകാരം 17.40 ലക്ഷം രൂപ വകയിരുത്തി പ്രോജക്ടിന് അംഗീകാരം വാങ്ങിയെങ്കിലും പ്രവൃത്തി നടത്തുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ, സാങ്കേതികാനുമതി വാങ്ങുകയോ ചെയ്തില്ല. വാർഷിക പദ്ധതിയ്ക്ക് വാലിഡേഷൻ ലഭിക്കുന്നതിന് മാത്രമായി ലഭ്യമായ ഫണ്ട് ലക്ഷ്യ ബോധമില്ലാതെ ഇപ്രകാരമൊരു പ്രോജക്ടിന് വകയിരുത്തുക മാത്രമാണ് ചെയ്തിട്ടുളളത്.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ മേധാവികളിൽനിന്നും മാർഗ്ഗരേഖയിലെ അനുബന്ധം 11 പ്രകാരമുള്ള പ്രോഫോർമയിൽ പ്രോജക്ട് നിർദ്ദേശങ്ങൾ സ്വരൂപിക്കണമെന്നും മെയിന്റനൻസ് പ്ലാനിന് അന്തിമ രൂപം നൽകുന്നതിന് മുമ്പായി സ്ഥാപന മേധാവികളുടെ യോഗം വിളിച്ച് അംഗീകാരം വാങ്ങണമെന്നും, പ്രസ്തുത യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളായിരിക്കണം മെയിന്റനൻസ് പ്ലാനിന്റെ ഭാഗമായി പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട് [പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ - ഖ: 11.1 (x)(b)]. എന്നാൽ ഇപ്രകാരമുള്ള ഒരു മെയിന്റനൻസ് പ്ലാൻ സ്ഥാപനത്തിൽ തയ്യാറിക്കിയിരുന്നല്ല. പദ്ധതിനിർവ്വഹണ മാർഗ്ഗരേഖയ്ക്ക് അനുസൃതമായി മെയിന്റനൻസ് പ്ലാൻ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും, സമയബന്ധിതമായി ഫണ്ട് വിനിയോഗിക്കുന്നതിനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടവാക്കിയ തുക | ഡി.ഡി.നം. | നിർവ്വഹണ സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 227/15-16 | ചക്കുവിളപടി-ചാമവിളപടി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 125000 | 429499 തീയതി 22.7.15 | KWA | പൂർത്തീകരണ രേഖകൾ ലഭ്യമാക്കിയില്ല |
| 2 | 65/15-16 | 27-ാം വാർഡിൽ വൈദ്യുതി ലൈൻ എക്സ്റ്റൻഷൻ | 54600 | 431282 തീയതി 11.9.15 | KSEB | “ |

| | | | | | | |
|---|---|---|---|---|---|---|
| 3 | 37/15-16 | വൈദ്യുതി ലൈൻ എക്സ്റ്റൻഷൻ | 250536 | ബിൽ നം.2/15-16 /14.07.15 | KSEB | " |

കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ഫൈനൽ ബില്ലിന്റെ പകർപ്പും കെ.എസ്.ഇ.ബി യിൽ നിന്നും വിനിയോഗ സാക്ഷ്യപത്രവും വാങ്ങി പ്രവൃത്തികളുടെ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്.

## 4-2 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക ഒന്നും നൽകിയിട്ടില്ല.

## 4-3 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-4 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-5 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-6 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 2-2(ബി) | 2006-07 | 4.10.1 | മുൻകൂർ തുകകൾ ക്രമീകരിക്കാത്തത് സംബന്ധിച്ച് | പരാമർശം നിലനിൽക്കുന്നു |
| 2004-05 | 3-1 | 2010-11 | 5.2.17 | ഖരമാലിന്യ സംസ്കരണം - ദീർഘ വീക്ഷണമില്ലാത്ത പദ്ധതി രൂപീകരണം | പരാമർശം നിലനിൽക്കുന്നു |
| 2004-05 | 3-3 | 2010-11 | 5.6.4 | സി.എഫ്.എൽ-കളുടെ വാർഷിക മെയിന്റനൻസ് - മുൻകൂർ നൽകിയത് | പരാമർശം നിലനിൽക്കുന്നു |

## 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് തുക ഉൾപ്പെടെ) | 153060877 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 119550403 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 247225 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1317099 |

(ബി) നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-4 | | 51408 | ശിവപ്രസാദ്.സി.എസ്, അസി.എൻജിനീയർ |
| 3-5 | | 19946 | ശിവപ്രസാദ്.സി.എസ്, അസി.എൻജിനീയർ |
| 3-9(2) | | 12000 | ഷെർലാ ബീഗം, മുനിസിപ്പൽ സെക്രട്ടറി |
| 3-11 | | 4000 | സി.ഗോപകമാർ, എസ്.സി.ഡെവലപ്മെന്റ് ഓഫീസർ |
| 3-15 | | 20000 | ഒ.ചന്ദ്രമതി, പ്രോജക്ട് ഓഫീസർ (യു.പി.എ) |
| 3-18 | | 133471 | ശിവപ്രസാദ്.സി.എസ്, അസി.എൻജിനീയർ<br>ശ്രീമതി.വി.മായ, അസി.എക്സിക്യൂട്ടീവ് എൻജിനീയർ |
| 3-19 | | 6400 | ഡോ.പ്രശാന്ത്, മെഡിക്കൽ ഓഫീസർ |
| ആകെ | | 247225 | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 43328 | വസുന്ധരാ ദേവി, ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 3-7 | 125000 | ശിവപ്രസാദ്.സി.എസ്, അസി.എൻജിനീയർ |
| 3-9 | 226071 | ഷെർലാ ബീഗം, മുനിസിപ്പൽ സെക്രട്ടറി |
| 3-10 | 803100 | ഷെർലാ ബീഗം, മുനിസിപ്പൽ സെക്രട്ടറി |
| 3-11 | 108000 | സി.ഗോപകമാർ, എസ്.സി.ഡെവലപ്മെന്റ് ഓഫീസർ |
| 3-19 | 11600 | ഡോ.പ്രശാന്ത്, മെഡിക്കൽ ഓഫീസർ |
| ആകെ | 1317099 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | തുക |
|---|---|
| 3-4 | 10230 |

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക - (3-1)

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശിവപ്രസാദ്.സി.എസ്, അസി.എൻജിനീയർ | അസി.എൻജിനീയർ, അടൂർ മുനിസിപ്പാലിറ്റി | ഉണ്ണി ഭവൻ, സദാനന്ദപുരം, കൊട്ടാരക്കര, 691531 |
| സി.ഗോപകമാർ, എസ്.സി.ഡെവലപ്മെന്റ് ഓഫീസർ | വിരമിച്ചു | ഗാന്ധാരം, ചൂരക്കുളങ്ങര, ഏറ്റുമാനൂർ |
| ഡോ.പ്രശാന്ത്, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, ജെനറൽ ഹോസ്പിറ്റൽ, അടൂർ | മഞ്ജുഷ, ശാസ്താംകോട്ട, കൊല്ലം, 680521 |
| ഷെർലാ ബീഗം, മുനിസിപ്പൽ സെക്രട്ടറി | മുനിസിപ്പൽ സെക്രട്ടറി, കരുനാഗപ്പള്ളി മുനിസിപ്പലാറ്റി | സത്യഭവനം, കാക്കക്കുന്ന്.പി.ഒ, ശൂരനാട് |
| ഒ.ചന്ദ്രമതി, പ്രോജക്ട് ഓഫീസർ (യു.പി.എ) | സർവ്വീസിൽ നിന്നും വിരമിച്ചു | ശിവകൃപ, കലയപുരം.പി.ഒ, കൊട്ടാരക്കര |
| ശ്രീമതി.വി.മായ, അസി.എക്സിക്യൂട്ടീവ് എൻജിനീയർ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, പറക്കോട് ബ്ലോക്ക് പഞ്ചായത്ത് | തോട്ടിലേത്ത് വീട്, ഇലവുംതിട്ട.പി.ഒ., പത്തനംതിട്ട |

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1970-71 | എൽ.എഫ്.പി.റ്റി.എ./എംഎൽ-/1136/92 തീയതി: 24.10.2002 | |
| 1971-72 | എൽ.എഫ്.പി.റ്റി.എ./ക്യൂ/പി- 3/1847 തീയതി: 25.11.81 | |
| 1972-73 | എൽ.എഫ്.പി.റ്റി.എ./എംഎൽ /1136/92 തീയതി: 24.10.2002 | |
| 1973-74 മുതൽ 1978-79 വരെ | എൽ.എഫ്.പി.റ്റി.എ./എംഎൽ /1136/92 തീയതി: 24.10.2002 | |
| 1980-81 | എൽ.എഫ്.പി.റ്റി.എ./ക്യൂ1052/82 തീയതി: 13.09.82 | |
| 1981-82 | എൽ.എഫ്.പി.റ്റി.എ.പി- 3/254/86 തീയതി: 04.02.87 | |
| 1982-83 | എൽ.എഫ്.പി.റ്റി.എ.പി- 3/165/85 തീയതി: 04.10.85 | |

| | | |
|---|---|---|
| 1983-84 | എൽ.എഫ്.പി.റ്റി.എ.പി- 3/765/87 തീയതി: 13.02.88 | |
| 1984-85 | എൽ.എഫ്.പി.റ്റി.എ.പി- 3/528/88 തീയതി: 11.08.88 | |
| 1985-86 | എൽ.എഫ്.പി.റ്റി.എ.പി- 3/ 6/90 തീയതി: 11.10.90 | |
| 1986-87 | എൽ.എഫ്.പി.റ്റി.എ./എം.എൽ/ 192/തീയതി: 24.10.92 | |
| 1987-88 | എൽ.എഫ്.പി.റ്റി.എ./എം.എൽ/ 192/തീയതി: 24.10.92 | |
| 1988-89 | എൽ.എഫ്.പി.റ്റി.എ.പി- 2/1246/91 തീയതി:01.08.92 | |
| 1989-90 | എൽ.എഫ്.പി.റ്റി.എ./എം.എൽ /232/93 തീയതി: 22.10.93 | |
| 1990-91 | എൽ.എഫ്.പി.റ്റി.എ.പി- 4/374/94 തീയതി:25.6.94 | |
| 1991-92& 1992-93 | എൽ.എഫ്.പി.റ്റി.എ.പി- 4/970/94 തീയതി:04.03.95 | |
| 1993-94 | എൽ.എഫ്.പി.റ്റി.എ.പി- 4/620/95 തീയതി:04.06.96 | |
| 1994-95 | എൽ.എഫ്.പി.റ്റി.എ.പി- 4/463/96 തീയതി:07.04.97 | |
| 1995-96 | എൽ.എഫ്.പി.റ്റി.എ.പി- 5/142/02 തീയതി:31.03.03 | |
| 1996-97 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി- 4/578/97 തീയതി:12.10.1999 | |
| 1996-97(DCB) | എൽ.എഫ്.പി.റ്റി.എ.പി- 2/656/06 തീയതി:13.04.07 | |
| 1997-98 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി- 4/27/99 തീയതി: 12.01.99 | |
| 1997-98(DCB) | എൽ.എഫ്.പി.റ്റി.എ.പി- 2/657/06 തീയതി: 14.03.07 | |
| 1998-99 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി- 4/240/2000 തീയതി: 02.11.2000 | |
| 1998-99 (DCB) | എൽ.എഫ്.പി.റ്റി.എ.പി- 2/713/06 തീയതി: 31.12.07 | |
| 1999-00 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി- 5/288/03 തീയതി: 16.09.03 | |
| 1999-00 (DCB) | എൽ.എഫ്.പി.റ്റി.എ.പി- 2/714/06 തീയതി:31.12.07 | |
| 2000-01 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി- 6/173/05 തീയതി:15.12.05 | |
| 2000-01 (ജനകീയാസൂത്രണം) | എൽ.എഫ്.പി.റ്റി.എ.പി-6/450/04 തീയതി:14.12.05 | |
| 2000-01 (DCB) | എൽ.എഫ്.പി.റ്റി.എ.പി-2/715/06 തീയതി:31.12.07/31.03.08 | |
| 2001-02 | എൽ.എഫ്.പി.റ്റി.എ.പി-2/374/08 തീയതി:31.07.09 | |
| 2002-03 | എൽ.എഫ്.പി.റ്റി.എ.പി-2/375/08 തീയതി:15.04.09/30.12.09 | |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി-2/681/08 തീയതി:30.01.09/30.10.10 | |
| 2004-05 | എൽ.എഫ്.പി.റ്റി.എ.പി-2/680/08 | |

| | | |
|---|---|---|
| | തീയതി:16.02.09/08.03.11 | |
| 2005-06 | എൽ.എഫ്.പി.റ്റി.എ.പി-2/482/10 തീയതി:14.03.11/09.06.11 | |
| 2006-07 | എൽ.എഫ്.പി.റ്റി.എ.പി-4/418/11 തീയതി:01.12.11/02.03.13 | |
| 2007-08 | എൽ.എഫ്.പി.റ്റി.എ.പി-4/537/12 തീയതി:12.10.12/13.03.13 | |
| 2008-09 & 2009-10 | എൽ.എഫ്.പി.റ്റി.എ.പി- 4/539/12 തീയതി:01.11.2012 | |
| 2010-11 & 2011-12 | എൽ.എഫ്.പി.റ്റി.എ.പി-4/1037/13 തീയതി:08.04.14 | |
| 2012-13 & 2013-14 | കെ.എസ്.എ.പി.റ്റി.എ./പി2 /357/2015, തീ. 08.12.15 | |
| 2014-15 | കെ.എസ്.എ.പി.റ്റി.എ./പി2 /854/2016തീ. 08.08.2016 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

# 1

# Annexure

## അനുബന്ധം-1

നം.കെ.എസ്.എ.പി.റ്റി.എ.പി 2/97/17 തീയതി. 20-02-2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295-ാം വകുപ്പ്, ഇവ അനുസരിച്ചും നഗരപാലിക സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ അടൂർ നഗരസഭയുടെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അടൂർ നഗരസഭയുടെ 2015-16-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

പി.പി.സുരേഷ് കുമാർ

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

No.KSAPTA/P2/97/17 Dated: 20-02-2017

**CERTIFICATE**

Certified that I have examined the Annual Financial Statement of **Adoor Municipality** in Pathanamthitta district for the year ended on 31.03.2016 in accordance with section 4 of the Kerala Local Fund Audit Act 1994, Section 295 of the Kerala Municipality Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Municipal Institutions.

In my opinion, the Financial Statements of **Adoor Municipality** for the year 2015-16 except the observations in my report properly presents the picture of income and expenditure.

**Suresh Kumar P P**
**Senior Deputy Director**

**Kerala State Audit Department**

**Pathanamthitta**